# സത്യദൂതൻ

മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

## ഉള്ളടക്കം


4 യുഗശബ്ദം

5 മുഖക്കുറിപ്പ്

ലേഖനം

6 *ഹജ്ജിന്റെ സന്ദേശം*
ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ്അഹ്മദ് (റ)

9 *ഹാജറയെ ഓർക്കുമ്പോൾ*
ഓർച്ചാർഡ് അഹ്മദ് - കണ്ണൂർ

11 *വാഗ്ദാനം ചെയ്യപ്പെട്ട ശാന്തിയുടെ മസീഹാണ് ഞാൻ*
ഹസ്റത്ത് മിർസാഗുലാം അഹ്മദ് (അ)

13 *മുസ്‌ലിം സഹോദരന്മാരെ, ശ്രദ്ധിക്കുക*
ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ് ഖലീഫത്തുൽ മസീഹ് - IV (റ)

15 *അഹ്മദികൾക്ക് ഹജ്ജ് മുടക്കാൻ പാടില്ല...*
ഹസ്റത്ത് ഇർഫാനി

17 *'ശാഹിദും മശ്ഹൂദും'*
മുഹമ്മദ് ഉമർ എച്ച്. എ.

22 *ഇന്ത്യയും പാകിസ്താനും ഭരണഘടനാപരമായി ആരാണ് ഇസ്‌ലാമിനോടടുത്ത് നിൽക്കുന്നത്.*
എ. എം. മുഹമ്മദ് സലിം

26 *ആദം നബി (അ) ആദ്യ മനുഷ്യനോ?*
ഏ. പി. കുഞ്ഞാമു

29 *പുനരുജ്ജീവനമോ പുനരുത്ഥാനമോ*
ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റ)

31 *'അദൃശ്യകാര്യങ്ങളിലുള്ള വിശ്വാസം*
ഖലീഫത്തുൽ മസീഹ് - IV

കുറിപ്പുകൾ,
വാർത്തകൾ


മുഖചിത്രം : കഅ്ബാ


പുസ്തകം 72
ലക്കം 1
ജനുവരി 2004
സുൽഹ് 1382
ദുൽ ക അദ് - ദുൽഹജ്ജ് 1424



**ചീഫ് എഡിറ്റർ**
മുഹമ്മദ് ഉമർ എച്ച്. ഏ.

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)

കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**അഡീഷണൽ സെക്രട്ടറി പബ്ലിക്കേഷൻ**
പി. എം. അഹ്മദ് ഹസ്സൻ

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം



വരിസംഖ്യ - 100 ക.
ഒറ്റപ്രതി - 10 ക.



*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്**
**കോഴിക്കോട്.**
e-mail:sathyadoothan@ahmadiyya.com



**സ്ഥാപിതം**
**1925**

Printed & Published by A. P. Kunhamoo, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory *Creations*, Calicut

## ഖുർആനിൽ നിന്ന്

അതിൽ (ആ നിശ്ചിത സമയത്തിൽ) വിശ്വസിക്കാത്തവർ അതിനായി ധൃതികൂട്ടുന്നു. വിശ്വസിച്ചവരാകട്ടെ അതിനെ പറ്റി ഭയവിഹ്വലരാണ്. അത് സത്യമാണെന്ന് അവർക്കറിയാം. അറിയുക ആ സമയത്തെ സംബന്ധിച്ചു തർക്കിക്കുന്നവർ വിദൂരമായ മാർഗ്ഗഭ്രംശത്തിലാണ്'.(42:19)

## നബിവചനം

അബൂഹുറൈറ (റ)യിൽ നിന്നു നിവേദനം: രണ്ട് വലിയ ജനവിഭാഗങ്ങൾക്കിടയിൽ ഒരു ഘോരയുദ്ധം സംഭവിക്കുന്നത് വരെ അന്ത്യപ്രളയം സംഭവിക്കില്ല. ആ രണ്ട് വിഭാഗങ്ങളുടേയും ആദർശം ഒന്നുതന്നെയായിരിക്കും......കാലം വേഗം വേഗം കടന്നുപോകും, കൊല വർദ്ധിക്കും. കുഴപ്പങ്ങൾ പൊട്ടിപ്പുറപ്പെടുകയും ഭൂകമ്പങ്ങൾ വർദ്ധിക്കുകയും ചെയ്യുന്നത് വരേക്കും അന്ത്യപ്രളയം സംഭവിക്കില്ല (ബുഖാരി)

# ഭൂകമ്പങ്ങൾ



**ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**

അത്യാഹിതങ്ങളെ സംബന്ധിച്ച് എനിക്ക് അറിയിച്ചു തന്നിട്ടുള്ളത് ഇതാണ്: 'മരണം ലോകത്ത് അതിന്റെ കൈനീട്ടും. ഭൂകമ്പങ്ങൾ കൊടുമയോടെ സംഭവിക്കും. ഖിയാമത്തിന്റെ മാതൃകയായിരിക്കും അതിന്, ഭൂമി അടിമേൽ മറിക്കപ്പെടും. അനേകരുടെ ജീവിതം ദുരന്തപൂർണ്ണമാകും. പശ്ചാത്തപിക്കുന്നവരും പാപങ്ങളിൽ നിന്ന് വിരമിക്കുന്നവരും ആരോ അവരിൽ ദൈവം കരുണ കാണിക്കും. ഈ കാലത്തെ പറ്റി ഓരോ നബിയും പ്രവചിച്ചിട്ടുള്ളതെല്ലാം നിശ്ചയമായും സംഭവിക്കും. എന്നാൽ തങ്ങളുടെ ഉള്ളങ്ങൾ നിർമ്മലമാക്കുകയും ദൈവത്തിന് പ്രീതികരമായ വഴികൾ സ്വീകരിക്കുകയും ചെയ്യുന്നവർക്ക് ഭയപ്പെടാനില്ല. അവർ ദു:ഖിക്കുകയുമില്ല.

**(അൽവസിയ്യത്ത്)**

മുഖക്കുറിപ്പ്

# മനുഷ്യന് ഉപകാരമുള്ളത് ഭൂമിയിൽ നിലനിൽക്കുന്നു

കാല പ്രവാഹ ഗതി ഒരു നേർരേഖയിലൂടെയാണ്. മനുഷ്യന്റെ സൗകര്യത്തിനുവേണ്ടി കാലത്തെ നാം കലണ്ടറുകളാക്കി. അതിനെ ആവർത്തന സ്വഭാവമുള്ളതും ചാക്രികവുമാക്കി മാറ്റിയിരിക്കുകയാണ്. മനുഷ്യ ശരീരത്തെ ജാരണ പ്രക്രിയക്ക് വിധേയമാക്കിയാണ് ഒരിക്കലും തിരിച്ചുവരാത്ത ഓരോ വർഷവും നമ്മിലൂടെ കടന്നുപോകുന്നത്. കാലം കഴിയുന്തോറും മരണത്തെ ഓർമ്മിപ്പിച്ചുകൊണ്ട് സമയമാപിനിക്കൊപ്പം മനുഷ്യഹൃദയവും വീണ്ടും സ്പന്ദിക്കുകയാണ്. മരണത്തോട് കൂടുതൽ അടുത്ത മറ്റൊരു പുതുവത്സരത്തിന് വേണ്ടി.

ഗ്രിഗോറിയൻ കലണ്ടറിലെ പുതുവത്സര ദിനമുള്ള ജനുവരി സത്യദൂതന്റെ പിറവി മാസം കൂടിയാണ്. ഈ ലക്കത്തോടെ സത്യദൂതന് 78 വയസ്സ് പൂർത്തിയായി. 1678 ലാണ് മലയാള ഭാഷയിൽ ആദ്യമായി അച്ചടി പുരണ്ടതെങ്കിലും മാപ്പിള മലയാളത്തിലേക്ക് അച്ചടി വിദ്യ കടന്നുവന്നത് ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലാണെന്നു പറയാം. സത്യദൂതൻ 1925 ലാണ് ആരംഭിച്ചത്. ഇബ്റാഹിം നബി (അ) യെ പിടിച്ചിട്ട അഗ്നികുണ്ഡം പോലെ സത്യദൂതനും അഹ്മദിയ്യാ പ്രസ്ഥാനത്തിനുമെതിരെ എതിർപ്പിന്റെ അഗ്നികുണ്ഡങ്ങളായിരുന്നു തുടക്കത്തിൽ വരവേറ്റത്. മുക്കാൽ നൂറ്റാണ്ട് കഴിഞ്ഞു തിരിഞ്ഞു നോക്കുമ്പോൾ വമ്പിച്ച പ്രസ്ഥാനങ്ങളുടെ അകമ്പടിയോടെ അഹ്മദിയ്യാ ജമാഅത്തിനെയും സത്യദൂതനെയും എതിർത്തവർ ആരംഭിച്ച പ്രസിദ്ധീകരണങ്ങൾ പതിറ്റാണ്ടുകളുടെ വിസ്തൃതിയുള്ള ശ്മശാനത്തിൽ അന്ത്യവിശ്രമം കൊള്ളുന്നതാണ് കാണുന്നത്. പലതിനും ബാലമരണമായിരുന്നു വിധി. മുക്കാൽ നൂറ്റാണ്ട് പൂർത്തിയാക്കി വായനക്കാരന്റെ മുമ്പിൽ ഇന്നും എത്തുന്ന സത്യദൂതൻ കേരളത്തിലെ പ്രസിദ്ധീകരണ ചരിത്രത്തിൽ ഗണ്യമായ ഒരു സ്ഥാനമലങ്കരിക്കുന്നു എന്നത് അനിഷേധ്യമായ സത്യമാണ്. ദൈവിക സഹായം ഒന്നുകൊണ്ട് മാത്രമാണ് സത്യദൂതന് ഏഴര പതിറ്റാണ്ട് പൂർത്തിയാക്കാൻ കഴിഞ്ഞത് എന്നതാണ് ആ സത്യം. അല്ലാഹു ഖുർആനിൽ പറയുന്നു.' എന്നാൽ നുരയാവട്ടെ അത് ചണ്ടിയായി പോകുന്നു. മനുഷ്യർക്ക് പ്രയോജനപ്പെടുന്നത് ഭൂമിയിൽ നിലനിൽക്കുന്നുണ്ട്'(13:18)

**'വഅമ്മാ യൻഫഉന്നാസ ഫയംകുസു ഫിൽ അർളി'**

മനുഷ്യന്റെ മതകീയ ജീവിതത്തിന് ഉപയുക്തമായ ഒരു പ്രസിദ്ധീകരണം എന്ന നിലക്ക് സത്യദൂതന്റെ ദീർഘായുസ്സ് ദൈവ കല്പിതമാണ് എന്ന് ഞങ്ങൾ വിലയിരുത്തുന്നു.

എതിർപ്പിന്റെ കൊടുങ്കാറ്റിൽപ്പെട്ട് സത്യദൂതൻ ആടിയുലഞ്ഞപ്പോഴും നല്ലവരായ വായനക്കാർ കാലാകാലങ്ങളിൽ നൽകിയ പ്രോത്സാഹനവും സഹകരണവും ഒരിക്കലും മറക്കാൻ കഴിയാത്തതാണ്. അല്ലാഹു അവർക്ക് മതിയായ പ്രതിഫലം നൽകട്ടെ എന്ന് മാത്രമാണ് ഞങ്ങളുടെ പ്രാർത്ഥന. തുടർന്നും സത്യദൂതനോട് സഹകരിക്കണം എന്നു അഭ്യർത്ഥിച്ചുകൊണ്ട് എല്ലാ സത്യദൂതൻ വായനക്കാർക്കും പുതുവത്സര-ബക്രീദ് ആശംസകൾ

■

ലേഖനം

# ഹജ്ജിന്റെ സന്ദേശം

ഹസ്രത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ്അഹ്മദ്(റ)
മുസ്ലിഹ്മൗഊദ്, ഖലീഫത്തുൽ മസീഹ് രണ്ടാമൻ

## സ്നേഹവും ത്യാഗവും ഐക്യവുമാണ് ഹജ്ജിന്റെസന്ദേശം

ഹജ്ജ് ഇസ്ലാമിലെ അതിപ്രധാനമായ ഒരു ആരാധനാകർമ്മമാകുന്നു. ലക്ഷക്കണക്കിൽ മുസ്ലിംകൾ ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നുമായി ഹജ്ജ്വേളയിൽ പരിശുദ്ധ മക്കയിൽ ഒരുമിച്ചുകൂടുന്നു. അവർ വിവിധരാജ്യക്കാരും വിവിധ രാഷ്ട്രങ്ങളിൽനിന്നുള്ളവരും വിവിധങ്ങളായ ആചാരസമ്പ്രദായങ്ങൾ സ്വീകരിച്ചവരും വിവിധ ഭാഷകൾ സംസാരിക്കുന്നവരും പരസ്പരം അറിയപ്പെടാത്തവരും ആയിരിക്കും. ഭാഷയിലുള്ള വ്യത്യാസമോ വിശ്വാസപരമായ ഭിന്നതകളോ വർണ്ണവർഗ്ഗപരമായ വൈജാത്യങ്ങളോ വിചാരപരമായ അന്തരങ്ങളോ കാലാവസ്ഥയിലുള്ള ഭേദങ്ങളൊ ഒന്നും തന്നെ ഗണ്യമാക്കാത്ത നിലയിൽ മുസൽമാൻമാരുടെ ഹൃദയങ്ങളെ ഏക ദൈവതത്ത്വം ഐക്യപ്പെടുത്തിയിട്ടുണ്ടെന്നും, ദൈവത്തിന്റെ ആഹ്വാനത്തിന് തലകുനിച്ചനിലയിൽ എന്തു ത്യാഗത്തിനും സന്നദ്ധരായി തങ്ങൾ ഒരിടത്തു സമ്മേളിച്ചിരിക്കയാണെന്നുമത്രേ അവർ അതുമുഖേന പ്രഖ്യാപിക്കുന്നത്. ഇപ്രകാരം തന്നെ മുസൽമാൻമാർ തങ്ങളുടെ പ്രവൃത്തിമുഖേന ബാഹ്യമായ ഹജ്ജ് കർമ്മത്തിനു പുറമെ മറ്റൊരു സംഗതികൂടി തെളിയിക്കുകയാണ്. അതായത്, കഅബാ ദൈവാലയത്തിന്റെ പരിരക്ഷയ്ക്ക് വേണ്ടി തങ്ങൾ ജീവാർപ്പണം ചെയ്യാൻ തയ്യാറാണെന്ന് തന്നെ. മുസ്ലിംകളിൽ ഈ സ്പിരിറ്റ് ഏതുവരെ കുടികൊള്ളുമോ അതുവരെയും ലോകത്ത് ഒരു ശത്രുവിന്നും കഅബയുടെ നേരെ കണ്ണുവെക്കാനോ മുസൽമാൻമാരുടെ ഐക്യത്തെ ശിഥിലമാക്കാനോ സാധിക്കുന്നതല്ല. എന്തെന്നാൽ, കഅബ നിലകൊള്ളുന്ന കാലം വരെ മുസ്ലിം ലോകത്തിന്റെ ഐക്യവും നിലനിൽക്കും. ലോകത്തിന്റെ ഏതേതു കോണുകളിൽ ദൈവം മനുഷ്യരെ പരത്തിയിരിക്കുന്നുവെന്നു ഹജ്ജ് മുഖേന ലോകത്തിനു കാണാൻ കഴിയുന്നു. വിജനമായ ഒരു മരുഭൂമിയിൽ നിന്നുയർന്ന ആ ഇസ്ലാമികശബ്ദം, സ്വന്തക്കാർ തന്നെ അതു കേൾക്കാൻ കൂട്ടാക്കാതിരുന്നിട്ടും, ആ ശബ്ദം ഉയർത്തിയ ആൾക്ക് എല്ലാതരത്തിലുള്ള ദ്രോഹങ്ങളും മർദ്ദനങ്ങളും ഏൽക്കേണ്ടി വന്നിട്ടും, ലോകത്തിന്റെ സകലകോണുകളിലും അലയടിക്കുമാറാകയും ഒടുവിൽ ലക്ഷക്കണക്കിന് ജനങ്ങൾ സമ്മേളിക്കുന്നതിന്നിടയാക്കുകയും ചെയ്തു. അവർ അല്ലാഹുവിന്റെ ഏറ്റവും മഹത്തായ ഒരു ദൃഷ്ടാന്തത്തിനു ദൃക്സാക്ഷികളായിരിക്കുകയും അതു അവരുടെ സത്യവിശ്വാസത്തെ പുതുക്കിയുറപ്പിക്കുകയും ചെയ്തിരിക്കുന്നു. മുഹമ്മദ് മുസ്തഫാ(സ) എവിടെ ഭൂജാതനായോ ലോകം മുഴുവനും അലയടിച്ച ആ ശബ്ദം എവിടെവച്ചു മുഴക്കപ്പെട്ടുവോ ആയിടത്തേക്കു വിദൂരവിദൂരരാജ്യങ്ങളിൽ നിന്നു ലക്ഷകണക്കിൽ ആളുകൾ ആകർഷിക്കപ്പെടുകയാണ്. ഏതൊരിടത്തുനിന്നു ജനങ്ങളുടെ ദ്രോഹങ്ങളും അത്യാചാരങ്ങളും നിമിത്തം മുസ്ലിംകൾക്ക് തങ്ങളുടെ മാതൃദേശം വിട്ടോടേണ്ടിവന്നുവോ, ഏതൊരിടത്ത് 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന ധ്വനി മുഴക്കുവാൻ അനുവദിക്കപ്പെട്ടില്ലയോ അതേ മക്കാനഗരിയിൽ ജനങ്ങൾ കൂട്ടംകൂട്ടമായി സമ്മേളിക്കുകയും ഓരോ ആളുടേയും നാവിലൂടെ ''അല്ലാഹു അക്ബർ അല്ലാഹു അക്ബർ, ലാ ഇലാഹ ഇല്ലല്ലാഹു അല്ലാഹു അക്ബർ, അല്ലാഹു അക്ബർ വലില്ലാഹിൽ ഹംദ്" എന്നും "ലബ്ബൈക്ക അല്ലാഹുമ്മ ലബ്ബൈക്ക"എന്നും ഉള്ള ശബ്ദങ്ങൾ പുറപ്പെട്ടു അന്തരീക്ഷത്തിൽ മുഖരിതമായിത്തീരുകയും ചെയ്യുമാറായി. അല്ലാഹുവിന്റെ മുൻപിൽ സന്നദ്ധരായിക്കൊണ്ടു അവർ ഇപ്രകാരം പറയുന്നു. "ഓ ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിതാ നിന്റെ മുൻപിൽ ഹാജരായിരിക്കുന്നു. നിനക്കു പങ്കുകാരനായി ആരും ഇല്ലെന്നു ഞങ്ങൾ ഏറ്റുപറയുന്നു.

ദാസന്മാരെ വിളിച്ചു കൂട്ടാനുള്ള അവകാശം നിനയ്ക്ക് മാത്രമുള്ളതാണ്."

ഓരോ കൊല്ലവും ലക്ഷക്കണക്കിൽ മുസൽമാൻമാർ സമ്മേളിക്കുന്ന പരിശുദ്ധസ്ഥാനമാണ് മക്ക. മുഹമ്മദ് നബി (സ) കൊണ്ടുവന്ന മതം ഇന്നും സജീവമാണെന്ന് അവർ അതുവഴി സാക്ഷ്യപ്പെടുത്തുന്നു. അവിടത്തെ ദാസവൃന്ദം ഇന്നും ആ ശബ്ദത്തെ ഉയർത്തുന്നതിനായി ജീവിച്ചിരിക്കുന്നുണ്ട് ഇസ്ലാമിന്റെ സിരകളിൽ ജീവരക്തം ഇന്നും ഒഴുകിക്കൊണ്ടിരിക്കുന്നുണ്ട്. എന്നത്രേ ഹജ്ജ് ലോകത്തിന് നൽകുന്ന സന്ദേശം. മുഹമ്മദ് നബി (സ) യോടു പ്രേമമുള്ള ആളുകൾ ഇസ്ലാമിക കേന്ദ്രമായ പരിശുദ്ധ മക്കയിൽ ഒരുമിച്ചുകൂടുന്നു. ഇസ്ലാമിനോടും മുഹമ്മദ് നബി തിരുമേനിയുടെ വ്യക്തിത്വത്തോടും തങ്ങൾക്കുള്ള ബന്ധത്തെ അവർ അതുവഴി പ്രഖ്യാപിക്കുകയാണ്. തങ്ങൾ എത്ര ദുർബ്ബലരായിരുന്നാലും മുഹമ്മദ് നബിയുടെ പേരിൽ അഭിമാനം കൊള്ളുന്നവരാണെന്നും സാമുദായിക ജീവിതത്തിന്റെ ചൈതന്യം തങ്ങളിൽ ഇന്നും കുടികൊള്ളുന്നുണ്ടെന്നുമാണ് അവരതുവഴി തെളിയിക്കുന്നത്. ഇതു കൊണ്ടുതന്നെയാണ് ഇസ്ലാം നമസ്ക്കാരത്തെയും നോമ്പിനെയും സക്കാത്തിനെയും പോലെ ഹജ്ജും നിർബന്ധകർമ്മമാക്കിയിരിക്കുന്നത്. മനുഷ്യർ എല്ലാതരത്തിലുള്ള ബന്ധങ്ങളും വേർപ്പെടുത്തി ഹൃദയം ദൈവത്തിൽ ലീനമാക്കേണമെന്നതാണല്ലോ ഹജ്ജ് കർമ്മത്തിന്റെ ആത്മീയമായ ലക്ഷ്യം. ഈ ലക്ഷ്യം പൂർത്തിയാക്കുന്നതിനു വേണ്ടി ഹജ്ജ് കർമ്മം വിധിക്കുകയും കഴിവുള്ളവർ തങ്ങളുടെ വീടും കുടിയും വിട്ടു പരിശുദ്ധമക്കയിൽ സമ്മേളിക്കണമെന്ന് കല്പിക്കുകയും അങ്ങനെ സ്വന്തം രാജ്യത്തെയും ബന്ധുമിത്രാദികളേയും ഉറ്റവരെയുമെല്ലാം ഉപേക്ഷിക്കാൻ തയ്യാറാവണമെന്ന് ആഹ്വാനം നൽകുകയും ചെയ്തു.

നാലായിരം കൊല്ലം മുൻപ് ഹ:ഇബ്രാഹിം(അ) ചെയ്ത മഹത്തായ ഒരു ത്യാഗത്തെക്കുറിച്ചുള്ള സ്മരണയെയാണ് ഹജ്ജ് നമ്മുടെ സ്മൃതിതലത്തിലുയർത്തുന്നത്. ആ ത്യാഗത്തിന്റെ മഹത്തായ ഫലങ്ങൾ നാം ഇന്നും കണ്ടുകൊണ്ടിരിക്കുന്നു. ഊർ എന്ന ദേശത്ത് നാലായിരം കൊല്ലം മുൻപ് ഒരു ബിംബാരാധകന്റെ ഗൃഹത്തിൽ ഒരു ശിശു പിറന്നു. രാവും പകലും വിഗ്രഹസേവ നടത്തുകയും ബിംബാരാധനയിൽ ലയിക്കുകയും ചെയ്തിരുന്ന ഒരു ജനവിഭാഗത്തിൽ ആ കുട്ടി വളർന്നു. പ്രകാശോജ്ജ്വലമായ ആത്മാവിനെ ഉൾവഹിച്ചുകൊണ്ടാണ് ആ ശിശു ജന്മമെടുത്തിരുന്നത്. ചെറുപ്പത്തിൽതന്നെ ബിംബങ്ങളെ ആ കുട്ടി വെറുത്തിരുന്നു. ലോകത്ത് അധർമ്മവും വഴിപിഴപ്പും, വർദ്ധിക്കുകയും, ദൈവം അവന്റെ ചട്ടമനുസരിച്ച് ഒരു സമുദ്ധാരകനെ നിയോഗിക്കാൻ ഇച്ഛിച്ചു. അവൻ ഹ:ഇബ്രാഹീമിനെയാണ് അതിന്നായി തിരഞ്ഞെടുത്തത്. അവൻ അദ്ദേഹത്തെ തന്റെ അനുഗ്രഹവായ്പിനാൽ അഭിഷേകം ചെയ്തു. അവൻ ഇബ്രാഹീമിനെ വിളിച്ചു കൊണ്ടു പറഞ്ഞു: 'ഇബ്രാഹീം! നീ പോക. നിന്റെ പുത്രനെ നീ ബലിയാക്കുക!' ഇബ്രാഹീം (അ) അതിന്നു സന്നദ്ധനായി. വാർദ്ധക്യകാലത്ത് തനിയ്ക്ക് ലഭിച്ച ഏകപുത്രനെ ആ മണൽക്കാട്ടിൽ അദ്ദേഹം കൊണ്ടുചെന്നാക്കി. അവിടെ തിന്നുവാനോ കുടിക്കുവാനോ യാതൊരു വസ്തുവും ഉണ്ടായിരുന്നില്ലെന്നാണ് ഖുർ ആൻ പറയുന്നത്. ആപൽക്കരവും ഭയാനകവുമായ ഒരു താഴ്വാരമായിരുന്നു അത്. ദൈവത്തിന്റെ മഹത്വം പുന:സ്ഥാപിക്കപ്പെടുന്നതിന്നും ദൈവത്തിന്റെ ശബ്ദം ഉയരുമാറാകുന്നതിനും വേണ്ടിയാണ് ഇബ്രാഹിം (അ) സ്വപുത്രനേയും ആ പുത്രന്റെ മാതാവിനെയും അവിടെ ഉപേക്ഷിച്ചത്. ഒരു തോൽസഞ്ചി നിറയെ വെള്ളവും കാരക്കയുടെ ഒരു പൊതിയും മാത്രമെ ഈ കുട്ടിയ്ക്കും ഉമ്മായ്ക്കുമായി നൽകിയിരുന്നുള്ളൂ. ഈ മണൽക്കാട്ടിൽ അവർ തങ്ങളുടെ ജീവിതം നയിക്കണമെന്നായിരുന്നു ദൈവേച്ഛ. ഒരു തുരുത്തി വെള്ളവും ഒരു പൊതി കാരക്കയും എത്രനാളത്തേയ്ക്ക് മതിയാകുമെന്ന് അദ്ദേഹം ഓർക്കാതിരുന്നില്ല. മണൽത്തരികളും സൂര്യപ്രകാശവുമല്ലാതെ തന്റെ പുത്രകളത്രങ്ങൾക്കായി മറ്റൊന്നും ആ മരുഭൂമിയിൽ ഇല്ലെന്നു ഇബ്രാഹീം (അ)കണ്ടു. അതോർത്തപ്പോൾ അദ്ദേഹത്തിന്റെ ഇടനെഞ്ചു പൊട്ടിപ്പോയി! നേത്രങ്ങളിൽ ജലം നിറഞ്ഞു. ഹസ്രത്ത് ഹാജറ (റ) അദ്ദേഹത്തിന്റെ ബാഷ്പാവിലമായ ദൃഷ്ടികളും വിറയ്ക്കുന്ന ചുണ്ടുകളും കണ്ടു. ഇതു വല്ലാത്തൊരു കടുംകൈ ആണെന്നു അവർക്കു തോന്നി. അവർ സ്വഭർത്താവിന്റെ പിന്നാലെ പോയി എവിടെയാണ് തങ്ങളെ ഉപേക്ഷിച്ചുപോകുന്നതെന്നു ചോദിച്ചു. കുടിക്കാൻ വെള്ളമില്ല. തിന്നാൻ ആഹാരമില്ല.! ഇബ്രാഹീം(അ) മറുപടി പറയാൻ ശ്രമിച്ചുവെങ്കിലും വാക്കുകൾ പുറത്തുവന്നില്ല. ഹാജറ അപ്പോൾ ചോദിച്ചു: "അങ്ങു ദൈവകല്പനപ്രകാരമാണോ ഇപ്രകാരം ചെയ്യുന്നത്? അതോ സ്വന്തം ഇഷ്ടമനുസരിച്ചോ?' ഇബ്രാഹീം(അ) രണ്ടു കൈകളും ഉയർത്തിക്കാണിച്ചു. താൻ ദൈവകല്പനപ്രകാരമാണ് അപ്രകാരം ചെയ്യുന്നതെന്നു അദ്ദേഹം വ്യക്തമാ

**മുഹമ്മദ് നബി (സ) യോടു പ്രേമമുള്ള ആളുകൾ ഇസ്ലാമിക കേന്ദ്രമായ പരിശുദ്ധ മക്കയിൽ ഒരുമിച്ചുകൂടുന്നു. മനുഷ്യർ എല്ലാതരത്തിലുള്ള ബന്ധങ്ങളും വേർപ്പെടുത്തി ഹൃദയം ദൈവത്തിൽ ലീനമാക്കേണമെന്നതാണല്ലോ ഹജ്ജ് കർമ്മത്തിന്റെ ആത്മീയമായ ലക്ഷ്യം.**

ക്കി. അതറിഞ്ഞപ്പോൾ വിശ്വാസിനിയും ദൃഢചിത്തയുമായ ആ തരുണീമണി യുടെ മട്ടൊന്നുമാറി. അവർ യുവതിയാ യിരുന്നു. ഏകസന്താനമാണ് കൂടെ. അവരുടെ മുമ്പിൽ മരണം കാഴ്ചവെ ക്കപ്പെടുകയായിരുന്നു. എങ്കിലും അവർ ഉടൻതന്നെ ഉശിരോടെ, ഉത്തരം പറഞ്ഞു: “അങ്ങനെയാണെങ്കിൽപിന്നെ അല്ലാഹുതന്നെ ഞങ്ങളെ രക്ഷിച്ചുകൊ ള്ളും! അവൻ ഞങ്ങളെ കൈവിടുക യില്ല.”

ഒടുവിൽ വെള്ളം തീർന്നു. കാര ക്കയും അവസാനിച്ചു. കണ്ണെത്താവുന്ന ദൂരത്തൊന്നും ആൾപെരുമാറ്റമോ ഭക്ഷ്യ വസ്തുക്കളോ കണ്ടെത്തിയിരുന്നില്ലെങ്കി ലും, ദാഹംകൊണ്ടു പൊരിയുന്ന തന്റെ കുട്ടിയുടെ ക്ലേശങ്ങൾ കൂട്ടാക്കാതെ അവർ ഒരു കുന്നിൻപുറത്തു കയറിനോ ക്കി. വല്ല മനുഷ്യജീവിയേയും കണ്ടെ ത്തുമോ? ഹാ! ഒരാളെയെങ്കിലും കണ്ടു കിട്ടിയാൽ അല്പം വെള്ളത്തിനു ചോദിക്കാമായിരുന്നു! എന്നാൽ, എത്രതന്നെ ശ്രമിച്ചിട്ടും വെള്ളം ലഭിക്കു ന്നതിനുള്ള ഒരു മാർഗ്ഗവും തുറന്നു കിട്ടി യില്ല. വ്യഥിത ചിത്തയും പരിഭ്രാന്തയു മായി അവർ കുന്നിറങ്ങിവരികയും ഓടി മറ്റേ കുന്നിന്മേൽ കയറിനോക്കുകയും ചെയ്തു. അവിടെയും ജലം കണ്ടെ ത്തിയില്ല. ഈ ഉത്കണ്ഠയോടും അസ്വ സ്ഥതയോടും കൂടി അവർ ഏഴു തവണ കുന്നുകൾ കയറിയിറങ്ങി. ഒടുവിൽ എന്തു ചെയ്യേണ്ടു എന്നറിയാതെ കുഴ ങ്ങി. അവർ ദൈവത്തോടു പ്രാർത്ഥിച്ചു. ആ സന്ദിഗ്ദ്ധ ഘട്ടത്തിൽ അവർക്ക് ദൈവികവെളിപാടുണ്ടായി:“ഓ ഹാജ റാ, നിന്റെ കുട്ടിയ്ക്കുവേണ്ടി അല്ലാഹു വഴിയൊരുക്കിയിരിക്കുന്നു. ചെല്ലൂ, കുട്ടിയെ നോക്കൂ.......” ഹസ്രത്ത് ഹാജറ(റ) കുഞ്ഞിന്റെ അടുക്കൽ തിരിച്ചു ചെന്നപ്പോൾ കണ്ടത് കുട്ടി ദാഹിച്ചു പിടഞ്ഞേടത്ത് ഒരു ജലബു ദ്ബുദം ആയിരുന്നു. അതൊരു ജലധാ രയായി, ഈ ജലധാരതന്നെയാണ് പിന്നീട് ‘സംസം’ എന്ന പേരിൽ അറി യപ്പെട്ടത്. സന്തോഷാധിക്യത്തിൽ പൊഴിക്കുന്ന ഗാനത്തിന്നാണ് ‘സംസം’ എന്നു പറയപ്പെടുന്നത്. ഹാജറ തന്നെ യാണ് ഈ നീരുറവയ്ക്ക് സംസം എന്നു പേരിട്ടത്. ഈ പ്രസ്രവണം മുഖേന തന്റെ പൊന്നോമനമകന്നു രക്ഷകിട്ടിയ സന്തോഷാധിക്യത്തിൽ തനിക്ക് ആനന്ദഗാനം പൊഴിക്കാൻ അവസരമുണ്ടായല്ലോ! അല്ലാഹു ഇപ്ര കാരം ഒരു സൗകര്യമുണ്ടാക്കി. ഇനി വേണ്ടതു ആഹാരമാണ്. യാദൃശ്ചിക മായി ഒരു കച്ചവടസംഘം വഴിതെറ്റി ഹസ്രത്ത് ഹാജറാ(റ) താമസമുറപ്പിച്ച സ്ഥാനത്തുവെന്നെത്തി. ആ യാത്രിക സംഘത്തിന് വെള്ളം വേണമായിരുന്നു. അവിടെ ഒരു നീരുറവ കണ്ടപ്പോൾ ആ സംഘം അവിടെ പാർപ്പുറപ്പിക്കാൻ ഇച്ഛിക്കുകയും, ഹാജറായോടു അവ രുടെ പ്രജകളായി താമസിച്ചു കൊള്ളാൻ തങ്ങളെയനുവദിക്കണമെന്ന പേക്ഷിക്കുകയും ചെയ്തു. ഹസ്രത്ത് ഹാജറ(റ) അവർക്കനുവാദം നൽകു കയും അവരിരുവരുടെയും പ്രജകളായി അവരവിടെ പാർക്കുകയും ചെയ്തു. ഇങ്ങനെ യുവാവാകുന്നതിന് മുമ്പായി തന്നെ അല്ലാഹു ഹസ്രത്ത് ഇസ്മായീ ലിനെ രാജാവാക്കി!

**ഹജ്ജ് മുഖേന മുസൽമാന്മാർക്കിടയിൽ ഒരു കേന്ദ്രബോധം ജന്മമെടുക്കുന്നു. തങ്ങളുടെയും ബാഹ്യലോകത്തിന്റെയും ആവശ്യങ്ങളെക്കുറിച്ചു ചിന്തിക്കുവാൻ അവർക്കതുവഴി അവസരം സിദ്ധിക്കുന്നു. അന്യോന്യം അറിയപ്പെടാനും പരസ്പരം നന്മകൾ സ്വീകരിക്കാനും അതു സന്ദർഭങ്ങൾ സൃഷ്ടിക്കുന്നു. അതുവഴി സാഹോദര്യവും സ്നേഹവും ശക്തിപ്പെടുമാറാകുന്നു.**

ഇന്നും ഹജ്ജ് വേളയിൽ ഹസ്രത്ത് ഹാജറയുടെ ഈ സംഭവം സ്മരിച്ചു കൊണ്ടാണ് ഹാജിമാർ സഫായു ടെയും മർവായുടേയും ഇടയിൽ 7 തവണ ഓടുന്നത്. തങ്ങൾ ഹാജറ (റ) യുടെ കാലടിപ്പാടുകളെ തുടരുന്നതാ ണെന്നാണ് ഈ ഓട്ടം മുഖേന അവർ ഏറ്റു പറയുന്നത്. അല്ലാഹുവിന്റെ മാർഗ്ഗ ത്തിൽ എപ്പോഴാകിലും തങ്ങളുടെ ഉറ്റ വരേയും ഉടയവരേയും ഉപേക്ഷിക്കേ ണ്ടിവരികയാണെങ്കിൽ തങ്ങൾ അതിന്നു വൈമനസ്യം കാണിക്കുന്നത ല്ലെന്നാണ് ഈ ഓട്ടംമുഖേന അവർ പ്രഖ്യാപിക്കുന്നത്.

ചുരുക്കത്തിൽ, ഹജ്ജ് ഇസ്ലാമിൽ വിധിയ്ക്കപ്പെട്ടിട്ടുള്ള അതിപ്രധാനമായ ഒരു ആരാധനാകർമ്മമാകുന്നു. അല്ലാ ഹുവിന്നുവേണ്ടി ജീവിതം ബലികഴിക്കു ന്നവർ എന്നെന്നും ജീവിക്കുമാറാകുന്ന തെങ്ങിനെ എന്നുള്ള ഈ ചിത്രം മക്കാ യിൽ ചെന്ന് ഹജ്ജ് അനുഷ്ഠിക്കുന്ന ഓരോ ആളുടെയും കൺമുമ്പിൽ പ്രത്യ ക്ഷപ്പെടുന്നു.

ഹജ്ജ് മുഖേന മുസൽമാന്മാർക്കിട യിൽ ഒരു കേന്ദ്രബോധം ജന്മമെടുക്കു ന്നു. തങ്ങളുടെയും ബാഹ്യലോകത്തി ന്റെയും ആവശ്യങ്ങളെക്കുറിച്ചു ചിന്തി ക്കുവാൻ അവർക്കതുവഴി അവസരം സിദ്ധിക്കുന്നു. അന്യോന്യം അറിയപ്പെ ടാനും പരസ്പരം നന്മകൾ സ്വീകരി ക്കാനും അതു സന്ദർഭങ്ങൾ സൃഷ്ടി ക്കുന്നു. അതുവഴി സാഹോദര്യവും സ്നേഹവും ശക്തിപ്പെടുമാറാകുന്നു. സാമ്പത്തികമായ സൗകര്യങ്ങൾ ഉണ്ടാ യിരിക്കുകയും യാത്രചെയ്യാൻ കഴിയു മാറ് ശാരീരിക ശേഷി സിദ്ധിച്ചിരിക്കു കയും ചെയ്തിട്ടുള്ള ഓരോ മുസ്ലിമും ഇസ്ലാമിന്റെ അതിപ്രധാനമായ കർമ്മം അനുഷ്ഠിക്കാൻ ബാദ്ധ്യ സ്ഥനാണ്. ഇക്കാലത്ത് ധനാഢ്യരെ സംബന്ധിച്ചേടത്തോളം ഏറ്റവും വലിയ ഒരു സൽകൃത്യമാണ് ഹജ്ജ് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

**-തഫ്സീർ കബീർ**

■

# ഹാജറയെ ഓർക്കുമ്പോൾ...

ഓർച്ചാർഡ് അഹ്മദ് -കണ്ണൂർ

## ദൈവത്തിന്റെ ഏകത്വം സ്ഥാപിക്കാൻ വേണ്ടിയുള്ള അഗ്നിപരീക്ഷണങ്ങൾക്ക് മുമ്പിൽ അചഞ്ചല ചിത്തയായി നിന്ന ഒരു ധർമ്മപത്നിയുടെ കഥ.

ത്യാഗ സുരഭിലമായ ജീവിതങ്ങളുടെ കോരിത്തരിപ്പിക്കുന്ന അനശ്വര സ്മരണകളാണ് "ദുൽഹജ്ജ്" നമ്മിൽ ഉണർത്തുന്നത്. ആത്മസമർപ്പണത്തിന്റെ ത്യാഗധന്യമായ വീഥികളിലൂടെ നടന്നുനീങ്ങിയ ദൈവാനുരാഗിയായ ഒരു കർമ്മയോഗിയുടെ വികാര വിജ്രംഭിതമായ പശ്ചാത്തലം ഒരു വശത്ത്, മഹാപ്രവാചകൻ സ്വപ്നം കണ്ട വംശപാരമ്പര്യത്തിന്റെ നൈരന്തര്യം തന്നിൽ അങ്കുരിക്കാതിരുന്നപ്പോൾ ഭർത്താവ് ഹാജറയിലൂടെയെങ്കിലും ഒരു പിതാവായിക്കോട്ടെയെന്ന-ചരിത്രത്തിന്റെ നിയോഗമേറ്റെടുക്കാൻ ഹാജറയെ അനുവദിക്കുന്ന സാറ. ഒരിക്കലും അസ്തമിക്കാൻ പാടില്ലാത്ത സംസ്കാരത്തിന്റെ ശോഭ എങ്ങനെയാണ് പ്രസരിക്കേണ്ടതെന്ന് ബലിക്ക് സന്നദ്ധനാകുന്നതിലൂടെ ലോകത്തെ കാണിക്കുന്ന ഇസ്മാഈൽ. വ്യാഖ്യാനങ്ങൾക്ക് വഴങ്ങാത്ത വേദനയുടെ അവസ്ഥാന്തരങ്ങളിലും, തികഞ്ഞ കരളുറപ്പോടും, സമചിത്തതയോടും, ഉൾക്കാഴ്ചയോടും കൂടി സാഹചര്യത്തെ നേരിടുന്ന ഹാജറ.........അല്ലാഹുവിന്റെ പ്രീതിക്കായി പ്രിയപ്പെട്ടതെന്തും ത്യജിക്കുക, തൗഹീദിന്റെ സംരക്ഷണത്തിനായി അടിപതറാതെ പൊരുതുക, അഗ്നി പരീക്ഷണങ്ങളെ അതിജീവിക്കുവാൻ കടുത്ത ത്യാഗത്തിന് സന്നദ്ധരാവുക തുടങ്ങിയ സന്ദേശങ്ങളാണ് ഇവരുടെ ജീവിതാനുഭവങ്ങളിലൂടെ നമുക്ക് കരഗതമാവുന്നത്.

ജീവിതത്തെയും, വ്യക്തിത്വത്തെയും ദൈവേച്ഛയുടെ മൂശയിൽ വാർക്കാനുറച്ച് ആ മാർഗ്ഗത്തിൽ സർവ്വത്യാഗങ്ങളും സഹിച്ച് മുന്നേറുന്നവർക്കാണ്'വിജയം' വരിക്കാനാവുന്നത്. ചരിത്രാതീത കാലം തൊട്ടേ പവിത്രവും, വിശുദ്ധവുമായ യാതന അനുഭവിച്ചവരോട് മാത്രമെ നമുക്ക് മതിപ്പ് തോന്നിയിട്ടുള്ളൂ. ജീവിതത്തിന്റെ ഭൗതിക വീക്ഷണത്തിൽ എല്ലാം നഷ്ടപ്പെട്ടവരാണ് മഹാത്മാക്കൾ. പക്ഷെ നാമവരെ പ്രകീർത്തിക്കുന്നു. ആദരിക്കുന്നു. കഠിനമായ പരീക്ഷണങ്ങൾക്കും, തീവ്രമായ വിഷമങ്ങൾക്കും ശേഷമേ വിജയത്തിന്റെ വഴി തുറക്കൂ എന്നാണ് ചരിത്രം നമ്മെ പഠിപ്പിക്കുന്നത്. പരീക്ഷണത്തിന്റെ തീവ്രത ഉച്ചകോടിയിലെത്തുമ്പോഴാണ് ദിവ്യസഹായത്തിന്റെ ആരംഭമുണ്ടാവുക. ദൃഢനിശ്ചയത്തെ ചിലപ്പോൾ അല്ലാഹു പരീക്ഷിച്ചേക്കാം. ഈ വസ്തുതയിലേക്ക് മനുഷ്യജീവിതത്തിന്റെ പ്രാമാണിക രേഖയായ ഖുർആൻ നൽകുന്ന വിശദീകരണം ശ്രദ്ധിക്കുക. "നമ്മുടെ കാര്യത്തിൽ പരിശ്രമിക്കുന്നവരാരോ അവരെ തീർച്ചയായും നാം നമ്മുടെ മാർഗ്ഗങ്ങളിൽ നയിക്കുന്നതാണ്. അല്ലാഹു നിശ്ചയമായും സദ്വൃത്തരുടെ കൂടെയാകുന്നു." (അൽഅൻകബൂത്ത് 70)

ഭൂതകാലത്തിന്റെ ഇരുളറകളിലേക്ക് നമ്മെ നയിക്കുന്ന വഴിവിളക്കുകളാണ് ചരിത്രസാക്ഷ്യങ്ങൾ. ചരിത്രസാക്ഷ്യങ്ങൾ പിൻതലമുറ സ്വീകരിക്കണമെങ്കിൽ അവ വിശ്വസ്തവും, ത്യാഗപൂർണ്ണവും, സത്യസന്ധവുമായിരിക്കണം. മുസ്ലീം ഉണർവ്വിന്റെ ചരിത്രത്തിന് ചലനാത്മകത പകരുകയും, മാനുഷികത്തിന് മുഴുവനായി വഴിവെളിച്ചം വിതറുകയും ചെയ്ത തെളിനീരുറവയാണ് ഹാജറാബീവിയുടെ ജീവിതം. അവൾ സഹിക്കേണ്ടിവന്ന പരീക്ഷണങ്ങൾ ഗതകാലശതകങ്ങളുടെ ദു:ഖസ്മൃതിയിൽ ഇന്നും കണ്ണുനീരിന്റെ നനവോടെ പച്ചപിടിച്ചു നിൽക്കുന്നു. ഹാജറ അനുഭവിച്ച ത്യാഗം ചരിത്രത്തിലും, ഭാവനയിലും മാതൃകയില്ലാത്തതാണ്. ചരിത്രം കണ്ട എറ്റവും വലിയ വിപ്ലവകാരിയും, അല്ലാഹുവിന്റെ ഇഷ്ട തോഴനുമായ ഹസ്രത്ത് ഇബ്രാഹിമി (അ)ന്റെ ഭാര്യാപദം അലങ്കരിക്കുവാനുള്ള യാതൊരു യോഗ്യതയും തനിക്കില്ലെന്ന് ആഫ്രിക്കയിലെ ഏതോപ്യക്കാരിയായ അവർക്കറിയാമായിരുന്നു. പരമശക്തനായ അല്ലാഹു തന്റെ അസംഖ്യം സൃഷ്ടികളിൽ നിന്ന് ഒരു സ്ത്രീയെ, സ്ത്രീകളിൽ വെച്ച് ഒരടിമയെ, അടിമകളിൽ വച്ച് ഒരു കറുത്ത ദാസിയെ തിരഞ്ഞെടു

ത്തു. ദൈവത്തിന്റെ ചില കർമ്മങ്ങൾക്ക് പിന്നിലുള്ള യുക്തി മനുഷ്യന്റെ ബുദ്ധിക്കും, ചിന്തക്കും ഉൾക്കൊള്ളാൻ കഴിയണമെന്നില്ല. അദൃശ്യജ്ഞാനം അല്ലാഹു അല്ലാത്ത മറ്റാർക്കുമില്ലെന്ന് ഖുർആൻ തെളിയിക്കുന്നു: "അല്ലാഹു അല്ലാതെ ആകാശങ്ങളിലും ഭൂമിയിലുള്ളവരാരും അദൃശ്യം അറിയുന്നില്ല" (അന്നംല് 66) സൃഷ്ടാവെന്നപോലെ പരിപാലകൻ കൂടിയാണ് അല്ലാഹു. കാര്യങ്ങളുടെ അകവും പുറവും ശരിയായി അറിയുന്നവൻ അല്ലാഹു മാത്രമാണ്. "അല്ലാഹു തന്റെ കാര്യം നടത്തുക തന്നെ ചെയ്യും അധിക ജനങ്ങളും പക്ഷെ അത് മനസ്സിലാക്കുന്നില്ല" എല്ലാം സ്പഷ്ടമായ ഒരു ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്" (ഹൂദ്7)

ഒരാൾക്കും ജീവിതത്തിന്റെ ഭാവിയെന്താണെന്ന് അറിയാൻ കഴിയില്ല. മനുഷ്യജീവിതത്തിന്റെ അർത്ഥമെന്താണ്? മനുഷ്യന്റെ ആത്യന്തികമായ വിധി എന്താണ്? ഈ ചോദ്യങ്ങൾക്ക് ഉത്തരം അന്വേഷിച്ചു കൊണ്ടുള്ള അന്വേഷണങ്ങൾ നമ്മെ കൊണ്ടെത്തിക്കുന്നത് 'വിശ്വാസ'ങ്ങളിലേക്കാണ്. അല്ലാഹുവിലുള്ള വിശ്വാസം, അവന്റെ എല്ലാ ആജ്ഞാനിർദ്ദേശങ്ങളും അനുസരിക്കുവാനുള്ള സന്നദ്ധത ഇവയായിരുന്നു ഇബ്രാഹിം നബിയുടെയും ഹാജറാ ബീവിയുടെയും, ഇസ്മാഈൽ നബിയുടെയും മുഖമുദ്ര. വിശ്വാസത്തിന്റെ മാറ്റുരച്ച ദൈവീകപരീക്ഷണമായിരുന്നു ഇവരുടെയൊക്കെ ജീവിതം. ഇബ്രാഹിം നബി(അ)ഹാജറയെയും, ഇസ്മാഈലിനെയും മരുഭൂമിയിൽ ഉപേക്ഷിച്ചു പോകുമ്പോൾ അവരുടെ കൈയിലുണ്ടായിരുന്നത് കാരക്കയുടെയും, വെള്ളത്തിന്റെയും രണ്ട് ചെറിയ തോൽപാത്രങ്ങൾ മാത്രം. നിർജ്ജലവും, കൃഷിരഹിതവും ജനവാസത്തിന്റെ അടയാളം പോലുമില്ലാത്ത ഊഷരഭൂമിയിൽ തന്നെയും മകനെയും തനിച്ചാക്കി പോകുമ്പോൾ അവർ ആ മഹാപ്രവാചകനോട് ചോദിച്ചു:

"ഞങ്ങളെ ആർക്കേല്പിച്ചുകൊടുത്താണ് അങ്ങ് പോകുന്നത്"?

"അല്ലാഹുവിനെ"എന്നായിരുന്നു ഇബ്രാഹിം(അ)ന്റെ മറുപടി.

ഇതുകേട്ട അവർ പ്രതികരിച്ചു: "ഞാൻ അല്ലാഹുവിൽ തൃപ്തയായിരിക്കുന്നു" (ബുഖാരി)

തനിക്ക് സംഭവിക്കുന്നതെന്തും ദൈവഹിതമനുസരിച്ചാണെന്ന വിശ്വാസം ഏത് പ്രതിസന്ധിയേയും നേരിടാൻ വിശ്വാസിയെ പ്രാപ്തനാക്കുന്നു. ദൈവവിശ്വാസം മനുഷ്യനെ ധീരനും, ദൃഢചിത്തനുമാക്കുന്നു. മനുഷ്യജീവിതത്തിന്റെ ദിശ നിർണ്ണയിക്കുന്ന പ്രധാന ഘടകം അവന്റെ വിശ്വാസമാണ്. ലൗകിക ജീവിതത്തിൽ നിതാന്ത ജാഗ്രതയാണ് വിശ്വാസം നമുക്ക് കല്പിച്ചു തരുന്നത്. സങ്കുചിത വ്യക്തിത്വത്തെ പ്രപഞ്ചത്തിന്റെ ഏറെക്കുറെ എല്ലാ ചൈതന്യവുമുൾക്കൊള്ളുന്ന വ്യക്തിത്വമായി വികസിപ്പിക്കുവാൻ വിശ്വാസത്തിലൂടെ മനുഷ്യന് കഴിയുന്നു.

വസ്തുനിഷ്ഠമായ ഒരു ചരിത്രാന്വേഷകന്റെ പദവിയിൽ നിന്നും നോക്കുമ്പോൾ ഇസ്ഹാഖിന്റെ പിറവിക്കുശേഷം സാറയുടെ മനം മാറുന്നതായും, ഇബ്രാഹിമിന്റെ കുടുംബജീവിതത്തിൽ അസ്വാരസ്യങ്ങൾ പ്രത്യക്ഷപ്പെടുന്നതായും നിങ്ങൾക്ക് കാണാൻ പറ്റും. സാറയുടെ മുറുമുറുപ്പും, ഇബ്രാഹിം നബിയുടെ ജീവിതത്തിലുണ്ടായ താളപ്പിഴകളുമാണ് ഹാജറയെയും, കുഞ്ഞിനെയും വിജനമായ മരുഭൂമിയിൽ ഉപേക്ഷിക്കുവാൻ ഇടവരുത്തിയതെന്ന് പ്രത്യക്ഷത്തിൽ ആർക്കും തോന്നാം.

എന്നാൽ അതിനുപിന്നിലുള്ള രഹസ്യം അറിയാവുന്നത് അല്ലാഹുവിന് മാത്രമാണ്. ചരിത്രത്തിൽ തുല്യതയില്ലാത്ത ഹാജറയുടെ മൗനങ്ങൾക്ക് ആഴിയേക്കാൾ ആഴമുണ്ട്. ബുദ്ധിയുടെ വ്യാഖ്യാനശേഷിക്കതീതമാണ് അവരുടെ ജീവിതാനുഭവങ്ങൾ. ഏകാന്തഭീകരമായ മരുഭൂമിയിൽ മുലകുടിമാറാത്ത പൈതലിനോടൊപ്പം ഒരു മാതാവ് തനിച്ചാവുക. കൈയിൽ ഇത്തിരി വെള്ളവും, കാരക്കയും മാത്രം, ചുറ്റുപാടാകെ അപകടകരമായ സാഹചര്യം. അവളുടെ ഉൾപ്രേരണ വികാരനിർഭരമാണ്. നിലനിൽപ്പിനായുള്ളതാണ്. അവളുടെ കുടുംബത്തിന്റെ അസ്തിത്വമാണ് അപകടത്തിലായിരിക്കുന്നത്. സർവ്വനിലയിലും സങ്കീർണ്ണമായ ഒരവസ്ഥയിൽ അല്ലാഹുവിന്റെ സകല തീരുമാനങ്ങളിലും സംതൃപ്തിയടയുക. അറ്റം കാണാത്ത മരുഭൂമിയിൽ ഒറ്റപ്പെട്ടുപോയ ഹാജറ നെഞ്ചിലേറ്റിയ ശുഭാപ്തിയുടെ ഒരംശമെങ്കിലും നമ്മിലുണ്ടായെങ്കിൽ!

നാഴികകൾ നീങ്ങി......ഹാജറയുടെ കയ്യിലുണ്ടായിരുന്ന തോൽസഞ്ചിയിലെ പാനജലം തീർന്നു. അവശത കാരണം അവരുടെ സ്തനങ്ങൾ പാൽചുരത്താതായി. ഇസ്മാഈൽ തൊണ്ട വരണ്ടു കരയുകയാണ്. ദാഹിച്ചവശയായ സ്വന്തം പൈതലിന്റെ തേങ്ങികരച്ചിൽ എത്രസമയം സഹിക്കാൻ ഒരു മാതാവിന് കഴിയും? ഹാജറ ചുറ്റുപാടും നോക്കി; വിജനമായ നിശബ്ദത മാത്രം! അങ്ങകലെ രണ്ട് കൊച്ചുകുന്നുകൾ. ഹാജറ കുന്നിനെ ലക്ഷ്യം വച്ചുകൊണ്ട് ഓടി. കുന്നിനുമുകളിൽ കയറി ആശയോടെ അകലങ്ങളിലേക്ക് ദൃഷ്ടി പായിച്ചു. ഫലം നിരാശയും, വേദനയും മാത്രം. ഹാജറ ആ കുന്നിൽ നിന്നിറങ്ങി മറ്റേ കുന്നിൽകയറി, അവിടെയും ഒന്നും കാണാനില്ല. പിന്നെയും ആദ്യത്തെ കുന്നിലേക്ക്..........അവരങ്ങിനെ വേവലാതിയോടെ അങ്ങോട്ടും, ഇങ്ങോട്ടും ഓടുകയും കുന്നുകൾ കയറിയിറങ്ങുകയും ചെയ്തു. ഇടയ്ക്കൊരിക്കൽ കുഞ്ഞിലേക്ക് തിരിഞ്ഞ ഹാജറ ആകെ അതിശയപ്പെട്ടു. ദാഹജലത്തിനായി കരയുമ്പോൾ ഇസ്മാഈൽ കാലിട്ടടിച്ചേടത്ത് നീരുറവ..........ഒരു കുഞ്ഞിന്റെയും ഉമ്മയുടെയും ദാഹശമനം മാത്രമാണോ സംസം? ഹാജറാബീവിയുടെ ദൈവഭക്തിയുടെ നിർവൃതികൂടിയല്ലേ അത്. ദാഹാർത്തനായി കരഞ്ഞ ഇളം പൈതൽ ഇസ്മാഈലിന്റെ പ്രാണരക്ഷാർത്ഥം ഒരിറ്റു ജലത്തിനായി സ്വഫാ-മർവമലകൾക്കിടയിൽ നെട്ടോട്ടമോടിയ ഹാജറയുടെ ത്യാഗത്തിന്റെ സ്മരണക്കായി ഇന്ന് ലക്ഷോപലക്ഷം ഭക്തർ സ്വഫാ-മർവകൾക്കിടയിൽ ഓടുന്നു. നൂറ്റാണ്ടുകൾ പിന്നിട്ട സ്നേഹത്തിന്റെ സ്മാരകമായി ആ ജലം 4000ത്തില

*(ശേഷം 12 -ാം പേജിൽ)*

# വാഗ്ദാനം ചെയ്യപ്പെട്ട ശാന്തിയുടെ മസീഹാണ് ഞാൻ

ഹസ്റത്ത് മിർസാഗുലാം അഹ്മദ് (അ)

**ഇസ്ലാം മതത്തിൽ ബലാൽക്കാരമോ ബലപ്രയോഗമോ ഇല്ല. മുഹമ്മദ്നബി(സ) യുടെ അദ്ധ്യാപനങ്ങൾക്ക് എതിരാണത്. സായുധനായ ഒരു മത പരിഷ്ക്കർത്താവിലുള്ള ഈ വിശ്വാസം ഇസ്ലാമിക വിരുദ്ധവുമാണ്.**

ഇക്കാലത്ത് അമുസ്ലിംഭരണാധിപന്മാർ ഇസ്ലാമിന്റെ കാര്യത്തിൽ ഇടപെടുന്നില്ല എന്നതു പ്രത്യക്ഷമാണ്. ഇസ്ലാമിന്റെ അനുഷ്ഠാന കർമ്മങ്ങളെ അവർ നിരോധിച്ചിട്ടില്ല. പുതുമുസ്ലിംകളെ അവർ കൊന്നുകളയുന്നില്ല. അവരെ തുറങ്കിലടച്ചു ഭേദ്യം ചെയ്യുന്നില്ല. അങ്ങനെയിരിക്കെ അവർക്കെതിരെ ഇസ്ലാമിന്റെ വാൾ എന്തിനു ചുഴറ്റപ്പെടണം? മതകാര്യത്തിൽ ബലപ്രയോഗത്തെ ഇസ്ലാം ഒരിക്കലും അനുകൂലിച്ചിട്ടില്ല. വിശുദ്ധഖുർആനും ഹദീസുകളും ചരിത്രരേഖകളും സൂക്ഷ്മമായി പരിശോധിക്കുകയും, കഴിയുന്നേടത്തോളം ശ്രദ്ധാപൂർവ്വം പഠിക്കുകയും ചെയ്കയാണെങ്കിൽ, മതധർമ്മം പരത്താനായി ഇസ്ലാം വാൾ ചുഴറ്റിയെന്ന ആരോപണം തികച്ചും അടിസ്ഥാനരഹിതമാണെന്നു മനസ്സിലാക്കാൻ പ്രയാസമുണ്ടാകുകയില്ല. ഖുർആനും ഹദീസുകളും വിശ്വാസ്യങ്ങളായ ഇസ്ലാമികചരിത്രരേഖകളും നിഷ് പക്ഷമായി പഠിച്ചിട്ടില്ലാത്തവരാണ് ഇത്തരം ആരോപണങ്ങൾ ഉന്നയിച്ചിട്ടുള്ളതു. അവർ പച്ചക്കള്ളങ്ങൾ തോന്നിയപോലെ കൂട്ടിക്കലർത്തിക്കൊണ്ടു തെറ്റായ ആരോപണങ്ങൾ തൊടുത്തുവിട്ടു. എന്നാൽ, ഈ ആരോപണങ്ങളിൽ സത്യമുണ്ടോ എന്നറിയാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നവരുടെ ദാഹവും വിശപ്പും അകറ്റാനുള്ള സമയമടുത്തിരിക്കുന്നു എന്നു എനിയ്ക്കറിയാം. ഖുർആൻ എന്ന വിശുദ്ധഗ്രന്ഥം 'ലാ ഇക് റാഹ ഫിദ്ദീൻ' "മതത്തിൽ ബലാൽക്കാരമില്ല"- അതായതു, മതത്തിൽ പ്രവേശിക്കുന്ന കാര്യത്തിൽ യാതൊരു ബലപ്രയോഗവും പാടില്ല- എന്നു ശക്തമായ മാർഗ്ഗനിർദ്ദേശം നൽകിയിരിക്കെ, ആ ഇസ്ലാം മതധർമ്മത്തെപ്പറ്റി ബലപ്രയോഗത്തി ന്റെ മതമെന്നു പറയാമോ? പരിശുദ്ധ മക്കായിൽ പതിമൂന്നുകൊല്ലക്കാലം തിന്മയെ തിന്മകൊണ്ടു നേരിടരുതെ ന്നും ക്ഷമയും സഹനവും കൈക്കൊള്ളണമെന്നും തന്റെ സഖാക്കളോടും സ്നേഹിതരോടും രാവും പകലുമായി ഉപദേശിച്ചുകൊണ്ടിരുന്നിട്ടുള്ള ഒരു വന്ദ്യാത്മാവിന്റെ പേരിൽ ബലപ്രയോഗം നടത്തിയതായുള്ള ആരോപണം ഉന്നയിക്കാവുന്നതെങ്ങനെ? എന്നാൽ, ശത്രുക്കളുടെ അത്യാചാരങ്ങൾ അതിരുകടന്നപ്പോൾ ഇസ്ലാംധർമത്തെ വേരോടെ നശിപ്പിക്കാനായി സകല ശക്തികളും ഒന്നിച്ചുചേർന്നു ശ്രമിച്ചപ്പോൾ, 'വാളുയർത്തിയവൻ വാളാൽ നശിക്കണം' എന്ന നിർബന്ധത്തിൽ ദൈവത്തിന്റെ അഭിമാനബോധം തിളച്ചുമറിയുകയാണുണ്ടായത്. ഖുർആൻ ഒരിക്കലും ബലപ്രയോഗത്തിന്റെ പാഠം നൽകിയിട്ടില്ല. ബലപ്രയോഗത്തിന്റെ പാഠം നൽകിയിരുന്നെങ്കിൽ നമ്മുടെ നബിനായകർ (സ) തിരുമേനിയുടെ തിരുസഖാക്കൾ പരീക്ഷാഘട്ടങ്ങളിൽ ആത്മാർത്ഥതയുള്ള സത്യവിശ്വാസികളെപ്പോലെ ആർജ്ജവം കാണിക്കാൻ പ്രാപ്തരായിത്തീരുമായിരുന്നില്ല. നമ്മുടെ നബിനായകർ(സ) തിരുമേനിയുടെയും സഹാബാക്കളുടെയും ആത്മാർത്ഥത ഇവിടെ എടുത്തുപറയേണ്ടതായുണ്ടോ? അവരുടെ സത്യസന്ധതയുടെയും ആത്മാർത്ഥതയുടെയും മാതൃകകൾ മറ്റൊരു സമുദായത്തിലും തുല്യത കാണാൻ കഴിയാത്ത തരത്തിലുള്ളതത്രെ. ഖഡ്ഗങ്ങൾക്ക് കീഴിലും അവർ തങ്ങളുടെ ആത്മാർത്ഥതയും സത്യസന്ധതയും കൈയൊഴിച്ചില്ല. സുദീപ്തമായ ഹൃദയത്തിൽ നിന്നും മനസ്സിൽ നിന്നും മാത്രമല്ലാതെ പ്രത്യക്ഷപ്പെടുമാറില്ലാത്ത സത്യസന്ധതയും ആത്മാർത്ഥതയും അവർ പരിശുദ്ധനബിയുടെ സാന്നിദ്ധ്യത്തിൽ പ്രദർശിപ്പിച്ചു. ചുരുക്കത്തിൽ, ഇസ്ലാമിൽ ബലപ്രയോഗത്തിന്നു ഒരു സ്ഥാനവുമില്ല.

മൂന്നുതരത്തിലുള്ള യുദ്ധത്തിന്

മാത്രമെ ഇസ്ലാം അനുവാദം നല്കുന്നുള്ളൂ:

1. പ്രതിരോധപരം - എന്നുവച്ചാൽ, ആത്മരക്ഷയ്ക്കു വേണ്ടിയുള്ള യുദ്ധം.

2. പ്രതിക്രിയാപരം - എന്നുവച്ചാൽ, ചോരക്ക് ചോര എന്ന നിലയിൽ ശിക്ഷാരൂപത്തിലുള്ള യുദ്ധം.

3. പ്രമോചനപരം - എന്നുവച്ചാൽ, ഇസ്ലാമിനെ ആശ്ലേഷിക്കുന്നവരെ നിഗ്രഹിക്കുന്ന ഭീകരമർദ്ദകഭരണാധികാരികളിൽനിന്നു മോചനം പ്രാപിക്കാനുള്ള സ്വാതന്ത്ര്യസമരം.

ആരെയെങ്കിലും ബലംപ്രയോഗിച്ചും കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിയും മാർഗംകൂട്ടാനുള്ള നിർദ്ദേശംതന്നെ ഇസ്ലാമിൽ ഇല്ലാത്ത നിലക്ക് രക്ദാഹി മഹ്ദിയുടെയും രക്തദാഹി മസീഹിന്റെയും ആവിർഭാവത്തെക്കുറിച്ചുള്ള പ്രതീക്ഷ നിരർത്ഥകമാണെന്നു വ്യക്തമാണല്ലൊ. ഖുർആന്റെ അദ്ധ്യാപനങ്ങൾക്ക് വിപരീതമായി ജനങ്ങളെ മുസ്ലിംകളാക്കാൻ വാളുപയോഗിക്കുന്ന ഒരാൾ പ്രത്യക്ഷപ്പെടുകയെന്നത് ഒരിക്കലും സംഭവ്യമല്ല. ഇത് മനസ്സിലാക്കാൻ പ്രയാസമുള്ള കാര്യമോ മനുഷ്യന്റെ ധാരണാശക്തിക്കതീതമായിട്ടുള്ള പ്രശ്നമോ അല്ല. സ്വാർത്ഥതാൽപര്യങ്ങൾ കാരണം, വിഡ്ഢികൾ ഒരുപക്ഷെ അങ്ങനെയെല്ലാം വിശ്വസിച്ചെന്നുവരാം, മഹ്ദിഇമാം യുദ്ധം ചെയ്തു തങ്ങൾക്കു വഹിക്കാൻ കഴിയാത്തയത്ര മുതലുകൾ നേടിക്കൊടുക്കുമെന്നാവും ഈ മൗലവിമാർ പുലർത്തിപ്പോരുന്ന ധാരണ! ഇക്കാലത്തെ മൗലവിമാരെല്ലാം വളരെ ദരിദ്രരാണല്ലോ! അവരെല്ലാം മഹ്ദിഇമാമിന്റെ വരവും കാത്തിരിപ്പാണ്! തങ്ങളുടെ സ്വാർത്ഥപരമായ ആഗ്രഹങ്ങളെല്ലാം മഹ്ദി വെളിപ്പെടുന്നതോടെ നിറവേറ്റപ്പെടുമെന്ന വിചാരത്തിൽ പാവങ്ങൾ രാവും പകലും തള്ളിനീക്കുന്നു. ആകയാൽ, ഇത്തരമൊരു മഹ്ദിയിൽ വിശ്വാസംകൊള്ളാത്ത ആൾക്കെതിരെ അവർ അണിനിരക്കുന്നതിൽ അൽഭുതമില്ല. അത്തരമൊരാളെ അവർ കാഫിറെന്നു മുദ്രകുത്തി ഇസ്ലാമികവൃത്തത്തിൽ

*(ശേഷം 14 -ാം പേജിൽ)*

*(10 -ാം പേജിൽ നിന്ന് തുടർച്ച)*

ധികം വർഷങ്ങളായി ഇന്നും ദാഹാർത്തരുടെ ദാഹമകറ്റികൊണ്ടിരിക്കുന്നു. അല്ലാഹുവിന്റെ ചിഹ്നങ്ങളിൽപെട്ടത് എന്ന് ഖുർആൻ പരിചയപ്പെടുത്തുന്നത് ഹാജറ ഓടിക്കയറിയ സ്വഫായും, മർവയുമാണ്. 'സഅ്യ്'ലൂടെ ഹാജറ പുനർജ്ജനിക്കുകയാണ്. ഹാജറയുടെ മഹത്തായ ചരിത്രസ്മൃതികൾ ദൈവനിശ്ചയമനുസരിച്ച് ഇന്നും നാം അയവിറക്കുന്നു.

ഹജ്ജിന്റെ കാതൽ സ്നേഹമാണ്. സ്നേഹം കാരണമാണ് പ്രിയതരമായ സകലസംഗതികളും ദൈവമാർഗ്ഗത്തിൽ സമർപ്പിക്കുവാനുള്ള സന്നദ്ധത ഇബ്രാഹിമി(അ)ലുണ്ടായത്. മനുഷ്യനെ ദൈവവുമായി ബന്ധിപ്പിക്കുന്നതിനുള്ള പ്രധാനഘടകം സൃഷ്ടാവിനോടുള്ള സ്നേഹമാണ്. മനുഷ്യർക്കനുഭവിക്കാവുന്ന ഏറ്റവും ഉന്നതമായ അനുഭൂതിയാണത്. ബാഹ്യപ്രേരണകളുടെ ഭൗതികമായ മേധാവിത്വത്തിന് ഒരു പ്രാധാന്യവും നൽകാതെ, വിശ്വാസത്തിലധിഷ്ഠിതമായ ആന്തരികപ്രേരണകൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് ധാർമ്മിക നിയമങ്ങളനുസരിച്ച് പ്രവർത്തിക്കുവാനുള്ള വികാരങ്ങൾ മനുഷ്യരിൽ സ്വയം സംജാതമാക്കുവാനുള്ള ദർശനങ്ങളാണ് ഇബ്രാഹിം നബി നമുക്ക് കാണിച്ചുതരുന്നത്. ബുദ്ധിപരമായ മേധാവിത്വം കരസ്ഥമാക്കിയവരുടെ ദർശനങ്ങളും, സിദ്ധാന്തങ്ങളും, തത്വങ്ങളും നമ്മെപോലുള്ള സാധാരണക്കാരെ ആകർഷിക്കുന്നു. തുടർന്ന് വ്യക്തി അവന്റെ ചിന്തയ്ക്ക് ശിക്ഷണം നൽകുകയും അവ സ്വജീവിതത്തിൽ സാക്ഷാത്കരിക്കാനുതകുന്ന വിധത്തിൽ പ്രായോഗികവത്കരിക്കുകയും ചെയ്യുമ്പാഴാണ് ശുദ്ധീകരണത്തിന്റെ തുടക്കം കുറിക്കാൻ സാധിക്കുന്നത്. മനുഷ്യന്റെ മഹത്വം കുടികൊള്ളുന്നത് തന്നെ അവന്റെ ചിന്തയിലാണ്. വിശേഷബുദ്ധിയെന്ന മഹത്തായ അനുഗ്രഹം നൽകിയാണ് അല്ലാഹു മനുഷ്യനെ ആദരിച്ചത്. ബുദ്ധി ഉപയോഗിച്ചു ചിന്തിക്കുന്ന മനുഷ്യന് ആർക്കും വർണ്ണിക്കാനാവാത്ത തന്റെ സ്രഷ്ടാവിനെ-അല്ലാഹുവിനെ-കണ്ടെത്താൻ കഴിയുന്നു. ജീവിതത്തിന്റെ സത്യസന്ധമായ സാക്ഷാത്കാരം സാധ്യമാകണമെങ്കിൽ നാം സ്രഷ്ടാവിന്റെ കല്പനയ്ക്കു മുമ്പിൽ വിധേയപെട്ടേ മതിയാകൂ.

വെടിഞ്ഞുകൊണ്ട് നേടുക എന്നതാണ് ആദർശജീവിതത്തിന്റെ മാനദണ്ഡം. മറ്റാർക്കും ചെയ്യാൻ സാധിക്കാത്ത കാര്യം ചെയ്യുന്നല്ല ത്യാഗം. വെടിയാനുള്ള താല്പര്യമാണ് ത്യാഗം കൊണ്ടുദ്ദേശിക്കുന്നത്. ഇബ്രാഹിം നബിയുടെയും, ഹാജറാബീവിയുടെയും, ഇസ്മാഈൽ നബിയുടെയും വ്യക്തിത്വത്തിന്റെ ഉജ്ജ്വലഭാവങ്ങളിൽ മികച്ചു നിൽക്കുന്നത് ആരാധിക്കപ്പെടുന്ന 'ശക്തി'യിലേക്ക് ആരാധിക്കുന്ന മനസ്സിന്റെ അതുല്യമായ സമർപ്പണമാണ്. ത്യാഗനിരതമായ ജീവിതത്തിന് നമ്മെ പ്രേരിപ്പിക്കുന്നതാണ് ഇവരുടെ അനുഭവങ്ങൾ. ജീവിതത്തിൽ സ്വയം അനുഭവിപ്പിക്കുന്ന ത്യാഗം തന്റെ ജീവിതത്തെത്തന്നെ മഹത്വരിക്കുമെന്ന ബോധം മനുഷ്യനെ കൂടുതൽ ത്യാഗസന്നദ്ധനാകാൻ പ്രേരിപ്പിക്കുന്നു. പക്ഷെ യാഥാർത്ഥ്യത്തെ മുന്നിൽ കാണുകയും, പ്രയാസങ്ങൾ നേരിട്ടനുഭവിക്കുകയും ചെയുമ്പോൾ അസ്വസ്ഥരും, പരാജിതരുമായിത്തീരുന്നവരാണ് മനുഷ്യരിലേറെയും. ഒരു ഘട്ടത്തിൽ ഭീതിയെയും, ആശങ്കയെയും ന്യായീകരിച്ചിരുന്ന കാരണങ്ങളൊന്നും തന്നെ മറ്റൊരു ഘട്ടത്തിൽ നിലനിൽക്കുന്നില്ലെന്ന് കുറച്ചൊന്നാലോചിച്ചാൽത്തന്നെ നമുക്ക് മനസ്സിലാക്കാൻ പറ്റും. നബി(സ) വിശദീകരിക്കുന്നു: "അല്ലാഹു വിധിച്ചതിൽ സംതൃപ്തികൊള്ളുകയാണ് മനുഷ്യ സൗഭാഗ്യം. അല്ലാഹുവിനോട് നന്മ തേടുന്ന മനസ്സ് നഷ്ടപ്പെടുത്തുകയാണ് മനുഷ്യന്റെ ദൗർഭാഗ്യം. ദൈവം തനിക്ക് വിധിച്ചതിൽ ക്രുദ്ധനായി ജീവിക്കുന്നത് മനുഷ്യന്റെ നിർഭാഗ്യമാകുന്നു"(തിർമിദി) ■

# മുസ്‌ലിം സഹോദരന്മാരേ, ശ്രദ്ധിക്കുക

ഹസ്രത്ത് മിർസാ ത്വാഹിർ അഹ്മദ്
ഖലീഫത്തുൽ മസീഹ് IV (റ)

**ഇറാഖ് കുവൈത്ത് കീഴടക്കിയതിനെ തുടർന്ന് ഗൾഫ് സംഘർഷം തുടങ്ങിയ ആദ്യനാളുകളിൽ അതായത് 1990 ആഗസ്റ്റ് 3 മുതൽ 1991 മാർച്ച് 15 വരെ ഖലീഫത്തുൽ മസീഹ് നാലാമൻ പതിനേഴ് ഖുത്ബകൾ ഓതുകയുണ്ടായി. ഖുർആനിലെ പ്രവചനങ്ങൾ, ലോകരാഷ്ട്രീയത്തിന്റെ അടിയൊഴുക്കുകൾ, മുസ്‌ലിം ലോകത്തിന്റെ ഭാവി, പാശ്ചാത്യ രാജ്യങ്ങളുടെ ചതി, യഹൂദികളുടെ ഗൂഢാലോചന, ഖുർആനികമായ പരിഹാരങ്ങൾ മുതലായവ നിരവധി വിഷയങ്ങൾ അഗാധമായ ഉൾക്കാഴ്ചയോടെ വസ്തുനിഷ്ഠമായി ഈ ഖുത്ബകളിൽ പ്രതിപാദിച്ചിട്ടുണ്ട്. മുസ്‌ലിം ജനതയുടെ ഭാവിയിൽ താല്പര്യമുള്ള ഏവരും വായിച്ചിരിക്കേണ്ട ആ ഖുത്ബകളിലെ ആദ്യത്തേതിന്റെ അവസാനഭാഗമാണ് ഈ വിവർത്തനം. സത്യദൂതനിൽ ആ ഖുത്ബകളുടെ പല ഭാഗങ്ങളും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്.**

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ തലവൻ എന്ന നിലക്ക് ഞാൻ എന്റെ എളിയ ഉപദേശം എല്ലാ മുസ്‌ലിം സഹോദരന്മാരോടുമായി ഇവിടെ അറിയിക്കുകയാണ്. ഞങ്ങളെ നിങ്ങൾ സഹോദരന്മാരായി കണക്കാക്കുന്നുവോ ഇല്ലയോ എന്ന കാര്യം ഞാൻ പ്രശ്നമാക്കുന്നില്ല. മുഹമ്മദ് മുസ്തഫാ (സ)യുടെ ഉമ്മത്ത് തഖ്‌വ യുടെ മാർഗ്ഗത്തിൽ നിന്നും അണുകിട വ്യതിചലിക്കരുത്. കാരണം അവർ അതിഭയാനകമായ അപകടങ്ങളെ അഭിമുഖീകരിക്കുകയാണ്. ഇസ്‌ലാമിക ലോകത്തെ എതിർക്കുന്ന ശക്തികൾ നിങ്ങളുടെ നിസ്സാരമായ ആഭ്യന്തര പ്രശ്നങ്ങളിൽ വരെ നുഴഞ്ഞു കയറാൻ തക്കം പാർത്തിരിക്കുകയാണ്. ഒരു ദീർഘകാലം പാഴായിപ്പോയി. അവരുടെ കൈയ്യിൽ നിങ്ങൾ ശക്തിഹീനരും നിസ്സഹായരുമായ ഇരകളെപ്പോലെ, ഒരാളെ മറ്റൊരാളെക്കൊണ്ട് ആക്രമിപ്പിച്ച് കളിപ്പിക്കുകയായിരുന്നു. അതുകൊണ്ട് നിങ്ങൾ ദൈവഭക്തിയുടെ മാർഗ്ഗം മുറുകെ പിടിക്കുക. ഇന്ന് മുഹമ്മദ് നബി(അ) അനുഗൃഹീത സമുദായം അടിമേൽ മറഞ്ഞിരിക്കുകയാണ്. ഏറ്റവും നിന്ദാകരമായി അവരോട് പെരുമാറപ്പെടുന്നു. എല്ലാ വൻശക്തികളും ഇസ്‌ലാമിക ലോകത്തെ വളരെ അവജ്ഞയോടെ കാണുന്നു. മുസ്‌ലിം രാജ്യങ്ങളെ ഇന്ന് പൂച്ചയുടെ കൈയ്യിലൊതുങ്ങിയ എലിയെപ്പോലെയാണ് അവർ കണക്കാക്കുന്നത്. മുസ്‌ലിംകളെ അവരുദ്ദേശിക്കുമ്പോഴെല്ലാം അവർ ഇച്ഛിക്കുന്ന രീതിയിൽ കളിപ്പിക്കാം. അവർ അങ്ങേയറ്റം നിന്ദാകരമായി മാത്രമേ മുസ്‌ലിംകളോട് പെരുമാറുകയുള്ളൂ. മുസ്‌ലിം ലോകം അടിക്കടി കരുവാളിച്ചുപോകയും അവഗണനയുടെ അഗണ്യകോടിയിലേക്ക് തള്ളപ്പെടുകയും ചെയ്യുന്നു. ഇസ്‌ലാമിന്റെ പ്രതാപ മഹിമയും ആദരവുമെല്ലാം അസ്തമയ ഘട്ടത്തിലാണ്. അതുകൊണ്ടു നിങ്ങൾ ദൈവത്തെ ഭയപ്പെടുക. ഇസ്‌ലാമികാദ്ധ്യാപനങ്ങളിലേക്ക് തിരിച്ചു വരിക. ഇതുകൂടാതെ നിങ്ങൾക്ക് യാതൊരു അഭയകേന്ദ്രവുമില്ല.

തിരിച്ചടികളുടേയും അധഃപതനത്തിന്റേയും, ആവർത്തിച്ചു വരുന്ന ദുരന്തങ്ങളുടേയും ഈ കാലഘട്ടം മുസ്‌ലിംകൾ വാഗ്ദത്ത മസീഹിനെ നിഷേധിച്ചത് മൂലം സംജാതമായതാണെന്ന് ഞാൻ കരുതുന്നു. അതിൽ യാതൊരു സംശയവുമില്ല. ഇപ്പോൾ എന്റെ അവസാനത്തെ സന്ദേശമിതാണ്. നിങ്ങൾ കാലത്തിന്റെ ഇമാമിനു പിന്നിൽ അണിനിരക്കുക. ആ മഹാത്മാവിനെ സ്വീകരിക്കുക. അല്ലാഹു അയച്ച അദ്ദേഹത്തിന് നിങ്ങളെ നയിക്കാനുള്ള ശേഷിയുണ്ട്. അദ്ദേഹത്തെ കൂടാതെ നിങ്ങൾ തലപോയ ശരീരം പോലെയാണ്. ജീവന്റെ പ്രത്യക്ഷ ലക്ഷണം ഒരുപക്ഷെ അവയവങ്ങളുടെ പിടക്കലായിരിക്കാം. എന്നാൽ ആ പിടയൽ വേദനാജനകമാണ്. സമുദായത്തിന്റെ നേതൃത്വത്തിന് വേണ്ടി ദൈവം നൽകിയ തല നഷ്ടമായിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ പിന്തിരിയുക. നിങ്ങൾ ഇന്നു തന്നെ ദൈവികമായ നേതൃത്വവുമായി

ബന്ധം സ്ഥാപിക്കുക. ദൈവം നിയോഗിച്ച നേതൃത്വത്തെ നിഷേധിച്ചതിന് ശേഷം നിങ്ങൾക്ക് ശാന്തിയുടേയും സമൃദ്ധിയുടേയും പാത ഒരിക്കലും കാണാൻ സാധ്യമല്ല. ദുരിതങ്ങളുടെ കാലഘട്ടം വളരെ ദീർഘമേറിയതും വേദനാജനകവുമാണ്. നിങ്ങൾ ദൈവത്തിലേക്ക് തിരിയുക. പശ്ചാത്തപിക്കുക. അവനോട് മാപ്പിരക്കുക. ഞാൻ നിങ്ങൾക്ക് ഉറപ്പു തരുന്നു, സംഗതികൾ എത്രതന്നെ മോശമായിരുന്നാലും ശരി ദൈവത്തിൽ സ്ഥാപിതമായ നേതൃത്വത്തിന് നിങ്ങൾ സ്വയം സമർപ്പിക്കുകയാണെങ്കിൽ നിങ്ങൾ ലോകത്തിൽ വെച്ചേറ്റവും വൻശക്തിയായി ഉയരുമെന്ന് മാത്രമല്ല ആ ഇസ്‌ലാമിക പ്രസ്ഥാനം പുതിയമേധാശക്തിയോടെ പ്രവർത്തനം ആരംഭിക്കുന്നതുമാണ്. ഭൂലോകത്ത് മറ്റൊരു ശക്തിക്കും അതിനെ അതിജീവിക്കാൻ സാധിക്കയില്ല. യുഗയുഗാന്തരങ്ങളായി മനുഷ്യൻ നേടിയ ഭൗതികപുരോഗതിയെല്ലാം ഏതാനും വർഷത്തെ നേട്ടങ്ങളുടെ പഴങ്കഥകളായി മാറത്തക്കവിധം പുരോഗതിയും ക്ഷേമവും ദൃശ്യമാകും. നിങ്ങൾ ക്ക് ഞങ്ങളുമായികൂടിച്ചേരാം. അല്ലെങ്കിൽ ചേരിതിരിക്കാം. അഹ്മദിയ്യാ മുസ്‌ലിം സമൂഹം അതിന്റെ ശരീരവും, ആത്മാവും, വിഭവങ്ങളും ഉപയോഗിച്ച് ഈ മാർഗ്ഗത്തിൽ മുന്നേറുക തന്നെ ചെയ്യും. ഇന്നും ഇത് തുടരുന്നു. വരും കാലങ്ങളിലും ഈ മഹൽത്യാഗം തുടരുക തന്നെ ചെയ്യും. ഈ അന്തിമ വിജയം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ വിധിയിൽ മാത്രം എഴുതി ചേർക്കപ്പെട്ടതാണ്. അതുകൊണ്ട് വരിക, സഹോദരന്മാരേ, ചരിത്രപരവും അനുഗൃഹീതവുമായ ഈ പ്രസ്ഥാനത്തിന്റെ സൗഭാഗ്യങ്ങളിൽ പങ്കുചേരുക. അല്ലാഹു നിങ്ങളെ അപ്രകാരം ചെയ്യാൻ കഴിവുറ്റവരാക്കിത്തീർക്കട്ടെ. നിങ്ങളെ സേവിക്കാൻ ദൈവം ഞങ്ങളെ പ്രാപ്തമാക്കട്ടെ. അവന്റെ നാമത്തിൽ അല്ലാഹുവിന്റെ പേരിൽ-മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയോടുള്ള സ്നേഹത്തിന്റെ പേരിൽ നിങ്ങളുടെ കഷ്ടപ്പാടിന്റെയും ദുരിതങ്ങളുടെയും ഈ നാളുകളിൽ നിങ്ങൾക്ക് വേണ്ടി ത്യാഗങ്ങൾ അർപ്പിക്കാൻ ഞങ്ങൾ സന്നദ്ധരാണ്. പക്ഷെ നിങ്ങൾ അതിൽ നിന്നും യാതൊരു ഫലവുമെടുക്കുന്നില്ല. അഹ്മദികളുടെ സേവനസന്നദ്ധതയെ നിങ്ങൾ പുറംകാൽ കൊണ്ട് തട്ടിക്കളയുന്നു. അതാണ് വർത്തമാനകാലത്തെ ഇസ് ലാമിക ലോകത്തിന്റെ ഏറ്റവും വലിയ ദൗർഭാഗ്യം. അല്ലാഹു നിങ്ങൾക്ക് ബുദ്ധിയും വിവേകവും നൽകട്ടെ.

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനോട് എനിക്കുള്ള അപേക്ഷയിതാണ്. നിങ്ങളുടെ സേവനങ്ങളിൽ അവർ ഫലമെടുക്കുകയോ എടുക്കാതിരിക്കുകയോ ചെയ്യട്ടെ. അവർ നിങ്ങളെ സഹോദരന്മാരായി കണക്കാക്കുകയോ, കണക്കാക്കാതിരിക്കുകയോ ചെയ്യട്ടെ. പ്രാർത്ഥനയിലൂടെ മുഹമ്മദ് നബി(സ)യുടെ ഉമ്മത്തിനെ നിങ്ങൾ സേവിച്ചു കൊണ്ടിരിക്കുക. വാഗ്ദത്ത മസീഹ് തന്റെ പേർഷ്യൻ കവിതയിൽ പറഞ്ഞ കാര്യം നിങ്ങൾ എപ്പോഴും അനുസ്മരിക്കുക.

'ഓ എന്റെ ഹൃദയമേ, നീ എപ്പോഴും ഇതോർക്കുക. നിന്റെ ശത്രുവിനെ എപ്പോഴും പരിഗണിക്കുക. നിന്നെ വെറുക്കുന്ന മുസ്‌ലിംകൾ നിന്റെ പ്രിയപ്പെട്ട ദൂതർ പരിശുദ്ധനായ മുഹമ്മദി (സ)ന്റെ അനുയായികളാണെന്ന് പറയുന്നവരാണ്'.

അതുകൊണ്ട് നമ്മുടെ ഏറ്റവും പ്രിയങ്കരനായ പ്രവാചക തിരുമേനിയെ സ്നേഹിക്കുന്ന മുസ്‌ലിം സമുദായത്തോട് എപ്പോഴും നിങ്ങൾ കാരുണ്യപൂർവ്വം പെരുമാറുക. അപ്രകാരം ചെയ്യാൻ അല്ലാഹു തുണക്കട്ടെ (ആമീൻ)

■

---

*(12 -ാം പേജിൽ നിന്ന് തുടർച്ച)*

നിന്നു പുറന്തള്ളാനൊരുങ്ങുന്നു. ഈ കൂട്ടരുടെ കണ്ണിൽ ഞാനും ഒരു കാഫിറായിത്തീർന്നിരിക്കുന്നു. അതെ, ഇക്കാരണത്താൽതന്നെ. എന്തെന്നാൽ, ഞാൻ രക്തദാഹിമഹ്ദിയിലും ചോരക്കൊതിയൻ മസീഹിലും വിശ്വസിക്കുന്നില്ല. അല്ലാ ഞാൻ അത്തരം നിരർത്ഥക ആശയങ്ങളെ വെറുക്കുകയും അവജ്ഞയോടെ തള്ളിക്കളയുകയും ചെയ്യുന്നു. അവരുടെ ഭാവനയിലുള്ള ഇത്തരം മഹ്ദിയിലും ഇത്തരം മസീഹിലും വിശ്വസിക്കാത്തതിനാണ് അവരെന്നെ കാഫിറാക്കിയിരിക്കുന്നത്. എന്നുമാത്രമല്ല, ദൈവത്തിൽനിന്നുള്ള വ്യക്തമായ വെളിപാടനുസരിച്ച് ബൈബിളിലും ഖുർആനിലും ഹദീസുകളിലും സുവിശേഷം അറിയിക്കപ്പെട്ട സത്യമഹ്ദിയും വാഗ്ദാനം ചെയ്യപ്പെട്ട സത്യമസീഹും ഞാൻതന്നെയാണെന്നു ഞാൻ പരസ്യമായി പ്രഖ്യാപിച്ചിട്ടുള്ളതും എന്നെ കാഫിറാക്കിയതിന്നുള്ള കാരണംതന്നെ. എന്നാൽ, മഹ്ദീമസീഹാണെന്നു വാദിക്കുന്ന എനിയ്ക്ക് വാളോ തോക്കോ നൽകപ്പെട്ടിട്ടില്ല. വിനയത്തോടും സൗമ്യതയിലും ജനങ്ങളെ ദൈവത്തിലേക്ക് വിളിക്കാനാണ് ഞാൻ ആജ്ഞാപിക്കപ്പെട്ടിട്ടുള്ളത്. ആ ദൈവമാകട്ടെ, നിത്യനും മാറ്റമില്ലാത്തവനും പരമപരിശുദ്ധനും പരമജ്ഞാനിയും പരമകാരുണികനും പരമനീതിമാനുമായ സത്യദൈവമാകുന്നു.

■

## മതയുദ്ധം ഇനിമേലില്ല

നോക്കൂ, ഞാൻ ഒരു കല്പനയും വഹിച്ചു കൊണ്ടാണ് നിങ്ങളുടെ അടുക്കൽ വന്നിരിക്കുന്നത്. അതു ഇതാണ്. ഇപ്പോൾ വാളിന്റെ ജിഹാദ് അവസാനിച്ചിരിക്കുന്നു. ആത്മാവിനെ ശുദ്ധീകരിക്കുന്ന ജിഹാദ് അവശേഷിക്കുന്നു. ഞാനിത് എന്റെ സ്വന്തം നിലയിൽ പറയുന്നതല്ല. ദൈവത്തിന്റെ ഇച്ഛയും ഉദ്ദേശ്യവും തന്നെയാണിത്. സഹീഹ് ബുഖാരിയിൽ വാഗ്ദത്ത മസീഹിനെ സ്തുതിച്ചുകൊണ്ട് 'അദ്ദേഹം യുദ്ധങ്ങൾ അവസാനിപ്പിക്കും' എന്ന് പറയപ്പെട്ടിരിക്കുന്നതിലേക്ക് ശ്രദ്ധ തിരിക്കുവീൻ.

**ഹസ്രത്ത് അഹ്മദ് (അ) (ജിഹാദ്)**

ഹസ്റത്ത് ഇർഫാനി

# അഹ്മദികൾക്ക് ഹജ്ജ് മുടക്കാൻ പാടില്ല; സുൽത്താൻ ഇബ്നുസുഊദിന്റെ വാഗ്ദാനം

**വാഗ്ദത്ത മഹ്ദി (അ) യുടെ സഹാബിയും ഗ്രന്ഥകാരനുമായ അൽഹാജ് ഹസ്റത്ത് യഅ്ക്കൂബ് അലി സാഹിബ് ഇർഫാനി (റ) രചിച്ച 'കിതാബുൽ ഹജ്ജ്' എന്ന പുസ്തകത്തിൽ നിന്നുള്ളതാണ് ഈ ലേഖനം.**

**മുസ്ലിമായ ഒരാൾക്ക് ഹജ്ജ് നിഷേധിക്കുന്നവരെ ശിക്ഷിക്കുമെന്നു അല്ലാഹു താക്കീത് ചെയ്തതാണ്. ചില ഉലമാക്കന്മാർ ദുഷ്പ്രചാരണം നടത്തിയെങ്കിലും സഊദി ഭരണാധികാരികൾ ഹജ്ജ് നിർവ്വഹിക്കാൻ ആദ്യകാലത്ത് അഹ്മദികളെ അനുവദിച്ചു. സുൽത്താൻ ഇബ്നുസുഊദിന് അല്ലാഹുവിന്റെ താക്കീതിനെപ്പറ്റി ബോദ്ധ്യമുണ്ടായിരുന്നു. ഹസ്റത്ത് സർ സഫറുല്ലാഹ്ഖാൻ സാഹിബിനെ അമീർ ഫൈസൽ വിശിഷ്ടാഥിതിയായി ഹജ്ജിനു ക്ഷണിക്കുകയാണുണ്ടായത്. പിന്നീടു എണ്ണപ്പണം കുമിഞ്ഞു കൂടിയപ്പോൾ 1974-ൽ പാക്കിസ്ഥാനിൽ നിന്നും ഇന്ത്യയിൽ നിന്നും വന്നു ചേർന്ന ഉപജാപകരായ ഉലമാക്കന്മാരും റാബിതത്തുൽ ആലമിൽ ഇസ്ലാമിയുമാണ് അഹ്മദികൾക്കു ഹജ്ജ് നിരോധിക്കാൻ സഊദി ഭരണകൂടത്തെ പ്രേരിപ്പിച്ചത്. അതിന് ശേഷം സഊദി അറേബ്യക്കും മുസ്ലിം ലോകത്തിനും ശിക്ഷയാണോ രക്ഷയാണോ ഉണ്ടായത്? വായനക്കാർ വിലയിരുത്തുക.**

'ജലാലത്തുൽമുൽക്ക് സുൽത്താൻ ഇബ്നുസഊദുമായി മൂന്നു തവണ കൂടിക്കാഴ്ച നടത്താൻ എനിക്കവസരമുണ്ടായി. രണ്ടു തവണ എന്റെ കൂടെ മുബല്ലിഗുൽ ഇസ്ലാം ഹസ്രത്ത് അൽഹാജ് അബ്ദുർഹീം നയ്യർ സാഹിബും (റ) ഉണ്ടായിരുന്നു. മൂന്നാമത്തെ തവണ ഞാനൊറ്റയ്ക്കാണ് കൂടിക്കാഴ്ച നടത്തിയത്. അത് വളരെ പ്രധാനപ്പെട്ടതുമായിരുന്നു. വിശുദ്ധമക്കയിൽ സുൽത്താൻ ഇബ്നുസുഊദ് പ്രവേശിച്ച ആദ്യത്തെ കൊല്ലംതന്നെയാണ് അതുണ്ടായത്. ധാരാളം അഹ്ലെ ഹദീസുകാർ അവിടെ വന്നെത്തിയിട്ടുണ്ടായിരുന്നു. മൗലവി മുഹമ്മദ് ഇസ്മായീൽ സൂറത്തിയും അവരിൽ ഒരാളായിരുന്നു. എന്റെ ബോംബെ പ്രവാസകാലത്ത് അടുത്ത് പരിചയിക്കാനിടയായ ഇദ്ദേഹം വിശ്വാസപരമായി അഹ്ലെഹദീസ് കക്ഷിക്കാരനായിരുന്നതിനോടൊപ്പം ഒരു ഉറച്ച കോൺഗ്രസ്സുകാരനുമായിരുന്നു. സൂറത്തി സാഹിബിന് സുൽത്താന്റെ വളരെ അടുത്ത ആളുകളിൽപെട്ട മൗലവി ഇസ്മായിൽ ഗസ്നവിയോട്(സുൽത്താന്റെ ഭരണത്തിന്റെ നിലനിൽപിനുവേണ്ടി വലിയ ത്യാഗങ്ങൾ ചെയ്തിട്ടുള്ള ഒരാളാണിദ്ദേഹം) എന്തോ നീരസം ഉണ്ടായിരുന്നു. സുൽത്താനോട് ഗസ്നവിസാഹിബിനുള്ള അടുപ്പവും അദ്ദേഹത്തിന് ലഭിച്ചിരുന്ന സ്ഥാനവും മൗലവി ഇസ്മായീൽ സൂറത്തിക്ക് അസഹനീയമായി ത്തോന്നി. ഗസ്നവി സാഹിബിനോട് എനിയ്ക്ക് ചെറുപ്പത്തിലേ ബഹുമാനമായിരുന്നു. അതിനാൽ അദ്ദേഹം എന്നെയും സ്നേഹിച്ചു. ഗസ്നവീസാ

ഹിബിനെതിരെ ആരോപണങ്ങൾ തൊടുത്തുവിടാൻ ഇതൊരു നല്ല അവസരമാണെന്ന് സൂറത്തിസാഹിബ് കരുതി. ഗസ്നവിസാഹിബ് എന്നെ സുൽത്താന്റെ അടുക്കൽ കൂട്ടിക്കൊണ്ട് ചെല്ലുന്നു എന്ന് അദ്ദേഹം ഒരാക്ഷേപം പുറപ്പെടുവിക്കുകയും ഇത് വലിയൊരു ഫിത്നയാണെന്നും മറ്റും പറഞ്ഞുപരത്തുകയും ചെയ്തു.

സുൽത്താന് എന്റെ വിശ്വാസങ്ങൾ നന്നായി അറിയാമായിരുന്നു. സുൽത്താൻ ഇക്കാര്യം ശൈഖുൽ ഇസ്‌ലാം അബ്ദുല്ലാഹിബ്നു യൽഹീദുമായി ചർച്ച ചെയ്കയും ചെയ്തിരുന്നു. ഞാനുമായി കൂടിക്കാഴ്ച നടത്തുന്നതിനെപറ്റി സുൽത്താൻ അദ്ദേഹത്തോടഭിപ്രായമാരായുകയുമുണ്ടായി. ഏറ്റവും ശരിയായ ഒരഭിപ്രായമാണ് ശൈഖുൽ ഇസ്‌ലാം (അല്ലാഹു അദ്ദേഹത്തിന്റെ നേരെ റഹീം ചെയ്യുമാറാകട്ടെ!)നൽകിയത്. ഇക്കൂട്ടർ ഇസ്‌ലാമിന്റെ തബ്‌ലീഗ് ചെയ്യുന്നവരാണെന്നും തിരുമനസ്സുകൊണ്ട് നിശ്ചയമായും അവരുമായി കൂടിക്കാഴ്ച നടത്തി അവരുടെ നിലപാടും വിശ്വാസങ്ങളും മനസ്സിലാക്കണമെന്നും അദ്ദേഹം ഉപദേശിച്ചു. ഇങ്ങനെയാണ് എനിയ്ക്ക് സുൽത്താനുമായി കൂടിക്കാഴ്ച നടത്താനും എന്റെ വിശ്വാസങ്ങൾ സുൽത്താനെ അറിയിക്കാനും അവസരം ലഭിച്ചത്.

സുൽത്താനുമായി ഞാൻ കൂടിക്കാഴ്ച നടത്തിയെന്ന് സുറത്തി സാഹിബ് അറിഞ്ഞപ്പോൾ അദ്ദേഹം ഗസ്നവി സാഹിബിനെക്കുറിച്ച് സുൽത്താന്റെ അടുക്കൽ ആക്ഷേപം ബോധിപ്പിച്ചു. സംഗതികൾ ശരിക്കും അറിയുന്ന സുൽത്താൻ, ഇബ്നുസുഊദ് ഞാൻ ശരിയായ വഴിക്കാണ് തന്നെ സമീപിച്ചതെന്നും താൻ ശൈഖുൽ ഇസ്‌ലാമിനോട് ഉപദേശമാരാഞ്ഞശേഷമാണ് കൂടിക്കാഴ്ചയ്ക്ക് അനുമതി നൽകിയതെന്നും അറിയിച്ചു. ഞാൻ നൽകിയ ഗ്രന്ഥങ്ങൾ താൻ സ്വീകരിച്ചതായും ഇക്കാര്യത്തിൽ ഗസ്നവി സാഹിബിന് ഒരു പങ്കും ഇല്ലെന്നും സുൽത്താൻ പറഞ്ഞു.

തുടർന്ന് സൂറത്തി സാഹിബിനോട് അദ്ദേഹം മക്കയിൽ വന്നതെന്തിനാണെന്ന് സുൽത്താൻ ചോദിക്കുകയുണ്ടായി. ഹജ്ജ് ചെയ്യാൻ വന്നതാണെന്ന് അദ്ദേഹം മറുപടി നൽകി. അപ്പോൾ സുൽത്താൻ തിരുമനസ്സുകൊണ്ട് ഇപ്രകാരം പറഞ്ഞു:"**ഞങ്ങൾ ബദുക്കളാണ്. ഞങ്ങളുടെ ഭവനത്തിൽ ശത്രുക്കൾക്കും അഭയം നൽകാറുണ്ട്. ഇവർ ദൈവത്തിന്റെ ഭവനത്തിലാണ് വന്നിട്ടുള്ളത്. ദൈവത്തിന്റെ ഭവനത്തിൽ നിന്ന് ഇവരെ ആട്ടിപ്പുറത്താക്കാൻ ഞാനോ നിങ്ങളോ ആരാണ്? പിന്നെ 'ഫിത്ന'യുടെ കാര്യമല്ലേ? അദ്ദേഹം നിയമവിരുദ്ധമായി എന്തെങ്കിലും പറയുകയോ പ്രവർത്തിക്കുകയോ ചെയ്കയാണെങ്കിൽ അപ്പോൾ സർക്കാർ വേണ്ടത് ചെയ്യും!"**

ചുരുക്കത്തിൽ സുറത്തിസാഹിബ് തന്റെ കുതന്ത്രത്തിൽ പറ്റെ പരാജയമടഞ്ഞു. ഈ സംഗതി ഞാനറിഞ്ഞപ്പോൾ ഞാൻ വീണ്ടും സുൽത്താനുമായുള്ള കൂടിക്കാഴ്ചയ്ക്ക് ഒരുക്കങ്ങൾ ചെയ്തു. അങ്ങനെ ഞാനും സുൽത്താനുമായി ഇപ്രകാരം ഒരു സംഭാഷണമുണ്ടായി:

ഇർഫാനി: ജലാലത്തുൽമുൽക്ക്! വിശുദ്ധ ഹറമുകളുടെ (പുണ്യസ്ഥലങ്ങളുടെ) സേവനത്തിനുള്ള ഭാഗ്യം അങ്ങയ്ക്ക് ലഭിച്ചതെങ്ങനെയാണെന്നറിയാമോ?

സുൽത്താൻ:ദാലിക്ക ഫസ്‌ലുല്ലാഹി യുഅ്ത്തീഹി മൻയശാഉ'(ഇതേ ദൈവാനുഗ്രഹമത്രെ, അവൻ ഇച്ഛിക്കുന്നവർക്ക് അവൻ അത് നൽകുന്നു. - ഖുർആൻ).

ഇർഫാനി: നിശ്ചയമായും ഇതൊരു അനുഗ്രഹംതന്നെ. എന്നാൽ ആ അനുഗ്രഹപ്രാപ്തിക്ക് കാരണങ്ങളും ഉണ്ടാകുമല്ലോ.

സുൽത്താൻ:എനിയ്ക്കറിയില്ല. താങ്കൾതന്നെ പറയുക.

ഇർഫാനി: ശരീഫ് ഔന്റെ കാലത്ത് അങ്ങയുടെ പിതാമഹൻ ഹജ്ജിനായി വന്നിട്ടുണ്ടായിരുന്നു. എന്നാൽ, ശരീഫ്ഔൻ വിശ്വാസപരമായ അഭിപ്രായവ്യത്യാസങ്ങളെ മുൻനിർത്തി അവരെ തടഞ്ഞു. അല്ലാഹു ഇത് ഇഷ്ടപ്പെട്ടില്ല. ആകയാൽ, ശരീഫിന്റെ കുടുംബക്കാരിൽ നിന്ന് ഈ മഹാഭാഗ്യം അല്ലാഹു പിടിച്ചുപറ്റി സുഊദ് കുടുംബത്തിന് നൽകി!

സുൽത്താൻ: 'മർഹബാ!' 'മർഹബാ!!'

ഇർഫാനി: വിശുദ്ധമക്കാ ലോകത്തുള്ള മുഴുവൻ മുസ്‌ലിംകളുടെയും കേന്ദ്രമാണ്. ഇവിടെ വിവിധ വിശ്വാസക്കാരും കക്ഷിക്കാരുമായ മുസ്‌ലിംകൾ വരും. ചിലർക്ക് അങ്ങുമായും അഭിപ്രായവ്യത്യാസങ്ങളുണ്ടാകാം. വിശ്വാസപരമായ അഭിപ്രായവ്യത്യാസങ്ങളെ മുൻനിർത്തി അങ്ങ് ആരെയെങ്കിലും അകറ്റുന്നപക്ഷം ഓർമ്മവെച്ചുകൊൾവിൻ, സർവ്വശക്തനായ അല്ലാഹു അങ്ങയിൽ നിന്ന് ഈ സേവനഭാഗ്യം പിടിച്ചുപറ്റും. എന്നിട്ട്, വിശ്വാസപരമായ അഭിപ്രായവ്യത്യാസത്തെ മുൻനിർത്തി ആരെയും അകറ്റിക്കളയാത്ത ആൾക്ക് അത് നൽകുകയും ചെയ്യും!

എന്റെ ഈ സംസാരം അന്നത്തെ അദ്ദേഹത്തിന്റെ പ്രസിദ്ധമന്ത്രിയായിരുന്ന തൗഫീഖ് ശരീഫ് സാഹിബാണ് പരിഭാഷപ്പെടുത്തിയിരുന്നത്. ചിലപ്പോൾ ഞാൻ തന്നെ തപ്പിത്തടഞ്ഞു എന്റെ ഭാഷയിൽ സംസാരിക്കയും ചെയ്തിരുന്നു. സുൽത്താൻ എന്റെ ഈ സംസാരം കേട്ടപ്പോൾ 'ഇസ്തിഗഫാർ' ചൊല്ലിക്കൊണ്ട് പെട്ടെന്ന് എഴുന്നേറ്റുനിന്നു പറഞ്ഞു:

"ഇൻശാഅല്ലാഹ്! നാം ഒരിക്കലും അപ്രകാരം ചെയ്യില്ല!"

എന്നിട്ടദ്ദേഹം ഇപ്രകാരം പറഞ്ഞു: "താങ്കൾ തന്നെ സാക്ഷിയാണല്ലോ നാം ഒരു വിരോധവും കാണിച്ചില്ല. താങ്കളെക്കുറിച്ചു ആക്ഷേപം ഉണ്ടായെങ്കിലും നാം അത് ചെവിക്കൊണ്ടിട്ടുമില്ല!"

അപ്പോൾ ഞാൻ പറഞ്ഞു:

"ഇക്കാരണത്താൽ തന്നെയാണ് ഈ സത്യം അങ്ങയെ ഉണർത്തണമെന്ന് എനിയ്ക്ക് തോന്നിയത്! അൽഹംദുലില്ലാഹ്! ഞാനിതാ എന്റെ കടമ നിർവഹിച്ചു കഴിഞ്ഞു."

*(ശേഷം 30 -ാം പേജിൽ)*

# 'ശാഹിദും മശ്ഹൂദും'

മുഹമ്മദ് ഉമർ എച്ച് എ.

**മുഹമ്മദ് നബി (സ) വിശ്വമാകെ പ്രദീപ്തമാക്കിയ ഒരുജ്ജ്വല വിളക്കായിരുന്നുവെങ്കിൽ ആ സൂര്യപ്രഭയുടെ സാക്ഷ്യമായികൊണ്ട് നിറനിലാവായി വിളങ്ങിയ പൂർണ്ണ ചന്ദ്രനായിരുന്നു ഹസ്റത്ത് അഹ്മദ് (അ)**

മനുഷ്യകുലത്തിന്റെ ആത്മീയവളർച്ചയുടെ പാരമ്യം കണ്ട ഹസ്റത്ത് മുഹമ്മദു മുസ്തഫ (സ) തിരുമേനിയുടെ സത്യസാക്ഷ്യം മൂന്നു കാലഘട്ടങ്ങളിലും വ്യാപിച്ചു കിടക്കുന്നതായും ആ പുണ്യത്മാവിന്റെ സത്യതക്ക് മൂന്നു കാലഘട്ടങ്ങളും സാക്ഷ്യം വഹിക്കുന്നതായും വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നു.

തിരുനബി (സ) ക്ക് അല്ലാഹുവിൽ നിന്ന് ലഭിച്ച ബയ്യിനാത്ത് എന്ന ദൃഷ്ടാന്തങ്ങളുടെയും തെളിവുകളുടെയും സമുച്ചയം അദ്ദേഹത്തിന്റെ സത്യസാക്ഷ്യത്തിനുള്ള നിദാനങ്ങളാണ്.

അതേപ്രകാരം ഹസ്റത്ത് റസൂൽ കരീം (സ) തിരുമേനിക്ക് മുമ്പുവന്ന ന്യായ പ്രമാണത്തോടുകൂടിയ പ്രവാചകനായ ഹസ്റത്ത് മൂസാനബി (അ) തനിക്കു ശേഷം തന്റെ സദൃശനായിവരാനിരിക്കുന്ന ഇമാമും റഹ്മത്തും ആയ ഒരു പ്രചാചകനെപ്പറ്റി സാക്ഷ്യം വഹിക്കുന്നു.

അതിനുശേഷം അതായത് ഹസ്റത്ത് മുഹമ്മദുനബി (സ) ക്കു ശേഷം അദ്ദേഹത്തെയും അദ്ദേഹം കൊണ്ടുവന്ന ന്യായ പ്രമാണത്തെയും സാക്ഷ്യപ്പെടുത്തുന്ന ഒരു ശാഹിദ് (സാക്ഷി) അവതരിക്കുന്നതാണ്. പ്രസ്തുത മൂന്നു കാര്യങ്ങളും താഴെപ്പറയുന്ന ഖുർആൻ വചനം വ്യക്തമാക്കുന്നു.

"അതായത് ഒരാൾ തന്റെ നാഥനിൽ നിന്നും വ്യക്തമായ തെളിവിലും ദൃഷ്ടാന്തത്തിലും അധിഷ്ഠിതനാകുന്നു. അദ്ദേഹത്തെത്തുടർന്ന് അവനിൽ നിന്നു (അല്ലാഹുവിൽനിന്ന്) ഒരു സാക്ഷി വരികയും ചെയ്യുന്നു. അദ്ദേഹത്തിന് മുമ്പെ മൂസായുടെ ഗ്രന്ഥം വഴികാട്ടിയും കാരുണ്യവുമായി വന്നിട്ടുമുണ്ട്. അക്കൂട്ടർ അദ്ദേഹത്തിൽ വിശ്വസിക്കുന്നു. എതിർ കക്ഷികളിൽ നിന്നും വല്ലവരും അദ്ദേഹത്തെ നിഷേധിക്കുകയും അവിശ്വസിക്കുകയും ചെയ്യുന്നതായാൽ അവരുടെ വാഗ്ദത്ത സങ്കേതം നരകമായിരിക്കും. അതുകൊണ്ടു നീ ഈ കാര്യത്തിൽ സംശയത്തിലാവരുത്. ഇത് നിന്റെ നാഥനിൽ നിന്നുള്ള സത്യമാണ്. എന്നാൽ അധികമാളുകളും വിശ്വസിക്കുന്നില്ല. (11:18)

പ്രസ്തുത തിരുവചനത്തിൽ ഹസ്റത്ത് നബികരിം (സ) കൊണ്ടുവന്ന ബുദ്ധിപരമായും പ്രാമാണികമായും ഉള്ള തെളിവുകളും ദൃഷ്ടാന്തങ്ങളും ആ പുണ്യാത്മാവിന്റെ സത്യതയിലേക്കുള്ള സാക്ഷ്യങ്ങളാകുന്നു. തിരുനബി (സ)ക്കുമുമ്പ് ഭൂതകാലത്തിൽ ഹസ്റത്ത് മൂസാനബിയുടെ ഗ്രന്ഥമായ തൗറാത്ത്, അതിന്റെ പ്രവചനങ്ങളുടെ അടിസ്ഥാനത്തിൽ ഹസ്റത്ത് റസൂൽ കരിം (സ) തിരുമേനിയുടെ സത്യത്തിനു സാക്ഷ്യം വഹിക്കുന്നു.

ഭാവികാലത്തെ സംബന്ധിച്ചേടത്തോളം അദ്ദേഹത്തിനു ശേഷം ആഗതനാകുന്ന, ആ പുണ്യാത്മന്റെ (സ) ദിവ്യാനുഗ്രഹങ്ങളാൽ പ്രഭാവിതനാകുന്ന, അല്ലാഹുവിൽ നിന്നുള്ള ഒരു ശാഹിദ് (സാക്ഷി) തന്റെ സാക്ഷ്യം മുഖേന ഹ: നബിതിരുമേനിയുടെ (സ) സത്യത്തിനു വെളിച്ചം പകരുന്നു.

ഉപര്യുക്ത ആയത്തിനെക്കുറിച്ച് ഹസ്റത്ത് അല്ലാമ: ഫഖ്റുദ്ദീൻ റാസി (റഹ്) തന്റെ ഖുർആൻ വ്യാഖ്യാനത്തിൽ ഇപ്രകാരം വിശകലനം ചെയ്യുന്നു:

"ആദ്യത്തെ വചനം നാല് കാര്യങ്ങൾ അടങ്ങിയതാണെന്നു അറിയുക. അവയിലോരോന്നും വിശദീകരണാർഹമാണ്. ഒന്നാമത്തേത്,'

അല്ലാഹുവിൽ നിന്നും വ്യക്തമായ തെളിവുകളോടും ദൃഷ്ടാന്തങ്ങളോടും കൂടി വന്ന ആൾ ആരാണ്?

(2) വ്യക്തമായ ദൃഷ്ടാന്തങ്ങൾ (അൽബയ്യിന) എന്നത് കൊണ്ടുള്ള വിവക്ഷിതമെന്താണ്?

(3) യത്‌ലുഹു എന്നതുകൊണ്ടു ഖുർആൻ പാരായണം ചെയ്യുന്നുവെന്നോ അതല്ല, അദ്ദേഹത്തെ പിൻതുടർന്നു വരുന്ന ആൾ എന്നാണോ ഉദ്ദേശ്യം?

(4) ഇവിടെ പ്രതിപാദിക്കപ്പെട്ട ശാഹിദ് എന്ന ആൾ ആരാണ്?

സംക്ഷിപ്ത സംഗ്രഹമായ ഈ നാലു കാര്യങ്ങളെക്കുറിച്ചും ഖുർആൻ വ്യാഖ്യാതാക്കൾ ഭിന്നാഭിപ്രായങ്ങൾ പ്രകടമാക്കിയിരിക്കുന്നു.

(അത്തഫ്സീറുൽ കബീറുർ റാസി വാല്യം 17 ഭാഗം 200)

നമുക്കീ ആയത്തിൽ പ്രതിപാദിക്കപ്പെട്ട കാര്യങ്ങളെക്കുറിച്ച് അല്പം വിശകലനം നടത്താം.

ഉപര്യുക്ത ആയത്തിൽ കാണപ്പെടുന്ന വ്യക്തമായ തെളിവുകളോടും ദൃഷ്ടാന്തങ്ങളോടും കൂടിവന്ന പ്രവാചകൻ ഹസ്റത്ത് മുഹമ്മദുമുസ്തഫാ (സ) തിരുമേനിയാണെന്നു മനസ്സിലാക്കാം. കാരണം, പ്രസ്തുത ആയത്തടങ്ങിയ സൂറ: ഹുദിൽ ഹസ്റത്ത് നൂഹ്, ഹസ്റത്ത് സ്വാലിഹ്, ഹസ്റത്ത് ശുഐബ്, ഹസ്റത്ത് മുഹമ്മദു (സ) എന്നീ പ്രവാചകൻമാർ തങ്ങളുടെ സമുദായങ്ങളോട് തങ്ങൾ റബ്ബിൽ നിന്നും സ്പഷ്ടമായ തെളിവുകളോടും ദൃഷ്ടാന്തങ്ങളോടും കൂടി വന്നവരാണെന്ന് വാദിക്കുന്നു. അതായത്

1. ഹസ്റത്ത് നൂഹ് നബി (അ) തന്റെ സമുദായത്തോടു പറഞ്ഞു. "എന്റെ ജനമേ, നിങ്ങൾ കാണുന്നില്ലേ? ഞാനെന്റെ നാഥനിൽ നിന്നുള്ള സ്പഷ്ടമായ തെളിവുകളോടെ നിലകൊള്ളുകയും അവൻ തന്റെ പക്കൽ നിന്ന് മഹത്തായ ഒരനുഗ്രഹം എനിക്ക് നൽകുകയും ചെയ്തു." (11:23)

2. ഹസ്റത്ത് സ്വാലിഹ് (അ) തന്റെ സമുദായത്തോടു പറഞ്ഞു. "എന്റെ സമുദായമേ, നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? ഞാൻ എന്റെ നാഥനിൽ നിന്നുള്ള സ്പഷ്ടമായ ദൃഷ്ടാന്തത്തിലായിരിക്കുകയും അവങ്കൽ നിന്നുള്ള കാരുണ്യം എനിക്കവൻ നൽകുകയും ചെയ്ത സ്ഥിതിയിൽ ഞാനവനെ ധിക്കരിക്കുന്ന പക്ഷം അവന്റെ ശിക്ഷയിൽ നിന്നെന്നെ രക്ഷിച്ചു സഹായിക്കുവാൻ ആരാണുള്ളത്?" (11:64)

(3) ഹസ്റത്ത് ശുഐബ് (അ) തന്റെ ജനതയോടു പറഞ്ഞു: "അല്ലയോ എന്റെ ജനങ്ങളേ, ഞാനെന്റെ നാഥനിൽ നിന്നുള്ള സുവ്യക്തമായ തെളിവുകളോടുകൂടി നിലകൊള്ളുകയും അവൻ തന്റെ പക്കൽ നിന്ന് എനിക്ക് നല്ല വിഭവങ്ങൾ ഒരുക്കിത്തരികയും ചെയ്തിരിക്കുന്നത് നിങ്ങൾ കാണുന്നില്ലേ?"

അതേ പ്രകാരം ഹസ്റത്ത് റസൂൽ തിരുമേനി (സ) യോടു അല്ലാഹു അരുൾ ചെയ്യുന്നു:

"(മുഹമ്മദു നബിയേ, നീ) പ്രഖ്യാപിക്കുക: തീർച്ചയായും ഞാൻ എന്റെ നാഥനിൽ നിന്നുള്ള വ്യക്തമായ ദൃഷ്ടാന്തത്തോടു കൂടിയാണ് നിലകൊള്ളുന്നത്. നിങ്ങൾ അതു നിഷേധിച്ചിരിക്കുകയാണ്. നിങ്ങൾ ധൃതിപ്പെട്ടാവശ്യപ്പെടുന്ന കാര്യം എന്റെയടുക്കലില്ല. തീരുമാനം കല്പിക്കുവാനുള്ള അധികാരം അല്ലാഹുവിനു മാത്രമേയുള്ളൂ. അവൻ തീരുമാനം കല്പിക്കുന്നവരിൽ ഏറ്റവും ഉത്തമനാകുന്നു." (6:58)

വിശുദ്ധ ഖുർആനിലെ പ്രസ്തുത വിവരണശൈലി മനസ്സിലാക്കിത്തരുന്നത്, 'അലാ ബയ്യിനത്തിൻ മിൻറബ്ബി' എന്ന പ്രഖ്യാപനം പ്രവാചകന്മാരാണ് ചെയ്യുന്നതെന്നാണ്. അല്ലാഹു വളരെ വ്യക്തമായ നിലയിൽ അരുൾ ചെയ്യുന്നു: "ജാഅത്ത്ഹും റുസുലുഹും ബിൽബയ്യിനാത്തി" അവരുടെ ദൂതന്മാർ വ്യക്തമായ ദൃഷ്ടാന്തങ്ങളും കൊണ്ട് അവരുടെ അടുക്കെ ചെന്നു." (35:26)

വിശുദ്ധ ഖുർആനിൽ ധാരാളം സ്ഥലങ്ങളിൽ കാണപ്പെടുന്ന അൽബയ്യിന, അൽബയ്യിനാത്ത് എന്നീ വാക്കുകൾ പ്രവാചകന്മാർ നിലകൊള്ളുന്ന ദൈവിക ദൃഷ്ടാന്തങ്ങളും തെളിവുകളും ആണ്. വാസ്തവത്തിൽ പ്രവാചകന്മാർക്ക് നൽകപ്പെടുന്ന ബയ്യിനാത്ത് ദൈവികമായ അടയാളങ്ങളും അവരുടെ സത്യസാക്ഷ്യത്തിനുള്ള വ്യക്തമായ ദൃഷ്ടാന്തങ്ങളും ബുദ്ധിപരമായും പ്രമാണപരമായും ഉള്ള തെളിവുകളുമാണ്.

ഹസ്റത്ത് നബി തിരുമേനി (സ) ക്ക് ലഭിച്ചിരുന്ന ബയ്യിനാത്ത്, എന്നെന്നും നിലനിൽക്കുന്നതും ജീവസ്സുള്ളതും ശാശ്വത മാർഗ്ഗദർശനവും ആയ വിശുദ്ധഖുർആനാണ്.

ചുരുക്കത്തിൽ 'അഫമൻകാന അലാ ബയ്യിനത്തിൻ മിൻറബ്ബിഹി' എന്ന ആയത്തുകൊണ്ടുള്ള വിവക്ഷ ഹ: നബി കരിം (സ) തിരുമേനിയാണ്. ഇതേ ആയത്തിൽത്തന്നെ കാണപ്പെടുന്ന അദ്ദേഹത്തിനു മുമ്പും പിമ്പും വന്ന സാക്ഷികൾ അദ്ദേഹത്തിന്റെ സത്യത്തിനുള്ള സാക്ഷികളാണെന്നത് പ്രസ്തുത വാദത്തിനു ഉപോൽബലകമാണ്.

ഇതേ ആയത്തിൽ തുടർന്നു അല്ലാഹു പറയുന്നു:

'യത്‌ലൂഹു ശാഹിദുൻ മിൻഹു' അവനിൽ നിന്നും ഒരു സാക്ഷി അദ്ദേഹത്തെ തുടർന്നു വരുന്നതാണ്.

ഇവിടെ വന്ന 'യത്‌ലൂഹു' എന്ന വാക്കിന് രണ്ടു അർത്ഥങ്ങളാണുള്ളത്. ഒന്നു പിന്തുടർന്നു വരിക - രണ്ട് പാരായണം ചെയ്യുക.

വിശുദ്ധ ഖുർആന്റെ സുപ്രസിദ്ധ വ്യഖ്യാതാവ് ഹസ്റത്ത് ഇമാം ബൈളാവി ഈ ആയത്തിന് നൽകിയ വ്യാഖ്യാനം ഇതാണ്.

'യത്‌ലൂഹു ബിമഅനീ തബിഅഹുഅയ് യത്തബിഉ മൻ കാന അലാ ബയ്യിനത്തിൻ (അൽ ബൈളാവി, തഫ്സീർ സൂറ: ഹുദ്)

അതായത് യത്‌ലൂഹു എന്നതു കൊണ്ടുള്ള ഉദ്ദേശ്യം വരുന്ന ആൾ റസൂൽ തിരുമേനിയുടെ പിൻഗാമിയും അദ്ദേഹത്തിന്റെ അനുയായിയും ആയിരിക്കുമെന്നാണ്. വിശുദ്ധഖുർആനിലെ ഇതര ആയത്തുകൾ ഈ അർത്ഥത്തിനു ഊന്നൽ നൽകുന്നു. അല്ലാഹു വിശുദ്ധഖുർആനിൽ ഹസ്റത്ത് റസൂൽ തിരുമേനിയെ 'സിറാജുൻ മുനീർ' (33:47). പ്രകാശം തരുന്ന സൂര്യൻ' എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്.

മറ്റൊരു സ്ഥലത്ത് അരുൾ ചെയ്യുന്നു:

'സൂര്യനെക്കൊണ്ടും അതിന്റെ പ്രകാശത്തെക്കൊണ്ടും അതിനെ പിൻതുടർന്നുവരുന്ന ചന്ദ്രനെക്കൊണ്ടും സത്യം'' (91:2,3)ഇവിടെ സൂര്യനെ സ്വയം പ്രകാശം തരുന്ന ഗോളമായും ചന്ദ്രനെ സൂര്യനിൽ നിന്ന് പ്രകാശം ഉൾക്കൊണ്ട് അതിനെ പിൻതുടർന്നുവരുന്ന ഗോളമായും വിശേഷിപ്പിക്കുന്നു.

വിശുദ്ധഖുർആൻ മറ്റൊരു സ്ഥലത്ത്

അരുൾ ചെയ്യുന്നു:

"രാശികളുള്ള ആകാശത്തെക്കൊണ്ടും വാഗ്ദത്ത നാളിനെക്കൊണ്ടും ഒരു സാക്ഷിയെക്കൊണ്ടും സാക്ഷ്യം വഹിക്കപ്പെടുന്ന ആളെക്കൊണ്ടും സത്യം" (85:2,3,4)

തന്റെ റബ്ബിൽ നിന്നും വ്യക്തമായ ദൃഷ്ടാന്തത്തിൽ നിലകൊള്ളുന്ന ആൾ എന്നതു കൊണ്ട് ഹസ്റത്ത് റസുൽ തിരുമേനി (സ) ഉദ്ദേശ്യമായിരിക്കെ, അദ്ദേഹത്തിൽ നിന്നും ആത്മീയ പ്രകാശം ഉൾക്കൊണ്ട് അദ്ദേഹത്തിനു ശേഷം ആഗതനാകുന്ന ആൾ അദ്ദേഹത്തിന്റെ സത്യത്തിനുള്ള സാക്ഷി (ശാഹിദ്) ആയിരിക്കും. അതായത് ഹ: നബിതിരുമേനി (സ) ക്ക് ശേഷം വരുന്ന ആൾ അദ്ദേഹത്തിന്റെ ശാഹിദും (സാക്ഷി) അദ്ദേഹം മശ്ഹുദും (സാക്ഷീകരിക്കപ്പെട്ട ആൾ) ആയിരിക്കും. പ്രസ്തുത ആയത്തിൽ വന്ന 'വൽ യൗമിൽ മൗഊദി വശാഹിദുൻ വ മശ്ഹുദ്' എന്ന ആയത്തിന്റെ വിവക്ഷയാണിത്.

പ്രസ്തുത ആയത്തിൽ വന്ന 'ശാഹിദുൻ മിൻഹു' എന്നതിൽ 'മിൻഹു' എന്നതുകൊണ്ട് വിവക്ഷിതം ആരാണെന്ന പ്രശ്നം വരുന്നു. ചില ഖുർആൻ വ്യാഖ്യാതാക്കൾ മിൻഹു (അവനിൽ നിന്നു അദ്ദേഹത്തിൽ നിന്നു) എന്നതിന് അല്ലാഹുവും ചില വ്യഖ്യാതാക്കൾ ഹസ്റത്ത് റസുൽ തിരുമേനിയും ആണ് വിവക്ഷിതം എന്നെഴുതുന്നു. ഹസ്റത്ത് ഇമാം ബൈളാവി ഈ രണ്ട് അർത്ഥങ്ങളും ശരിയാണെന്ന് അഭിപ്രായപ്പെടുന്നു. അതേ പ്രകാരം ഹസ്റത്ത് ഫഖ്റുദ്ദീൻ റാസിയും 'മിൻഹു' എന്നത് കൊണ്ട് അല്ലാഹുവും ഹസ്റത്ത് റസുൽ തിരുമേനിയുമാണ് വിവക്ഷിതമെന്നും ഈ രണ്ട് അർത്ഥങ്ങളും ശരിയാണെന്നും പ്രസ്താവിക്കുന്നു. (തഫ്സീർ കബീർ ലിർറാസി വാള്യം 17. ഭാഗം 201)

'മിൻഹു' എന്നതുകൊണ്ട് ഹസ്റത്ത് റസുൽകരിം (സ) ആണുദ്ദേശ്യമെങ്കിൽ അതിന്റെ താല്പര്യം അദ്ദേഹത്തെ പിന്തുടർന്ന് അദ്ദേഹത്തിനുള്ള സാക്ഷിയായി വരുന്ന ആൾ അദ്ദേഹത്തിൽ നിന്നു തന്നെയുള്ള അദ്ദേഹത്തിന്റെ ആത്മീ യ പ്രകാശത്തിൽ നിന്നുള്ള ഒരു കിരണമായി വരുന്ന ആളായിരിക്കും.

അതെപ്രകാരം, മിൻഹു എന്നതു കൊണ്ട് അല്ലാഹു വാണ് വിവക്ഷയെങ്കിൽ തിരുമേനി (സ) ക്ക് ശേഷം വരുന്ന ആൾ ദൈവ നിയുക്തനായ ആളായിരിക്കും.

പ്രസ്തുത ആയത്തിൽ വന്ന 'ശാഹിദു' എന്നതുകൊണ്ട് ഹസ്റത്ത് റസുൽ തിരുമേനിയുടെ പ്രതിപുരുഷനായി അവതരിച്ച വാഗ്ദത്ത മഹ്ദി മസീഹാണെന്നു വാദിച്ച ഹസ്റത്ത് അഹ്മദ് (അ) ആണു ഉദ്ദേശ്യം. അദ്ദേഹം തന്റെ യജമാനനും ആത്മീയ പിതാവുമായ ഹസ്റത്ത് മുഹമ്മദു നബി (സ) യുടെ സത്യതയെ സാക്ഷ്യപ്പെടുത്തുന്നതിന്നായി അറബി, ഉർദു, ഫാർസി എന്നീ ഭാഷകളിൽ എൺപതിലധികം മഹൽ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. നബി തിരുമേനി(സ)യുടെ സത്യതയെ ആർക്കും തന്നെ നിഷേധിക്കാനാവാത്ത രീതിയിലുള്ള മഹത്തായ തെളിവുകളും ദൃഷ്ടാന്തങ്ങളുമാണ് അദ്ദേഹം തന്റെ ഈ രചനകളിൽ നിരത്തിവെച്ചിരിക്കുന്നത്. ഇതിന്നെതിരിൽ മുന്നോട്ടുവരാൻ അദ്ദേഹം നബി തിരുമേനിയുടെ ശത്രുക്കളെ വെല്ലുവിളിക്കുകയും രംഗത്തുവരാൻ ആഹ്വാനം ചെയ്യുകയുമുണ്ടായി. എന്നാൽ ആർക്കും അദ്ദേഹം സമർത്ഥിച്ച ദൃഷ്ടാന്തങ്ങളെയും തെളിവുകളെയും നിഷേധിച്ചുകൊണ്ട് ഈ വെല്ലുവിളി സ്വീകരിക്കാനുള്ള ധൈര്യമുണ്ടായിട്ടില്ല. ആരെങ്കിലും വന്നുവെങ്കിൽത്തന്നെ വളരെ പരിതാപകരമായ പരാജയമാണ് അവർക്ക് കാണേണ്ടിവന്നത്.

ഹസ്റത്ത് അഹ്മദ് (അ) ഹ: നബികരിം (സ) ലോകത്തു വരുത്തിയ നിസ്തുല്യമായ ആത്മീയ വിപ്ലവത്തെക്കുറിച്ച് അനുസ്മരിക്കുന്നു

"അറേബ്യൻ മണലാരണ്യത്തിൽ ഒരത്ഭുത പ്രതിഭാസം സംഭവിച്ചു. ലക്ഷക്കണക്കിലുള്ള മൃതന്മാർ ഏതാനും ദിവസങ്ങൾക്കൊണ്ട് ജീവനുള്ളവരായി മാറുകയും തലമുറ തലമുറകളായി വഴിപിഴച്ചുപോയവർ ദിവ്യവർണ്ണം സ്വീകരിച്ചവരായി രൂപാന്തരപ്പെടുകയും ചെയ്തു. അന്ധർ കാണുവാൻ തുടങ്ങി. ഊമകളുടെ നാവുകളിൽ ദിവ്യജ്ഞാനം പ്രവഹിച്ചു. മുമ്പൊരിക്കലും ഒരു കണ്ണും കണ്ടിട്ടില്ലാത്തതും ഒരു ചെവിയും കേട്ടിട്ടില്ലാത്തതും ആയ മഹാത്ഭുതമാണ് സംഭവിച്ചത്. ഇതെന്തായിരുന്നുവെന്ന് നിങ്ങൾക്കറിയുമോ? ഇതെല്ലാം അന്ധകാരനിബിഢമായ രാത്രികളിൽ അല്ലാഹുവിൽ പൂർണ്ണമായും ലയിച്ച ഒരാൾ ഉയർത്തിയ ഉള്ളുരുകിയ പ്രാർത്ഥനകളുടെ ഫലമായിരുന്നു. ആ പ്രാർത്ഥനകൾ ലോകത്തെ ശബ്ദായമാനമാക്കി. അങ്ങനെ ആ നിരക്ഷരനും നിസ്സഹായനും ആയ വ്യക്തിയുടെ കയ്യാൽ തികച്ചും അസാദ്ധ്യവും അസംഭവ്യവും ആയ മഹാത്ഭുതങ്ങൾ വെളിപ്പെടുമാറായി. അല്ലാഹുവേ! ഈ സമുദായത്തിന് വേണ്ടി റസുൽ തിരുമേനി (സ) പ്രകടിപ്പിച്ച ഉൽകണ്ഠക്കും അനുഭവിച്ച കഷ്ടപ്പാടുകൾക്കും ദു:ഖങ്ങൾക്കും അനുസരിച്ച വിധം അദ്ദേഹത്തിൽ നീ അനുഗ്രഹങ്ങളും സമാധാനവും ഇറക്കുകയും അദ്ദേഹത്തിന്റെ മേൽ നിന്റെ കാരുണ്യത്തിന്റെ ദീപ്തി വർഷം എന്നുമെന്നും ചൊരിയുകയും ചെയ്യേണമേ." (ബറക്കാത്തുദ്ദുആ - 5)

വീണ്ടും അദ്ദേഹം അരുൾ ചെയ്യുന്നു:

"ലോകത്ത് ഒരാത്മീയ പ്രകാശം വന്നു. അതു എല്ലാ പ്രകാശങ്ങളെയും അതിജയിച്ചു. അപ്രകാരം ആ അനുഗ്രഹത്തിന്റെ രഹസ്യമെന്നോണം ഇസ്ലാമിന്നുള്ള ആത്മീയ സഹായം നിറുത്തലാക്കപ്പെട്ടിട്ടില്ല എന്നു മാത്രമല്ല, ഓരോ കാൽവെയ്പ്പിലും അത് ഇസ്ലാമിനോടൊപ്പം ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. നബി (സ) യുടെ പ്രസ്തുത അനുഗ്രഹാശിസ്സുകൾ കാരണമായി നവംനവങ്ങളായ അനുഗ്രഹങ്ങൾ ഈ കാലത്തും നബി തിരുമേനി (സ) നമ്മോടൊപ്പം ഉള്ളത് പോലെ നാം ആസ്വദിച്ചുകൊണ്ടിരിക്കുകയാണ്. ആ പുണ്യാത്മന്റെ ചൈതന്യം ഇന്നും നമുക്ക് മാർഗ്ഗദർശനം നൽകിക്കൊണ്ടിരിക്കുന്നു." (ചശ്മയെ മഅരിഫ: 372) ഹസ്റത്ത് അഹ്മദ് (അ)

തന്റെ യജമാനനായ ഹസ്റത്ത് മുഹമ്മദു നബി (സ) യെ പ്രകീർത്തിച്ചുകൊണ്ട് ധാരാളം കവിതകളും അറബി, ഉർദു, ഫാർസി ഭാഷകളിൽ രചിച്ചിട്ടുണ്ട്. അവയിൽ ചിലത് ചുവടെ ഉദ്ധരിക്കുന്നു.

ഹ: അഹ്മദ് (അ) അറബി കവിതയിൽ അരുൾ ചെയ്യുന്നു.

1. മുഹമ്മദു റസൂലുല്ലായുടെ പാതയെ പ്രിയപ്പെടുകയും തൃപ്തിപ്പെടുകയും ചെയ്ത ആൾ അനുഗ്രഹീതൻ! ആ പ്രകാശ പൂരിതമായ സൂര്യനെപ്പോലുള്ള മറ്റൊരു സൂര്യനെയും നമുക്കു കാണാനായിട്ടില്ല.

2. അല്ലാഹുവിനാണെ സത്യം, നമ്മുടെ വേദഗ്രന്ഥമായ വിശുദ്ധഖുർആൻ ഹിദായത്തിന്റെ (സത്യമാർഗ്ഗത്തിന്റെ) മഹാസാഗരമാണ്.

അല്ലാഹുവിനാണെ സത്യം, നമ്മുടെ പ്രവാചകനും ഗവൻ (സ) വിജ്ഞാനങ്ങളുടെ ഭണ്ഡാരമാണ്. (കറാമത്തുസ്സാദിഖീൻ). നബി തിരുമേനി (സ) പ്രകാശിക്കുന്ന സൂര്യബിംബമാണ്. അവശേഷിക്കുന്നവയെല്ലാം ആ സൂര്യനിൽ നിന്നും വെളിച്ചം ലഭിച്ച ചന്ദ്രനും നക്ഷത്രങ്ങളും മാത്രം.

ഞങ്ങൾ തിരുമേനിയുടെ പ്രകാശം വഴി അല്ലാഹുവിനെ ദർശിച്ചു. അങ്ങയുടെ പ്രകാശം ഉണ്ടായിരുന്നില്ലെങ്കിൽ ഞങ്ങൾക്ക് പാപമോചനം നേടി ദൈവ സാമീപ്യം കരസ്ഥമാക്കാൻ സാധിക്കുമായിരുന്നില്ല. (കറാമത്തുസ്സാദിഖീൻ)

എല്ലാ സ്ഥാനമാനങ്ങളെക്കാളും ഏറ്റവും ഉയർന്നതാണ് അവിടുത്തെ പദവി. ഒരു മനുഷ്യനും സങ്കല്പിക്കുവാൻ സാധിക്കാത്തവയാണവിടുത്തെ പ്രകാശധോരണികൾ.

അല്ലാഹുവിനാണെ സത്യം, ഞാൻ മുഹമ്മദു നബിയെ പരിപൂർണ്ണമായും പിൻപറ്റിയിരിക്കുന്നു. ഓരോ നിമിഷവും അവിടുത്തെ വെളിച്ചത്തിൽ നിന്നും ഞാൻ പ്രഭാപൂരിതനായിക്കൊണ്ടിരിക്കുകയാണ്. (ഹമാമത്തുൽ ബുശ്റ)

അദ്ദേഹം തന്റെ ഒരുഫാർസി കവിതയിൽ പറയുന്നു.

"എന്റെ ജീവനും ഹൃദയവും മുഹമ്മദ് നബിയുടെ സൗന്ദര്യത്തിൽ സമർപ്പിതമാണ്. എന്റെ ഈ ശരീരം തിരുനബിയുടെ വീട്ടുവാതിൽക്കൽ ബലിയിടപ്പെട്ടിരിക്കുന്നു.

എനിക്കെല്ലായിടത്തും മുഹമ്മദു നബിയുടെ സൗന്ദര്യമാണ് എന്റെ അകക്കണ്ണ് കൊണ്ടു കാണുവാൻ സാധിക്കുന്നത്. അവിടുത്തെ മധുരശബ്ദം എന്റെ കർണ്ണങ്ങൾ കൊണ്ടു കേൾക്കുവാനും സാധിക്കുന്നു.

മനുഷ്യകുലത്തിന്റെ നന്മക്കായി ഞാനൊഴുക്കിയ ആത്മീയ ജ്ഞാനത്തിന്റെ ഈ സ്രോതസ്സ് (80 ൽ പരം ഗ്രന്ഥങ്ങൾ) മുഹമ്മദ് എന്ന മഹാസമുദ്രത്തിൽ നിന്നെടുത്ത ഒരു തുള്ളി മാത്രം. ഞാൻ കത്തിച്ച ഈ പ്രേമാഗ്നി റസൂൽ തിരുമേനിയോടുള്ള പ്രേമാഗ്നിയുടെ ഒരു ഭാഗം മാത്രം. എന്റെ ഈ ജലം റസൂൽ തിരുമേനിയുടെ പവിത്ര ജലാശയത്തിൽ നിന്നുമെടുക്കപ്പെട്ടതത്രെ. (റിയാസെ ഹിന്ദു 1-3-1884)

ഹസ്റത്ത് അഹ്മദ് (അ) തന്റെ ഉർദു കവിതയിൽ പറയുന്നു:

ഏതൊരാളിൽ നിന്നാണോ എല്ലാ തേജസ്സുകളും മുഹമ്മദു എന്ന നാമമുള്ള ആ പ്രാണപ്രിയനത്രെ എന്റെ യജമാനൻ.

ആ പ്രകാശധാരയിൽ ഞാനിതാ സ്വയം അർപ്പിതനായിരിക്കുന്നു. അതിൽ നിന്നുമുണ്ടായതാണു ഞാൻ. യാഥാർത്ഥ്യം അതു തന്നെയാണ്. എനിക്കെന്ത് പ്രസക്തിയാണുള്ളത്. ഇതു തന്നെയാണ് വിധി. (ഖാദിയാൻകെ ആര്യ ഓർ ഹം)

ദൈവിക മാഹാത്മ്യങ്ങൾ ഞങ്ങൾക്ക് അങ്ങയിൽ ദർശിക്കുവാൻ സാധിക്കുന്നു. അങ്ങു മൂലമാണ് ഞങ്ങൾക്കു അല്ലാഹുവിനെ പ്രാപിക്കുവാൻ സാധിച്ചിരിക്കുന്നത്.

അല്ലയോ പ്രവാചക ശ്രേഷ്ഠാ, അങ്ങു കാരണം ഞങ്ങൾ ശ്രേഷ്ഠ സമുദായമായിത്തീർന്നു. അങ്ങയുടെ കാൽവെയ്പിനോടൊപ്പം ഞങ്ങൾ മുന്നേറിക്കൊണ്ടിരിക്കുന്നു.

മനുഷ്യരെന്ത്? മലക്കുകൾ കൂടി ഞാനുയർത്തുന്ന ഈ സ്തുതി ഗീത മിതാ ഏറ്റുപാടിക്കൊണ്ടിരിക്കുന്നു. (ആയിനയെ കമാലാത്തെ ഇസ്‌ലാം)

അങ്ങനെ നീണ്ടു നീണ്ടു പോകുന്നു ഹസ്റത്ത് അഹ്മദ് തന്റെ യജമാനനായ ഹ: മുഹമ്മദിനെ സ്തുതിച്ചുകൊണ്ട്അറബി, ഫാർസി, ഉർദു ഭാഷകളിൽ രചിച്ച കവിതകൾ.

അതെ, ഹസ്റത്ത് മുഹമ്മദിന്റെ (ഏറ്റവും അധികം സ്തുതിക്കപ്പെട്ടയാൾ) അഹ്മദ് (ഏറ്റവും സ്തുതിക്കുന്ന ആൾ) തന്നെയാണ് വാഗ്ദത്ത മഹ്ദി മസീഹ്!

ചുരുക്കത്തിൽ മശ്ഹൂദായ ഹസ്റത്ത് മുഹമ്മദു നബി (സ) ക്കു ശാഹിദായവതീർണ്ണരായ ഹസ്റത്ത് അഹ്മദ് (അ) തന്റെ ശാഹിദ് എന്ന ദൗത്യം പരിപൂർണ്ണമായ നിലയിൽ പൂർത്തിയാക്കിയിരിക്കുന്നു.

ഉപര്യുക്ത ആയത്തിൽ തുടർന്ന് അല്ലാഹു അരുൾ ചെയ്യുന്നു.

"വമിൻ ഖബ്‌ലിഹി കിതാബുമൂസാ ഇമാമൻ വറഹ്മത്തൻ."

അദ്ദേഹത്തിനു മുമ്പ് മൂസാ നബിയുടെ ഗ്രന്ഥം വഴികാട്ടിയും കാരുണ്യവും ആയി വന്നിട്ടുണ്ട്. ഇവിടെ ഹസ്റത്ത് മൂസാ നബി (അ) ഹസ്റത്ത് റസൂൽ തിരുമേനി (സ) യുടെ ആഗമനത്തെക്കുറിച്ച് ചെയ്ത പ്രവചനങ്ങളാണ് സൂചിപ്പിക്കപ്പെട്ടിരിക്കുന്നത്. മറ്റൊരു സ്ഥലത്ത് അല്ലാഹു അരുൾ ചെയ്യുന്നു. നീ പറയുക. നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ. ഇത് (ഖുർആൻ) അല്ലാഹുവിന്റെ പക്കൽ നിന്നുള്ളതാകയും നിങ്ങൾ അതു നിഷേധിക്കുകയും ചെയ്തെങ്കിൽ (എത്രമാത്രം നിർഭാഗ്യമായ കാര്യമായിരിക്കും) എന്നാൽ ഇസ്രായീൽ സന്തതികളിൽ നിന്നും ഒരു സാക്ഷി (മൂസാ) തനിക്ക് സദൃശനായ ഒരാളെക്കുറിച്ചു സാക്ഷി പറയുകയും അങ്ങനെ അദ്ദേഹം വിശ്വസിക്കുകയും ചെയ്തു. പക്ഷെ (ആ പ്രവചിത മഹാത്മാവായ മുഹമ്മദുനബി വന്നപ്പോൾ) നിങ്ങൾ അഹംഭാവം കാണിച്ചു (അദ്ദേഹത്തെ നിഷേധിക്കുകയുണ്ടായി). അക്രമികളായ ആളുകളെ അല്ലാഹു നേർവഴിയാലാക്കുകയില്ല. (46:11)

തുടർന്നു അല്ലാഹു പറയുന്നു.

"ഇതിനുമുമ്പെ ഒരു വഴികാട്ടിയും ഒരു കാരുണ്യവുമായി മൂസായുടെ ഗ്രന്ഥമുണ്ടായിരുന്നു." (46:13)

ഇവിടെ വളരെ വ്യക്തമായ നിലയിൽ ബനീ ഇസ്രയീലിലെ മഹാനായ പ്രവാചകൻ ഹസ്റത്ത് മൂസാ നബി (അ) ഹസ്റത്ത് നബീകരിമിനെ സംബന്ധിച്ച് സാക്ഷി പറഞ്ഞതായി, അതായത് തനിക്കു ശേഷം തനിക്കു സദൃശനായി ആഗതനാകാനിരിക്കുന്ന ഒരു സത്യാത്മാവിനെക്കുറിച്ച് സുവിശേഷം നൽകിയതായി പ്രഖ്യാപിക്കുന്നു.

ഹസ്റത്ത് മൂസാ നബി (അ) യോടു അല്ലാഹു ഇപ്രകാരം അരുൾ ചെയ്തതായി ബൈബിൾ പറയുന്നു: "അതായത്, നിന്നെപ്പോലെ ഒരു പ്രവാചകനെ ഞാൻ അവർക്ക് അവരുടെ സഹോദരന്മാരുടെ ഇടയിൽ നിന്ന് എഴുന്നേല്പിച്ച് എന്റെ വചനങ്ങളെ അവന്റെ നാവിന്മേൽ ആക്കും. ഞാൻ അവനോട് കല്പിക്കുന്നതൊക്കെയും അവൻ അവരോടു പറയും. അവൻ എന്റെ നാമത്തിൽ പറയുന്ന എന്റെ വചനങ്ങൾ യാതൊരുത്തനെങ്കിലും കേൾക്കാതിരുന്നാൽ അവനോടു ഞാൻ ചോദിക്കും. എന്നാൽ ഒരു പ്രവാചകൻ ഞാൻ അവനോടു കല്പിക്കാത്ത വചനം എന്റെ നാമത്തിൽ അഹങ്കാരത്തോടെ പ്രസ്താവിക്കുകയോ അന്യദൈവങ്ങളുടെ നാമത്തിൽ സംസാരിക്കുകയോ ചെയ്താൽ ആ പ്രവാചകൻ മരണശിക്ഷ അനുഭവിക്കണം". (ആവർത്തന പുസ്തകം 18:18-20) പ്രസ്തുത പ്രവചനത്തിന്റെ സാക്ഷാൽക്കാരം ഹസ്റത്ത് മുഹമ്മദു നബി (സ) തിരുമേനിയാണെന്ന് നിസ്സംശയം മനസ്സിലാക്കാവുന്നതാണ്.

ഹ: മുസാനബി (അ) യെപ്പോലെയുള്ള അദ്ദേഹത്തിനു സദൃശ്യനായ പ്രവാചകനായിരിക്കും ആ വരുന്ന ആൾ. ഇത് സംബന്ധിച്ചു വിശുദ്ധ ഖുർആൻ അരുൾ ചെയ്യുന്നു.

"ഫിർഔന്റെ അടുക്കലേക്ക് നാം ഒരു ദൂതനെ (മൂസായെ) അയച്ചതുപോലെ നിങ്ങൾക്ക് സാക്ഷിയായി നിങ്ങളിലേക്ക് ഒരു ദൂതനെ (മുഹമ്മദ് നബിയെ) നാം അയച്ചരിക്കുന്നു." (73:16)

പ്രസ്തുത പ്രവചനത്തിൽ അവരുടെ സഹോദരന്മാരിൽ നിന്നും ഒരു പ്രവാചകനെ അയക്കുമെന്നത് കൊണ്ടുള്ള വിവക്ഷിതം ഇസ്രായിൽ സന്തതികളുടെ സഹോദരന്മാരായ ഇസ്മായിൽ സന്തതികളിൽ നിന്നും ഒരു പ്രവാചകനെ അയക്കുമെന്നാണ്. അതെ - ഹസ്റത്ത് മുഹമ്മദു നബി (സ) ഇസ്രായിൽ പരമ്പരയിൽ നിന്നല്ല, ഇസ്മായിൽ പരമ്പരയിൽ നിന്നുമുള്ള മഹാത്മാവാണ്.

'എന്റെ വചനങ്ങളെ അവന്റെ നാവിന്മേൽ ആക്കും' എന്ന പ്രസ്തുത പ്രവചനത്തിൽ പറഞ്ഞത് ഹ: നബി കരിം (സ) തിരുമേനിയെക്കുറിച്ച് "അദ്ദേഹം സ്വച്ഛേയാ സംസാരിക്കുന്നില്ല. അദ്ദേഹത്തിന് ബോധനം ചെയ്യപ്പെടുന്ന ദിവ്യസന്ദേശമല്ലാതെ" (53. 4,5) എന്നു വിശുദ്ധ ഖുർആൻ അരുൾ ചെയ്യുന്നു. "അവൻ എന്റെ നാമത്തിൽ പറയുന്ന വചനങ്ങൾ" എന്നത് വിശുദ്ധ ഖുർആനിലെ ഓരോ അദ്ധ്യായവും (സൂറ: തൗബ ഒഴികെ)അല്ലഹുവിന്റെ തിരുനാമത്തിൽ ആരംഭിക്കുന്നതിലേക്കു സൂചന നൽകുന്നു.

ചുരുക്കത്തിൽ ബൈബിളിലെ പ്രസ്തുത സുവിശേഷ പ്രവചനം ഹ: മൂസാനബി (അ) തനിക്കു സദൃശനായി വരുന്ന ഹ: മുഹമ്മദു നബി (സ) യിൽ പരിപൂർത്തിയായിരിക്കുന്നു എന്ന യാഥാർത്ഥ്യം സ്പഷ്ടമാണ്.

ചുരുക്കത്തിൽ ഉപര്യുക്ത ഖുർആനിക വചനത്തിൽ ഹ. മൂസാനബിയുടെ പ്രവചനത്തിൽ പ്രസ്താവിക്കപ്പെട്ട പ്രവാചകൻ ഇമാമും റഹ്മത്തും (ലിൽ ആലമിൻ) ആയി വന്ന ഹ: മുഹമ്മദു നബിയുടെ ആഗമനത്തോടുകൂടി പരിപൂർത്തിയടഞ്ഞിരിക്കുന്നു.

അതേപ്രകാരം ഭാവിയിൽ വരാനിരിക്കുന്ന മഹാനായ ദൈവനിയുക്തനും ഹ: മുഹമ്മദു നബി (സ) യിൽ നിന്നും ആത്മീയ പ്രകാശം ഉൾക്കൊണ്ട് ഇസ്‌ലാം മതസേവകനായി അവതരിച്ച ആളുമായ ഹ: അഹ്മദാണ് ശാഹിദു എന്ന വാക്കുകൊണ്ടുള്ള വിവക്ഷിതം എന്നു മനസ്സിലാവുന്നു.

ചുരുക്കത്തിൽ സൂറ:ഹുദിൽ പ്രസ്താവിക്കപ്പെട്ട ആയത്തിൽ മൂന്നു കാര്യങ്ങളാണ് പ്രതിപാദിക്കപ്പെട്ടിരിക്കുന്നത്.

1. ദൈവികദൃഷ്ടാന്തങ്ങളിൽ അധിഷ്ഠിതമായ ഹസ്റത്ത് റസൂൽ കരിം (സ) യുടെ മഹനീയ വ്യക്തിത്വം.

2. ആ പുണ്യാത്മാവിനെക്കുറിച്ച് അദ്ദേഹത്തെ പിന്തുടർന്നു ആഗതനായ ഹ: വാഗ്ദത്ത മസിഹിന്റെ ലക്ഷ്യം.

3. അദ്ദേഹത്തെക്കുറിച്ചുള്ള ഹസ്റത്ത് മൂസാനബിയുടെ പ്രവചനം.

അതെ - 1. അഫമൻ കാന അലാ ബയ്യിനത്തിൻ മിൻറബ്ബിഹി എന്നതു കൊണ്ട് ഹസ്റത്ത് റസൂൽ തിരുമേനിയും.

2. വയത്‌ലുഹുശാഹിദുൻ മിൻഹു എന്നതുകൊണ്ട് ഹസ്റത്ത് വാഗ്ദത്ത മഹ്ദി മസീഹും

3. വമിൻ ഖബ്‌ലിഹി കിതാബു മൂസാ ഇമാമൻ വറഹ്മത്തൻ എന്നതു കൊണ്ട് ഹ: നബി തിരുമേനിയെക്കുറിച്ചുള്ള ഹസ്റത്ത് മൂസാനബിയുടെ പ്രവചനങ്ങളുമാണ് ഉദ്ദേശ്യം. ■

## മുഹമ്മദ് നബി (സ)

**ഓ നബി, നാം നിന്നെ ഒരു സാക്ഷിയും സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീത് നൽകുന്നവനുമായി അയച്ചിരിക്കുന്നു. അല്ലാഹുവിന്റെ കല്പനയനുസരിച്ച് അവനിലേക്ക് ക്ഷണിക്കുന്ന ആളായും പ്രകാശം നൽകുന്ന വിളക്കായും (നിന്നെ അയച്ചിരിക്കുന്നു.)**

**വി. ഖുർആൻ (33:46,47)**

ലേഖനം

# ഇന്ത്യയും പാകിസ്താനും ഭരണഘടനാപരമായി ആരാണ് ഇസ്‌ലാമിനോടടുത്ത് നിൽക്കുന്നത്?

എ. എം. മുഹമ്മദ് സലിം

**ഇസ്‌ലാം മനുഷ്യാത്മാവിനോടുള്ള ഒരു നിവേദനവും മനസ്സാക്ഷിയുടെ സാമൂഹ്യ പ്രകാശനവുമാണ്. ഒരു മുസ്‌ലിം രാജ്യത്തിന്റെ നിയമ രൂപങ്ങളിൽ അതിന്റെ പ്രതിഫലനങ്ങളുണ്ടായിരിക്കേണ്ടതുണ്ട്. എന്നാൽ ഇസ്‌ലാമിന്റെ പ്രിയപ്പെട്ട ആശയമായ മതസ്വാതന്ത്ര്യം ഭരണഘടനാപരമായി സംരക്ഷിക്കുന്നത് പാകിസ്താനോ അതോ ഇന്ത്യയോ?**

മാനവീയതയുടെ സൗന്ദര്യവും, സ്വാതന്ത്ര്യത്തിന്റെ ഉദാരതയും ഇസ്‌ലാമിക നീതി സങ്കല്പത്തിൽ നിറഞ്ഞുനിൽക്കുന്നു. ദിവ്യമായ സ്രോതസ്സിൽനിന്നും ഉരുവം കൊള്ളുന്ന മതസ്വാതന്ത്ര്യത്തെ സംബന്ധിച്ചുള്ള ഇസ് ലാമിക മൂല്യസങ്കല്പങ്ങൾ എല്ലാ രാഷ്ട്രീയ മാനവീയ സ്ഥാപനങ്ങളേയും പ്രഭാവിതമാക്കാൻ മാത്രം സർഗ്ഗാത്മകവും മനുഷ്യന്റെ സ്വച്ഛമായ ധാർമ്മിക സത്വത്തിന് അനുയോജ്യവുമാണ്. നിർഭാഗ്യകരമെന്ന് പറയട്ടെ മുസ്‌ലിം രാജ്യങ്ങളിൽ ഇസ്‌ലാമികമെന്ന പേരിൽ ഇന്ന് കാണുന്ന ഭരണകൂടങ്ങൾ മനുഷ്യാവകാശങ്ങളുടെ കശാപ്പുശാലകളും മുല്ലമാരുടെ മനോവൈകൃതങ്ങളുടെ പ്രേതഗൃഹങ്ങളുമാണ്. മധ്യകാലത്തി ന്റെ മയക്കത്തിൽ നിന്നുണർന്നിട്ടില്ലാത്ത ഭോഷന്മാരായ രാജാക്കന്മാരും സൈ നിക ചമയങ്ങളിൽ വിഭൂഷിതരായ ഏകാധിപതികളും മനുഷ്യത്വവിരോധികളായ മതനേതൃത്വവും കൂടിയാണ് മുസ്‌ലിം രാജ്യങ്ങളിലെ ഭരണക്കൂടങ്ങൾ പങ്കിടുന്നത്. മനുഷ്യാവകാശങ്ങളെക്കുറിച്ചോ സാർവ്വലൗകികമായ നീതീ സങ്കല്പങ്ങളെക്കുറിച്ചോ മനുഷ്യത്വത്തിന്റെ വിലയേക്കുറിച്ചോ അവർക്കറിയില്ല.

മതം എന്നത് ഏറ്റവും വികാര പ്രദമാണ്. എല്ലാ മതങ്ങളും ആത്മനിയന്ത്രണം പാലിക്കാനും വിവേകമതിയാവാനും മനുഷ്യനെ ഉപദേശിക്കുന്നുവെങ്കിലും മത വിശ്വാസികളുടെ പൊതു മനശ്ശാസ്ത്രം പലപ്പോഴും മറ്റൊന്നാണ്. യുക്തിബോധമില്ലാതെ വികാരം കൊള്ളുകയും വിവേചനരഹിതമായി പെരുമാറുകയുമാണ് പല മതസമൂഹങ്ങളുടേയും ശീലം. അതുകൊണ്ട് ഭൂരിപക്ഷത്തിന്റെ മതത്തോടൊപ്പം തന്നെ ന്യൂനപക്ഷീയരായ അന്യമതത്തെ സംബന്ധിച്ചും മറ്റു മത വിഭാഗങ്ങളെ സംബന്ധിച്ചും ഒരു രാജ്യം നിർമ്മിക്കുന്ന നിയമങ്ങൾ ആ രാജ്യത്തിന്റെ നീതി സങ്കല്പത്തിന്റെ ഉരക്കല്ലായിമാറുന്നു.

മുസ്‌ലിം രാജ്യങ്ങളിലെ മത സ്വാതന്ത്ര്യത്തിന്റെ നില അങ്ങേയറ്റം അപലപനീയവും മനുഷ്യത്വവിരുദ്ധവുമാണ്. മിക്ക മുസ്‌ലിം രാജ്യങ്ങളും രാജഭരണങ്ങളുടെ പിടിയിലാണ്. ഭരണഘടനയയേക്കാൾ രാജാവിന്റെ ഇംഗിതങ്ങളും കല്പനകളുമാണ് അവിടെ നിയമം അന്യമതസ്ഥർക്കോ, രാജമതത്തോട് വിയോജിപ്പുള്ളവർക്കോ അവിടെ സ്വതന്ത്രമായി ജീവിക്കാൻ സാധ്യമല്ല ദൈവത്തെ മറ്റുള്ളവരെ കൊണ്ട് ആരാധിപ്പിക്കാൻ 'മുതവ്വ' എന്ന മതപ്പോലീസിനെ വെച്ച രാജ്യമായ സഊദി അറേബ്യ തന്നെ ഇതിനുദാഹരണം. രാജാക്കന്മാരും പടുയാഥാസ്ഥിതികരായ മുല്ലമാരും ചേർന്ന് അവിടെ നടത്തുന്ന അവിഹിത വേഴ്ച്ചയാണ് ഇസ്‌ലാമിക വാഴ്ച്ച എന്ന പേരിൽ അറിയപ്പെടുന്നത്. നാം ഇവിടെ ചർച്ച ചെയ്യാനുദ്ദേശിക്കുന്നത്. 56 വർഷങ്ങൾക്കു മുമ്പ് നമ്മുടെ രാജ്യത്തോടൊപ്പം പുതിയ ലോകത്തേക്ക് കടന്നു വന്ന മുസ്‌ലിം രാഷ്ട്രമായ പാകിസ്ഥാനിലെ മത സ്വാതന്ത്ര്യത്തെ സംബന്ധിച്ചാണ്. കഴിഞ്ഞ അരനൂറ്റാണ്ടിനുള്ളിൽ നമ്മുടെ രാജ്യത്ത് സുശക്തമായ പാർലമെന്ററി ഡമോക്രസി നിലനിന്നപ്പോൾ പാകിസ്താനിൽ പാർലമെന്റിനേക്കാൾ പട്ടാളമാണ് ഭരിച്ചത്. ഇപ്പോഴും അവിടെ പട്ടാളമേധാവി തന്നെയാണ് പരമാധികാരി. ഇതിൽ നിന്നു തന്നെ പാക്കിസ്താൻ സമൂഹത്തിന്റെ ജനാധിപത്യബോധം വ്യക്തമാണല്ലോ. ഇസ്‌ലാം മത വിശ്വാസികളുടെ പേരിൽ നിലവിൽ വന്ന പാകിസ്താനാണോ അതോ മതേതര ഭാരതമാണോ ഭരണഘടനാപരമായി ഇസ്‌ലാമിക മൂല്യങ്ങളെ ഉയർത്തിപ്പിടിക്കുന്നത്? ഇന്ത്യയിലെ മതന്യൂനപക്ഷങ്ങൾക്കെതിരെ അതിക്രമങ്ങൾ ഉണ്ടാവുന്നില്ല എന്നല്ല ഇതിന്നർത്ഥം.

അതെല്ലം ആൾക്കൂട്ടങ്ങളുടേ നേതൃത്വ ത്തിലാണ് അരങ്ങേറുന്നത്. ഭരണഘടന നിയമങ്ങൾ ഉത്തരവാദിയല്ല. നിയമം തന്നെ നീതിവിരുദ്ധമായാൽ എന്തു ചെയ്യും. ഇവിടെ ഭ്രാന്ത് ചങ്ങലക്കാണ്. ഇസ്ലാമിലെ മതസ്വാതന്ത്ര്യ സങ്കല്പം പരിശോധിച്ചുകൊണ്ട് അത് ഇന്ത്യയും പാകിസ്താനുമായി നമുക്ക് താരതമ്യം ചെയ്യാം.

## ഇസ്ലാമിലെ പ്ലൂരലിസ്റ്റ് സങ്കല്പം

നാനാത്വം അഥവാ വൈവിധ്യം എന്നത് ദൈവം സൃഷ്ടിച്ച പ്രകൃതിയിൽ നിറഞ്ഞു നിൽക്കുന്ന ഒരു പ്രതിഭാസമാണ്. സ്വാഭാവികമായും അത് മനുഷ്യസമൂഹത്തിലും പ്രതിഫലിക്കുന്നു. മനുഷ്യവംശം ഒന്നാണ് എന്ന പൊതുധാരണയിൽ ഖുർആൻ ഈ വൈവിധ്യങ്ങളെ ഒരു യാഥാർത്ഥ്യമായി അംഗീകരിക്കുന്നു. ' അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ്, ആകാശങ്ങളുടെയും ഭൂമിയേയും സൃഷ്ടിപ്പും നിങ്ങളുടെ ഭാഷകളുടേയും വർണ്ണങ്ങളുടേയും വൈവിധ്യവും. തീർച്ചയായും അതിൽ അറിവുള്ളവർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്. (30:23) 'മനുഷ്യരെ, തീർച്ചയായും നിങ്ങളെ ആണിൽ നിന്നും പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളെ വിവിധ സമുദായങ്ങളും ഗോത്രങ്ങളുമാക്കിയിരിക്കുന്നു. നിങ്ങൾ പരസ്പരം അറിയാൻ വേണ്ടി' (49:14) ഭാഷ, വംശം, വർണ്ണം, മതം, തുടങ്ങി പ്രകൃതിയും സമൂഹവും ചേർന്ന് ലോക ജനതകളിൽ സൃഷ്ടിക്കുന്ന നാനാവിധത്തിലുള്ള വൈവിധ്യങ്ങൾ സംഘർഷങ്ങളില്ലാതെ രമ്യമനോഹരമായി സമന്വയിപ്പിക്കുക സാധ്യമാണോ എന്ന അന്വേഷണമാണ് പ്ലൂരലിസം അഥവാ ബഹുസ്വരത എന്ന സാമൂഹ്യദർശനം കൊണ്ട് ഉദ്ദേശിക്കുന്നത്. ബഹുദേശീയതയും ബഹുമതങ്ങളും ബഹുഭാഷകളുമുള്ള ജനാധിപത്യരാജ്യങ്ങൾ - പ്ലൂരലിസ്റ്റ് സങ്കല്പങ്ങളുടെ പരീക്ഷണ വേദികളാണ്.

ഇസ്ലാമിന്റെ സാമൂഹിക നീതിയെ സംബന്ധിച്ച സങ്കല്പം മൂല്യ പ്രധാനമാണ്. എല്ലാ വിഭാഗീയതകൾക്കുമതീതമായി മനുഷ്യാത്മാവിനോടും സമൂഹ മനസ്സാക്ഷിയോടും സംവദിക്കുന്ന ഇസ്ലാമിലെ സാർവ്വ ജനീനമായ മൂല്യ സങ്കല്പം ഏതൊരു മതവിശ്വാസിയേയും രാഷ്ട്രീയ സാമൂഹിക സ്ഥാപനങ്ങളേയും പ്രഭാവിതമാക്കാൻ പര്യാപ്തമാണ്. മതപരമായ ബഹുസ്വരതയോട് ഇസ്ലാം അനുവർത്തിക്കുന്ന സഹിഷ്ണുത അത്ഭുതകരമാണ്. ആത്മീയ പ്രതിബദ്ധതയോടെ ഏറ്റവും ആത്മാർത്ഥമായി ഇസ്ലാം ഉന്നയിക്കുന്ന ഈ ബഹുത്വ വീക്ഷണം മുസ്ലിം ഉലമാക്കന്മാരും മുസ്ലിം രാഷ്ട്രങ്ങളും നാളിതുവരെ തുറന്നുകാട്ടുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്തിട്ടില്ല. കക്ഷിപ്പോരിൽ ഏർപ്പെട്ട് പക്ഷം പിടിച്ച് മുസ്ലിംകളിൽ പെട്ടവർ തന്നെ അപരനെ കാഫിർ (അവിശ്വാസി) ആയി പ്രഖ്യാപിച്ചു കൊണ്ടിരിക്കുന്ന തിരക്കിൽ അന്യമതസ്ഥരെ പറ്റി ഖുർആൻ പറഞ്ഞ നല്ല അഭിപ്രായങ്ങൾ മുസ്ലിം മതപണ്ഡിതന്മാർക്ക് കാണാനോ അന്യരെ കാണിക്കാനോ നേരമെവിടെ?

അന്യമതങ്ങളുടെ ദൈവികമായ ഉറവിടത്തെ ഒന്നാമതായി ഇസ്ലാം സത്യപ്പെടുത്തുന്നു. ലോകത്ത് എല്ലാ സമുദായങ്ങളിലും പ്രവാചകന്മാർ വന്നിട്ടുണ്ടെന്നും അവർ പ്രേഷണം ചെയ്ത മതം ദൈവപ്രോക്തമായിരുന്നുവെന്നും ഖുർആൻ ആവർത്തിച്ചു പറയുന്നു. "എല്ലാ ഓരോ സമുദായത്തിനും ഓരോ മാർഗ്ഗദർശകൻ വന്നു കഴിഞ്ഞിട്ടുണ്ട്. " (13:8). അത്തരം മത പുരുഷന്മാർക്കിടയിൽ യാതൊരു വ്യത്യാസവും കല്പിക്കൻ പാടില്ല എന്നാണ് ഖുർആന്റെ നിർദ്ദേശം. 'അല്ലാഹുവിന്റെ ദൂതന്മാർക്കിടയിലും ഞങ്ങൾ വ്യത്യാസം കല്പിക്കുന്നില്ല' (2:250). സാധാരണ ഗതിയിൽ ഒരു മതഗ്രന്ഥം അതിന്റെ അനുയായികളെ മാത്രമെ നല്ലവരായി ചിത്രീകരിക്കാറുള്ളൂ. മുസ്ലിംകളുടെ മതഗ്രന്ഥമായ വി. ഖുർആൻ അന്യമതസ്ഥരായ ക്രിസ്ത്യാനികളെയും യഹൂദികളെയും സാബിഉകളേയും പേരെടുത്ത് പരാമർശിക്കുകയും അവരിലെ യഥാർത്ഥ വിശ്വാസികൾക്കും സൽക്കർമ്മകാരികൾക്കും ആത്മീയ മായ സുവിശേഷവും സാന്ത്വനവും നൽകുകയും ചെയ്യുന്നു. ഖുർആന്റെ ഈ വിശാല മനസ്കത ആരും ശ്രദ്ധിക്കാതെ പോകുന്നത് എത്രമാത്രം ദു:ഖകരമാണ്. ആ വിശുദ്ധ ഖുർആനെയാണ് അരുൺ ഷൂറിയെ പോലെയുള്ള വർഗ്ഗീയ അസഹിഷ്ണുത പുലർത്തുന്ന എഴുത്തുകാർ വിമർശിക്കുന്നത്. "വിശ്വസിച്ചവരും യഹൂദികളും സാബിഉകളും ക്രിസ്ത്യാനികളും (അവരിൽ നിന്ന്) ആര് അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുകയും സൽപ്രവൃത്തികൾ ചെയ്യുകയും ചെയ്യുന്നുവോ തീർച്ചയായും അവർക്ക് യാതൊരു ഭയവും ഉണ്ടാവുകയില്ല. അവർ വ്യസനിക്കുന്നവരുമല്ല." (5:70). ഇവിടെ 'സാബി' എന്ന പദം ക്രിസ്ത്യാനികളും യഹൂദികളുമല്ലാത്ത (സെമിറ്റിക്കല്ലാത്ത) എല്ലാ മതവിഭാഗങ്ങളേയും വിശേഷിപ്പിക്കുന്ന ഒരു പദമാണ്. ഇന്ത്യയിലെ ഹിന്ദു, ബുദ്ധ, ജൈനമതസ്ഥരും സരതുഷ്ട്ര കൺഫ്യൂഷസ് മതക്കാരും സാബി മതക്കാരായി വിശേഷിപ്പിക്കാം. മറ്റൊരു വചനത്തിൽ ഖുർആൻ പറയുന്നു. ' തൗറാത്തും (യഹൂദികളുടെ വേദഗ്രന്ഥം) ഇഞ്ചീലും (ക്രിസ്ത്യാനികളുടെ വേദഗ്രന്ഥം - ബൈബിൾ പുതിയ നിയമം) അവരുടെ നാഥനിൽ നിന്ന് ഇറക്കപ്പെട്ടതും അവർ മുറപ്രകാരം പ്രയോഗത്തിൽ വരുത്തിയിരുന്നുവെങ്കിൽ അവർ തങ്ങളുടെ മേൽഭാഗത്ത് നിന്നും അവരുടെ കാലുകളുടെ കീഴ്ഭാഗത്തു നിന്നും ഭക്ഷിക്കുമായിരുന്നു. (5:67) ഇസ്ലാം മതം വിശ്വസിക്കാത്തവരിൽ സാത്വികരും ദൈവഭക്തരും ഉണ്ടെന്നാണ് ഖുർആന്റെ നിലപാട് 'അവർ എല്ലാവരും ഒരു പോലെയല്ല. ഉറച്ചുനിൽക്കുന്ന ഒരു വിഭാഗം ആളുകൾ ഗ്രന്ഥാനുസാരികളിലുണ്ട്. (അന്യമതസ്ഥരിൽ) അവർ രാത്രിസമയങ്ങളിൽ അല്ലാഹുവിന്റെ വചനങ്ങൾ ഓതുകയും സാഷ്ടാംഗം പ്രണമിക്കുകയും ചെയ്യുന്നു. അവർ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുകയും സൽക്കാര്യങ്ങൾ ഉപദേശിക്കുകയും നിഷിദ്ധ കാര്യങ്ങൾ വിലക്കുകകയും സൽക്കാര്യങ്ങളിൽ അഹമഹമികയാ മുന്നേറിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അവർ സദ്‌വൃത്തരിൽപ്പെട്ടവരുമാകുന്നു.'

(3:115) അന്യമതസ്ഥരിലെ സാത്വികരുടെ ആത്മീയമായ അവസ്ഥയെ സംബന്ധിച്ച് വിശുദ്ധഖുർആന്റെ പ്രാമാണികമായ നിലപാട് പ്രസ്തുത വചനങ്ങളിൽ പ്രകടമാണ്. ആത്മീയമായ സത്യസന്ധതയോടെ ഖുർആൻ മുന്നോട്ട് വെക്കുന്ന ഈ പ്ലൂരലിസ്റ്റ് സങ്കല്പം എത്രമാത്രം ആദരണീയമാണ്.

### മതസ്വാതന്ത്ര്യം ഇസ്‌ലാമിൽ

മതസ്വാതന്ത്ര്യത്തെ സംബന്ധിച്ച് ഏറ്റവും ഉദാരമായ ഒരു സമീപനമാണ് ഇസ്‌ലാം സ്വീകരിക്കുന്നത്. ഏതൊരു മതവും സ്വീകരിക്കാനും, അത് ആചരിക്കാനും അത് പ്രചരിപ്പിക്കാനും സ്വമേധയാ അതിൽ നിന്ന് വിട്ടുപോരാനും, വ്യക്തിയെ അനുവദിക്കണമെന്നാണ് ഇസ്‌ലാമിന്റെ നിലപാട്. വ്യക്തിയും ദൈവവുമായുള്ള ഈ ഇടപാട് വ്യക്തിയുടെ സ്വച്ഛന്ദമായ തീരുമാനത്തിന് മാത്രം വിധേയമാണ്. മറ്റ് ബാഹ്യമായ ശക്തികൾക്ക് അതിൽ ഇടപെടാൻ യാതൊരു അധികാരവുമില്ല. 'മതത്തിൽ യാതൊരുവിധ ബലാൽക്കാരവുമില്ല' (2:257) എന്ന ഖുർആന്റെ പ്രഖ്യാതമായ പ്രഖ്യാപനം മതസ്വാതന്ത്ര്യത്തിന്റെ പരമമായ നീതിയുടെ പ്രകാശനമാണ്. നിരവധി സ്ഥലങ്ങളിൽ ഖുർആൻ പല വിധത്തിലും സ്വാതന്ത്ര്യ പ്രഖ്യാപനം ആവർത്തിക്കുന്നു. "നിന്റെ നാഥൻ ഇച്ഛിക്കുന്നുവെങ്കിൽ നിശ്ചയമായും ഭൂമിയിലുള്ളവരെല്ലാം ഒന്നായി വിശ്വസിക്കുമായിരുന്നു എന്നിരിക്കെ ആളുകൾ വിശ്വാസികളായിത്തീരാൻ നിനക്ക് ബലം പ്രയോഗിക്കാനാവുമോ? (10:100) 'പറയുക, ഇത് നിന്റെ നാഥനൽ നിന്നുള്ള സത്യസന്ദേശമാകുന്നു. ഇഷ്ടമുള്ളവൻ വിശ്വസിക്കട്ടെ, ഇഷ്ടമില്ലാത്തവൻ അവിശ്വസിക്കട്ടെ, (18:30) മുസ്‌ലിം രാജ്യങ്ങൾക്ക് ഖുർആന്റെ ഈ വിശാലവീക്ഷണം ഉൾക്കൊള്ളാനായില്ല. ഖുർആൻ ഏതെല്ലാം മൂല്യങ്ങളാണോ ഉയർത്തിപ്പിടിച്ചത് അതിന്റെ നിഷേധാത്മക മൂല്യങ്ങളായിരുന്നു മുസ്‌ലിം രാജ്യങ്ങളെ സ്വാധീനിച്ചത്.

### ഖായിദെഅഅ്സം മുഹമ്മദലി ജിന്നയുടെ മത സ്വാതന്ത്ര്യ സങ്കല്പം

മതസാമുദായിക സ്പർദ്ധയുടെ പേരിൽ ഉണ്ടായ ദൗർഭാഗ്യകരമായ വിഭജനത്തിന് ശേഷം 1947 ൽ ഇന്ത്യയിൽ നിന്നും ഒരു ദേശം വെട്ടിമാറ്റിക്കൊണ്ട് പാകിസ്താൻ നിലവിൽ വന്നു. പാകിസ്താന്റെ അനിഷേധ്യ നേതാവായിരുന്ന ഖാഈദെ അഅ്സം മുഹമ്മദലി ജിന്ന കറകളഞ്ഞ ഒരു സെക്കുലരിസ്റ്റായിരുന്നു എന്ന വസ്തുത നമ്മിൽ പലരേയും അത്ഭുതപ്പെടുത്തും. തികഞ്ഞ കോൺഗ്രസ്സുകാരനായി, രാഷ്ട്രീയ ജീവിത മാരംഭിച്ച ജിന്നയെ പിന്നീട് സ്വാധീനിച്ചത് മതസാമുദായികവാദമായിരുന്നു. ജിന്ന ഒരിക്കലും മത രാഷ്ട്ര മൗലികവാദിയായിരുന്നില്ല. പാകിസ്താന്റെ ദേശീയ നയം മതാധിഷ്ഠിതമായിരുന്നി ല്ല എന്നാണ് ജിന്നയുടെ ചിന്തയിലും വാക്കിലും പ്രവൃത്തിയിലും മുഴച്ചുനിന്നത്. 1946 ൽ ന്യൂഡൽഹിയിൽ റോയിട്ടർ പത്രത്തിന്റെ കറസ്പോണ്ടന്റ് ഡൂം കാംബല്ലിന് അനുവദിച്ച ഒരു അഭിമുഖത്തിൽ അദ്ദേഹം പറഞ്ഞു. 'ജനങ്ങളിൽ പരമാധികാരം നിക്ഷിപ്തമായതും മതപരമോ ജാതീയമോ, വിശ്വാസ പ്രമാണപരമോ ആയ യാതൊരു പരിഗണനയുമില്ലാതെ പൗരന്മാർക്ക് തുല്യാവകാശമുള്ള ആധുനിക ജനാധിപത്യ രാജ്യമായിരിക്കും ഞങ്ങളുടെ പാകിസ്താൻ' (ഉദ്ധരണി From Jinnah to Zia' Muhammed Munir - P. 29)

പാകിസ്താന്റെ രൂപീകരണ കാലത്ത് പൊതുരാഷ്ട്രീയരംഗത്ത് പ്രത്യക്ഷപ്പെടാതെ കാണാമറയത്ത് നിന്നിരുന്ന മതരാഷ്ട്ര മൗലിക വാദത്തിന്റെ കരിംഭൂതങ്ങളെ മന:ക്കണ്ണിൽ കണ്ട പ്രതിഭാശാലിയായ മുഹമ്മദലി ജിന്ന 1947 ആഗസ്റ്റ് 11-ാം തീയതി പാകിസ്താന്റെ കോൺസ്റ്റിറ്റ്യൂവന്റ് അസ്സംബ്ലിയിൽ വെച്ച് ഭരണഘടനയുടെ നയപ്രഖ്യാപനം നടത്തുകയുണ്ടായി. അതിൽ പാകിസ്താൻ ഭരണഘടന പൂർണമായും സെക്കുലർ ആയിരിക്കുമെന്ന് അദ്ദേഹം പാകിസ്താൻ ജനതക്ക് ഉറപ്പ് നൽകിയിരുന്നു.

"നാം പുതിയ പ്രവർത്തനം ആരംഭിക്കേണ്ടിയിരിക്കുന്നു. സമയക്രമമനുസരിച്ച് ഹിന്ദുക്കൾ മുസ്‌ലിംകൾ എന്നീ ഭൂരിപക്ഷ സമുദായങ്ങളുടെ വിഭജനങ്ങൾ അപ്രത്യക്ഷമാകുന്നതാണ്. കാരണം മുസ്‌ലിംകൾ എന്ന് പറയുമ്പോൾ നിങ്ങൾ പഞ്ചാബിയും, ശിയായും സുന്നിയും മറ്റുമാണ്. ഹിന്ദുക്കളാകട്ടെ നിങ്ങൾ ബ്രാഹ്മണരും, വൈഷ്ണവനും ഖത്രിയും അതുപോലെ ബംഗാളിയും മദ്രാസിയും മറ്റുമായിരിക്കും. അതുകൊണ്ട് ഈ വിഭജനങ്ങളെല്ലാം അപ്രത്യക്ഷമാകും.തീർച്ചയായും ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനു മുന്നിൽ ഏറ്റവും വലിയ വിലങ്ങുതടി ഇതായിരുന്നുവെന്ന് നിങ്ങൾ പറയുമെങ്കിൽ. ഇതൊഴിവാക്കിക്കൊണ്ട് നാം വളരെ മുമ്പേ സ്വതന്ത്രരാകേണ്ടതായിരുന്നു....

.......അതുകൊണ്ട് നാം ഇതിൽ നിന്നും ഒരു പാഠം പഠിക്കണം. നിങ്ങൾ തികച്ചും സ്വതന്ത്രരാണ്. ഈ പാക്കിസ്ഥാൻ രാജ്യത്ത് നിങ്ങൾക്ക് അമ്പലത്തിൽ പോകാം. നിങ്ങൾക്ക് നിങ്ങളുടെ പള്ളികളിൽ പോകാം. നിങ്ങളുടെ ഏത് ആരാധനാലയങ്ങളിലും പോകാം. നിങ്ങൾക്ക് ഏത് മതവും, ജാതിയും, വിശ്വാസ പ്രമാണങ്ങളും കൈകൊള്ളാം. അതൊന്നും തന്നെ രാഷ്ട്രത്തിന്റെ വിഷയമല്ല. (സദസ്സിൽ നിന്നും സന്തോഷാരവം).

........യാതൊരു പക്ഷപാതിത്വങ്ങളുമില്ലാത്ത ഈ സുദിനത്തിൽ നാം സമാരംഭിക്കുകയാണ്, ഒരു മതസമുദായത്തിൽ നിന്നും ഭിന്നമായി മറ്റൊരു സമുദായത്തോടോ ജാതികൾ തമ്മിലോ വിശ്വാസപ്രമാണങ്ങൾ തമ്മിലോ ഇവിടെ യാതൊരു പക്ഷപാതിത്വങ്ങളുമില്ല. ഒരു രാജ്യത്തിലെ തുല്യാവകാശമുള്ള പൗരന്മാർ എന്ന തത്വത്തെ അടിസ്ഥാനമാക്കി നമുക്ക് പ്രവർത്തിക്കാം. (കൈയ്യടി).

......... നമ്മുടെ മുമ്പിൽ സമർപ്പിക്കപ്പെട്ട ഈ ആദർശങ്ങൾ നാം മാതൃകയാക്കണം. അങ്ങിനെയാണെങ്കിൽ കാലക്രമേണ ഹിന്ദു ഹിന്ദുവല്ലാതാകുന്നതും മുസ്‌ലിം മുസ്‌ലിമല്ലാതെയാവുന്നതും നിങ്ങൾക്ക് കാണാം. മതപരമായ അർത്ഥത്തിലല്ല ഞാനിത് പറയുന്നത്. കാരണം മതം മനുഷ്യന്റെ വ്യക്തിപരമായ കാര്യമാണ്. രാഷ്ട്രീയാർത്ഥത്തിൽ നാമെല്ലാം ഒരു രാജ്യത്തിലെ പൗരന്മാരാണ് എന്ന അർത്ഥ

ത്തിലാണ് ഞാനിത് പറയുന്നത്.'' (ഉദ്ധരണി: From Jinna to Zia - Muhammed Munir).

### മതസ്വാതന്ത്ര്യം: സൗദിയും പാകിസ്താനും തമ്മിൽ ഒരേറ്റുമുട്ടൽ

മതേതരവാദിയായ (സെക്കുലറിസ്റ്റ്) ജിന്നാസാഹിബിന്റെ നേതൃത്വത്തിൽ രൂപം കൊണ്ട് പാകിസ്താൻ മതസ്വാതന്ത്ര്യത്തിന് വേണ്ടി അന്തർദേശീയ തലത്തിൽ ചെയ്ത സേവനങ്ങൾക്കൂടി നാം കണക്കിലെടുക്കണം.

അന്തർദേശീയ തലത്തിൽ മതസ്വാതന്ത്ര്യത്തെക്കുറിച്ച് ചർച്ച ചെയ്തിരുന്ന കാലമായിരുന്നു അത്. മനുഷ്യന്റെ അടിസ്ഥാനപരമായ സ്വാതന്ത്ര്യം എന്ന നിലക്ക് ഐക്യരാഷ്ട്രസഭ 1947 ൽ മനുഷ്യാവകാശ പ്രഖ്യാപനത്തിൽ മതസ്വാതന്ത്ര്യത്തെപറ്റിയുള്ള മാതൃകാ മാനകം (Norm) ആർട്ടിക്കിൾ 18, 19 ആയി എഴുതി ചേർക്കുകയുണ്ടായി. മനുഷ്യാവകാശ പ്രഖ്യാപന മാനകം തയ്യാറാക്കുന്ന ഐക്യരാഷ്ട്ര സഭയുടെ ജനറൽ അസംബ്ലിയിൽ വെച്ച് മതസ്വാതന്ത്ര്യം എന്ന വിഷയത്തെ അധികരിച്ച് നടന്ന ചർച്ചയിൽ യാഥാസ്ഥിതിക മുസ്ലിം രാജഭരണക്കൂടമായ സൗദി അറേബ്യയുടെ പ്രതിനിധിയും പാകിസ്താൻ പ്രതിനിധിയും തമ്മിൽ രൂക്ഷമായ വാദപ്രതിവാദം നടക്കുകയുണ്ടായി. പാകിസ്താനെ പ്രതിനിധീകരിച്ചത് ലോക പ്രശ്സത നിയമജ്ഞൻ യശ്ശ:ശരീരനായ സർ സഫറുല്ലാഹ് ഖാനായിരുന്നു. 'ഒരാൾ മതം മാറുന്നത് ശരീഅത്ത് പ്രകാരം നിഷിദ്ധമാണ്' എന്നായിരുന്നു സൗദി പ്രതിനിധിയുടെ നിലപാട്. അതുകൊണ്ടു സൗദി പ്രതിനിധി മതപരിവർത്തനാവകാശത്തെ അതിശക്തമായി എതിർക്കുകയുണ്ടായി. മനുഷ്യ സ്വാതന്ത്ര്യത്തെ അങ്ങേയറ്റം വിലമതിക്കുന്ന പരിശുദ്ധ ഇസ്ലാമിന്റെ പേരിൽ മനുഷ്യത്വവിരുദ്ധവും പ്രതിലോമകരവുമായ നിലപാടു സ്വീകരിച്ച സൗദി അറേബ്യക്കെതിരെ ഇസ്ലാമിന്റെ വീര പോരാളിയായ സർ സഫറുല്ലാഹ്ഖാൻ സടകുടഞ്ഞെഴുന്നേറ്റു. തന്റെ പ്രഖ്യാതമായ പ്രതിഭാവിലാസത്തോടെ സൗദി അറേബ്യയുടെ യാഥാസ്ഥിതിക വിതണ്ഡ വാദത്തിനെതിരെ ജനറൽ അസംബ്ലിയിൽ സർ സഫറുല്ലാഹ്ഖാൻ ഗർജ്ജിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗം ഒരു യൂറോപ്യൻ എഴുത്തുകാരൻ ഉദ്ധരിച്ചത് ഇപ്രകാരമായിരുന്നു.

''ചിന്താസ്വാതന്ത്ര്യത്തിന്റെയും വിശ്വാസ സ്വാതന്ത്ര്യത്തിന്റേയും ആർട്ടിക്കൾ 18, 19 ൽ പറഞ്ഞ എല്ലാ സ്വാതന്ത്ര്യങ്ങളുടെയും ശക്തനായ വക്താവാണ് പാകിസ്താൻ. ഈ വിഷയത്തിന്റെ ചില വീക്ഷണങ്ങൾ ഇസ്ലാമിന്റെ ആത്മാഭിമാനവുമായി ബന്ധപ്പെട്ടതാണെന്ന നിലക്ക് പാകിസ്താൻ പ്രതിനിധി സംഘത്തിന് ഈ പ്രശ്ന ത്തിൽ പ്രത്യേക താല്പര്യമുണ്ടായിരുന്നു.... ഇസ്ലാം മതം മനസ്സാക്ഷി സ്വാ തന്ത്ര്യത്തിനുള്ള അവകാശം അസന്നിഗ്ദ്ധമായി പ്രഖ്യാപനം ചെയ്യുന്നു. മത വിശ്വാസ കാര്യത്തിലോ മതാചരണ കാര്യത്തിലോ യാതൊരുവിധ നിർബന്ധവും പാടില്ലെന്നും ഇസ്ലാം പ്രഖ്യാപിക്കുന്നു.'' (ഉദ്ധരണി: Human Right and Conflict of Cultures - by David Little etal. P. 168 -2001)

സൗദിയുടെ ബുദ്ധിശൂന്യമായ മുല്ലായിസം അവഗണിച്ച് ആർട്ടിക്കിൾ 18, 19 മനുഷ്യാവകാശ പ്രഖ്യാപനത്തിൽ എഴുതിച്ചേർക്കാൻ ജനറൽ അസംബ്ലി തീരുമാനിച്ചു.

### ഇന്ത്യൻ ഭരണഘടനയും മതസ്വാതന്ത്ര്യവും

പൗരന് ഇഷ്ടമുള്ള മതം വിശ്വസിക്കാനും ആചരിക്കാനും പ്രചരിപ്പിക്കാനും വിട്ടുപോരാനുമുള്ള സ്വാ തന്ത്ര്യം ഇന്ത്യൻ ഭരണഘടനയിൽ പരിരക്ഷിച്ചിരിക്കുന്നു. ഇസ്ലാം മതത്തി ന്റെ പ്രിയപ്പെട്ട ഈ മൂല്യങ്ങൾക്ക് നിയ മ രൂപം നൽകി സംരക്ഷണം നൽകിയ ഇന്ത്യൻ ഭരണഘടന ആ അർത്ഥത്തിൽ ഇസ്ലാമികമാണ് എന്നു പറയുന്നതിൽ തെറ്റുണ്ടാവില്ലെന്നു കരുതുന്നു. നമ്മുടെ ഭരണഘടനയുടെ 25 മുത ൽ 28 വരെയുള്ള മത സ്വാതന്ത്ര്യത്തിനുള്ള വകുപ്പുകൾ സാർവ്വലൗകിക നിയമങ്ങളോടും ഇസ്ലാമിക മൂല്യങ്ങളോടും പൂർണ്ണമായും യോജിക്കുന്നു. മാനവതാവാദികളും, നീതിമാന്മാരുമായ ഇന്ത്യയിലെ ഭരണഘടനാ ശില്പികൾ - മത ന്യൂനപക്ഷങ്ങൾക്ക് പരിപൂർണ്ണ തൃപ്തി നൽകുന്ന വിധത്തിലുള്ള നീതിപൂർണ്ണമായ ഒരു ഭരണഘടനക്കാണ് രൂപം നൽകിയത്. ഹിന്ദു മതസ്ഥരായ അവർ മതപരമായ സങ്കുചിത വീക്ഷണം പുലർത്തിയിരുന്നുവെങ്കിൽ ഇന്ത്യയിലെ ന്യൂനപക്ഷങ്ങൾക്ക് പാകിസ്താനിലെ ഇന്നത്തെ ന്യൂനപക്ഷങ്ങളുടെ ഗതിയായിരിക്കും ഉണ്ടായിരിക്കുക എന്ന കാര്യം നാം ഓർക്കേണ്ടതുണ്ട്. ഇന്ത്യൻ ഭരണഘടനാ നിർമ്മാണ സഭയിൽ പങ്കെടുത്തുകൊണ്ട് ലക്ഷ്മികാന്ത മൈത്ര സെക്കുലറിസത്തെപറ്റി പറഞ്ഞ ഉജ്ജ്വലമായ അഭിപ്രായം ഇങ്ങനെയായിരുന്നു. 'ഏതെങ്കിലും വിധത്തിലുള്ള മത വിശ്വാസം പുലർത്തുന്ന ഒരാൾക്കെതിരായി മതത്തിന്റെയോ സമുദായത്തിന്റെയോ പേരിൽ എന്തുതന്നെയായാലും സ്റ്റേറ്റ് പക്ഷപാതിത്വമൊന്നും കാട്ടാനൊരുങ്ങുകയില്ലെന്നാണ് മതേതരരാഷ്ട്രമെന്നതുകൊണ്ട് ഞാൻ മനസ്സിലാക്കുന്നത്. സ്റ്റേറ്റിൽ ഒരു പ്രത്യേക മതത്തിനും സ്റ്റേറ്റിന്റെ രക്ഷാധികാരിത്വം ഒരു തരത്തിലും ലഭിക്കില്ലെന്ന് സാരം. ഏതെങ്കിലും മതങ്ങളെ ഒഴിവാക്കിക്കൊണ്ടോ ഒരു പ്രത്യേക മതം സ്ഥാപിക്കാനോ അതിന്റെ രക്ഷാധികാരിയായിരിക്കാനോ അതിനു ദാനം ചെയ്യാനോ സ്റ്റേറ്റിനു ഉദ്ദേശ്യമില്ല...... ഏതെങ്കിലും ഒരു പ്രത്യേക മതാവലംബനം പരിഗണനാർഹമാകുകയോ ഇല്ല. (ഉദ്ധരണി: ഇന്ത്യൻ ഭരണഘടന - ഡോ. എം. പി. പൈലി. പേ. 144)

ഡോ. അംബേദ്ക്കർ മതേതര സങ്കല്പത്തിന് നൽകിയ വിവരണം ഈ വിധത്തിലായിരുന്നു. " ഏതെങ്കിലുമൊരു പ്രത്യേക മതം മറ്റുള്ള ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കാൻ പാർലമെന്ററിന് അർഹതയുണ്ടായിക്കൂടെന്ന് മാത്രമാണ് ഒരു മതേതര രാഷ്ട്രമെന്നതിന് ആകെ കൂടിയുള്ള അർത്ഥം. (ഉദ്ധരണി: ഇന്ത്യൻ ഭരണഘടന - ഡോ. എം. വി. പൈലി പേ. 144)

മറ്റ് സെക്കുലർ ഭരണഘടനകളിൽ പോലും കാണാത്ത വിധം മതം പ്രച

*(ശേഷം 30 -ാം പേജിൽ)*

# ആദം നബി (അ) ആദ്യ മനുഷ്യനോ?

ഏ. പി. കുഞ്ഞാമു

**ആദംനബിയുടെ സൃഷ്ടിപ്പിനേയും അദ്ദേഹത്തിന്റെ സ്വർഗ്ഗവാസത്തെപ്പറ്റിയും ഭൂരിപക്ഷ മുസ്‌ലിംകൾ വിശ്വസിക്കുന്ന കഥകൾ ക്രിസ്ത്യാനികളുടെ അബദ്ധ വിശ്വാസങ്ങളുടെ ഒരു വികൃതാനുകരണം മാത്രമാണ്.**

യക്ഷിക്കഥകളെ അതിശയിപ്പിക്കുന്നയത്ര യുക്തിഭംഗങ്ങളും, ഭാവനാ വൈചിത്ര്യങ്ങളും നിറഞ്ഞതാണ് ആദമിന്റെ സൃഷ്ടികഥ യും സ്വർഗ്ഗവാസവും. ബുദ്ധിയേയും, യുക്തിയേയും മയക്കിക്കിടത്തിയല്ലാതെ ഈ കഥകൾ വിശ്വസിക്കാൻ സാധാരണഗതിയിൽ സാധ്യമല്ല. മാത്രമല്ല മനുഷ്യന്റെ സൃഷ്ടികഥ നരവംശശാസ്ത്രത്തിനും താല്പര്യമുള്ള വിഷയമാണ്. മനുഷ്യ സൃഷ്ടി പരിണാമങ്ങളെപ്പറ്റി അവർ മുന്നോട്ടുവെക്കുന്ന അനിഷേധ്യമായ തെളിവുകളെ നമുക്ക് അവഗണിക്കാൻ സാധ്യമല്ല. ബൈബിൾ കഥകളുടെ വികൃതാനുകരണങ്ങളായി മുസ്‌ലിംകൾ വിശ്വസിക്കുന്ന ആദമിന്റെ സൃഷ്ടികഥ യുക്തിജ്ഞാനത്തിന് വളരെയേറെ പ്രാധാന്യം നൽകിയ ഖുർആന്റെ അന്ത:സത്തക്കും അവകാശവാദങ്ങൾക്കും നിരക്കാത്തതാണ്. ഈ കഥ വിശ്വസിക്കുകയാണെങ്കിൽ, അനേകം സമസ്യകൾക്ക് നാം ഉത്തരം കണ്ടെത്തേണ്ടിവരും.

ആദം നബി (അ) ഉം ഹവ്വായും സ്വർഗ്ഗത്തിൽ സുഖ സമ്പൂർണ്ണമായ ജീവിതം നയിച്ചുപോന്നു. അല്ലാഹു ആദം നബി (അ) യോടു ഒരു പ്രത്യേക മരത്തെ സമീപിക്കരുതെന്നും അതു നൽകുന്ന പഴം ഭക്ഷിക്കരുതെന്നും ആജ്ഞാപിച്ചു. ഒരു ദിവസം പിശാചിന്റെ ദുർബ്ബോധനത്തിൽ അവർ അകപ്പെടുകയും പ്രസ്തുത മരത്തെ സമീപിക്കുകയും അതിലെ നിരോധിത കനി ആദം ഹവ്വയുമായി പങ്കിട്ട് ഭക്ഷിക്കുകയുണ്ടായി. ഈ ആജ്ഞാ ലംഘനം അല്ലാഹുവിൽ ക്രോധം ജനിപ്പിക്കുകയും അദ്ദേഹത്തെയും ഭാര്യയെയും സ്വർഗ്ഗത്തിൽ നിന്നും ഭൂമിയിലേക്ക് പുറത്താക്കാൻ അതു കാരണമായിത്തീരുകയും ചെയ്തു. അദ്ദേഹം മാപ്പു ചോദിക്കുകയും പശ്ചാത്താപം അതിന്റെ മൂർദ്ധന്യ ദശ പ്രാപിച്ചപ്പോൾ അദ്ദേഹത്തിന് അല്ലാഹു പൊറുത്തുകൊടുക്കുകയും ചെയ്തു.

ആദമിനെ അല്ലാഹു പ്രവാചകനായി നിയോഗിക്കുന്നു. അങ്ങനെ ആ ദിവ്യാത്മാവ് പ്രഥമ മനുഷ്യനും പ്രഥമ പ്രവാചകനുമായി. അദ്ദേഹത്തെ പ്രവാചകനായി നിയോഗിച്ച ശേഷം അല്ലാഹു മലക്കുകളോടു ആദമിനെ സാഷ്ടാംഗം പ്രണമിക്കുവാൻ ആജ്ഞ നൽകുകയും മലക്കുകളെല്ലാം സുജൂദ് ചെയ്യുകയും ഇബ് ലീസ് സുജൂദ് ചെയ്യാതിരിക്കുകയും ചെയ്തു. എന്തുകൊണ്ടാണ് ഇബ്‌ലീസ് സുജൂദ് (സാഷ്ടാംഗം പ്രണാമം) ചെയ്യാതിരുന്നത് എന്നത് സംബന്ധിച്ച് അല്ലാഹു ചോദ്യം ചെയ്തപ്പോൾ താൻ ആദമിനേക്കാൾ എന്തുകൊണ്ടും യോഗ്യനും വലിയ ആളും ആണെന്നും ആദമിനെ കളിമണ്ണുകൊണ്ടും തന്നെ അഗ്നികൊണ്ടുമാണ് സൃഷ്ടിച്ചതെന്നും ഇബ്‌ലീസ് വാദിക്കുകയുണ്ടായി. ഈ അനുസരണക്കേട് കാരണം ഇബ്‌ലീസിനെ അല്ലാഹു ശപിക്കുകയും ഭൂമിയിലേക്ക് പുറംതള്ളുകയും ചെയ്തു. ഇബ്‌ലീസ് അല്ലാഹുവിനോട് ഒരു വരം ആവശ്യപ്പെട്ടു ഇവിടുന്നങ്ങോട്ടു അന്ത്യനാൾ വരെ ജനങ്ങളെ സൽപന്ഥാവിൽ നിന്ന് തടഞ്ഞുനിർത്താനുള്ള അനുവാദം ചോദിച്ചു. തന്റെ സദ്‌വൃത്തരായ ആൾക്കാർക്ക് ഇത് ബാധകമല്ല എന്നു പറഞ്ഞുകൊണ്ടു ഈ അപേക്ഷ അല്ലാഹു സ്വീകരിക്കുകയുണ്ടായി. അങ്ങിനെ ഇബ്‌ലീസിന്റെ പ്രവർത്തനം തുടർന്നു ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നു. ഇത്രയും കേൾക്കുമ്പോൾ ഒരുപാടു ചോദ്യങ്ങൾ നമ്മുടെ മുമ്പിൽ തല ഉയർത്തി നിൽക്കുന്നു.

വിശുദ്ധഖുർആന്റെ പാഠമനുസരിച്ചു സ്വർഗ്ഗത്തിൽ പ്രവേശിച്ച ആരും തന്നെ പുറത്തുപോവുകയില്ല. ആഗ്രഹ സാഫല്യത്തിന്റെ ഗേഹമായ സ്വർഗ്ഗത്തിൽ എല്ലാ പഴങ്ങളും ഭക്ഷണ പാനീയങ്ങളും അനുവദനീയമാണ്. സ്വർഗ്ഗത്തിൽ പിശാചിന് പ്രവേശനമില്ല. ആദം നബിയെ ഒരു പ്രവാചകനായിട്ടാണ് നിയോഗിക്കുന്നതെങ്കിൽ ഇവിടെ മനുഷ്യരുണ്ടാകണം. പഠിതാക്കൾ ഉണ്ടെങ്കിലേ ഒരു അദ്ധ്യാപകന്റെ

ആവശ്യം വരുന്നുള്ളൂ. ഇവിടെ നേരെ വിരുദ്ധമായിട്ടാണ് നാം കാണുന്നത്. ദൈവേതരന്മാർക്ക് സാഷ്ടാംഗം പ്രണാമം അനുഷ്ഠിക്കുന്നത് ശിർക്ക് ആണ് (ദൈവത്തിന് പങ്കുകാരെ സങ്കല്പിക്കൽ). ശിർക്ക് ദൈവം പൊറുത്തു കൊടുക്കാത്ത പാപവുമാണ്. ലോകത്ത് അവതീർണ്ണരായ ലക്ഷക്കണക്കിന് പ്രവാചകന്മാർ ഈ ശിർക്കിനെതിരെ പടപൊരുതി ഏക ദൈവ ആരാധനയെ സംസ്ഥാപിക്കാൻ വന്നവരാണ്. ഇത്രയും കടുത്ത പാപം അനുഷ്ഠിക്കാൻ ആ സമ്പ്രദായത്തെ നിരാകരിച്ച ദൈവം തന്നെ അതു ചെയ്യാൻ നിർബ്ബന്ധിക്കുന്നു എന്നു വരുന്നത് ദൈവദൂഷണമാവുകയില്ലേ? അപ്പോൾ ഇബ്ലീസ് ചെയ്തത് ശരിയാണെന്നത് സമ്മതിച്ചു കൊടുക്കേണ്ടേ? ആദ്യത്തെ തൗഹീദ് വാദി അപ്പോൾ ഇബ്ലീസ് ആകുമോ? അവിടം കൊണ്ടും അവസാനിക്കുന്നില്ല. ഇബ്ലീസ് ജിന്നിൽ പെട്ട ആളാണെന്നാണ് വിശുദ്ധ ഖുർആനിൽ നിന്നും മനസ്സിലാകുന്നത്. മലക്കുകളോടാണ് അല്ലാഹു ആദമിന് സുജൂദ് ചെയ്യാൻ കല്പിക്കുന്നത്. പിന്നെ എന്തിനാണ് ജിന്നിൽ പെട്ട ഇബ്ലിസ് സുജൂദ് ചെയ്യാതിരുന്നത്? എന്തുകൊണ്ടു അല്ലാഹു ചോദ്യം ചെയ്തു? എന്തുകൊണ്ടു ആ കാര്യം ഇബ്ലീസ് അല്ലാഹുവിനോട് ഉണർത്തിയില്ല? ഒരു ഖലീഫയെ ഭൂമിയിൽ നിയോഗിക്കുന്നതിനു മുമ്പായി മലക്കുകളോട് അല്ലാഹു അഭിപ്രായം ചോദിച്ചപ്പോൾ രക്തം ചിന്തുന്ന ഇവരെ എന്തിനാണ് സൃഷ്ടിക്കുന്നതെന്നാണ് മലക്കുകൾ ചോദിച്ചതായി പറയുന്നത്. ഇതും മലക്കുകളുടെ സിഫത്തുകൾക്ക് (അല്ലാഹു നൽകിയ കഴിവുകൾക്ക്) അതീതമായി തോന്നുന്നു. മലക്കുകൾ ഏതൊരു ആജ്ഞയും ചോദ്യം ചെയ്യാതെ അനുസരിക്കുന്നവരാണ്. അവർക്ക് സ്വന്തമായി ഒരു അറിവും ഇല്ല. ഇവിടെ ഭവിഷ്യത് കാര്യങ്ങളെക്കുറിച്ചാണ് പറയുന്നത്. ഇത് അവരുടെ കഴിവിനപ്പുറത്തുള്ളതാണ്. ഒന്നുകിൽ ഇത്തരം സാഹചര്യങ്ങൾ മുമ്പും ഭൂമിയിൽ നടന്നിരിക്കും. അതിന്റെ അനുഭവത്തിന്റെ വെളിച്ചത്തിലായിരിക്കുമോ അവർ ഈ കാര്യം പറയുന്നത്?

ഈ പ്രഹേളികൾക്കെല്ലാം ഉത്തരം കണ്ടെത്തേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ ബുദ്ധിപരമായി ചിന്തിക്കുന്നവരുടെ മുമ്പിൽ ഒരു ബുദ്ധിമുട്ടായി വരും. ഈ വിശ്വാസം കാരണം മതങ്ങൾ യുക്തിഹീനമായ വിശ്വാസങ്ങളെ അടിച്ചേൽപ്പിക്കുന്നു എന്നു പറയേണ്ടിവരും. ഇത്ത രം സംശയവുമായി മുസ്‌ലിം പണ്ഡിതന്മാരെ സമീപിച്ചാലും ബുദ്ധിപരമായ ഒരു ഉത്തരം ലഭിക്കില്ല. കാരണം അവരുടെ വിശ്വാസവും ഇതു തന്നെയാണ്. ഇനി നമുക്ക് ആലോചിക്കാനുള്ളത് ഇസ്‌ലാമിനെ പുനരുദ്ധരിക്കാൻ ഈ കാലഘട്ടത്തിൽ ഒരു വാഗ്ദത്ത മസീഹ് മഹദി അവതരിക്കുകയും ഒരു ജമാഅത്ത് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഈ പ്രഹേളികകൾക്ക് വല്ല പരിഹാരവും നിർദ്ദേശിക്കുന്നുവോ?

ഈ വൃത്താന്തങ്ങൾ വിവരിക്കപ്പെട്ട വിശുദ്ധ ഖുർആന്റെ സൂക്തങ്ങൾ പരിശോധിച്ചാൽ നമുക്ക് ഈ പ്രഹേളികൾക്ക് ഉത്തരം കാണാൻ സാധിക്കും. നമ്മുടെ വിശുദ്ധ ഖുർആൻ വ്യാഖ്യാതക്കളെയൊക്കെ ബൈബിൾ കഥകൾ വളരെയധികം സ്വാധീനിച്ചതായി കാണാം. അതിന്റെ അടിസ്ഥാനത്തിൽ വിശുദ്ധഖുർആനിലെ സൂക്തങ്ങൾ വ്യാഖ്യാനിക്കുകയാണ് ചെയ്യുന്നത്. ഇതു ചെരിപ്പിനൊപ്പിച്ചു കാലു മുറിക്കുന്നത് പോലെയാണ്. അതാണ് ഇവിടെ സംഭവിച്ചത്.

ആദം നബി (അ) യെ പറ്റി പരാമർശിക്കുന്ന സൂക്തം ആരംഭിക്കുന്നത് സൂറ: അൽ ബഖറയിലാണ്. 31 മുതൽ 40 വരെയുള്ള വചനങ്ങൾ ഇങ്ങനെ "ഞാൻ ഭൂമിയിൽ ഒരു പ്രതിനിധിയെ നിശ്ചയിക്കാൻ പോവുകയാണെന്ന് നിന്റെ നാഥൻ മലക്കുകളോട് പറഞ്ഞ സന്ദർഭം സ്മരിക്കുക. അവർ പറഞ്ഞു 'അവിടെ കുഴപ്പമുണ്ടാക്കുകയും രക്തം ചിന്തുകുകയും ചെയ്യുന്നവരെ നീ അ വിടെ നിശ്ചയിക്കുകയാണോ?' ഞങ്ങളാകട്ടെ നിന്റെ പരിശുദ്ധിയെ കീർത്ത നം ചെയ്യുന്നതോടൊപ്പം നിന്നെ സ്തുതിക്കുകയും നിന്റെ വിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുന്നു". അല്ലാഹു പറഞ്ഞു: "നിശ്ചയമായും നിങ്ങളറിയാത്തത് ഞാനറിയുന്നു?"

അല്ലാഹു ആദമിന് എല്ലാ വസ്തുക്കളുടേയും നാമങ്ങൾ പഠിപ്പിച്ചുകൊടുത്തു. അനന്തരം അവൻ അവ ആ നാമങ്ങൾ കൊണ്ടു ഉദ്ദേശിക്കപ്പെടുന്നവയെ മലക്കുകളുടെ മുമ്പിൽ വെച്ചു കാട്ടി" എന്നിട്ടവൻ പറഞ്ഞു: "നിങ്ങൾ സത്യം പറയുന്നവരാണെങ്കിൽ ഇവയുടെ നാമങ്ങൾ എന്തെന്നു എന്നോടു പറയുക".

അവർ പറഞ്ഞു: "നീ പരിശുദ്ധനാണ് ഞങ്ങൾക്ക് നീ പഠിപ്പിച്ചുതന്നതല്ലാതെ ഞങ്ങൾക്ക് യാതൊരു അറിവുമില്ല. നിശ്ചയമായും സർവ്വജ്ഞനും യുക്തിജ്ഞനും നീ തന്നെയാകുന്നു."

അപ്പോൾ അല്ലാഹു പറഞ്ഞു: "ആദം നീ അവയുടെ നാമങ്ങൾ അവർക്ക് (മലക്കുകൾക്ക്) അറിയിച്ചുകൊടുത്തപ്പോൾ അവൻ (അല്ലാഹു) പറഞ്ഞു: 'നിശ്ചയമായും ആകാശങ്ങളിലേയും ഭൂമിയിലേയും അദൃശ്യകാര്യങ്ങൾ എനിക്കറിയാമെന്നും നിങ്ങൾ വെളിപ്പെടുത്തുന്നതും മറച്ചുവെക്കുന്നതും ഞാനറിയുന്നുവെന്നും നിങ്ങളോടു ഞാൻ പറഞ്ഞിരുന്നില്ലേ?"

"നിങ്ങൾ ആദമിന് സുജൂദ് ചെയ്യുക എന്നു മലക്കുകളോടു നാം പറഞ്ഞ സന്ദർഭം (സ്മരിക്കുക) അപ്പോൾ അവർ സുജൂദ് ചെയ്തു. പക്ഷേ ഇബ്ലീസ് സുജൂദ് ചെയ്തില്ല. അവൻ വിസമ്മതിക്കുകയും അഹങ്കരിക്കുകയും ചെയ്തു. അവൻ നിഷേധികളിൽപ്പെട്ടവനായിരുന്നു."

നാം പറഞ്ഞു: "ആദമേ, നീയും നിന്റെ പത്നിയും ഈ ജന്നത്തിൽ വസിക്കുകയും അവിടെ നിങ്ങൾ ഇച്ഛിക്കുന്നിടത്തുനിന്ന് സുഭിക്ഷമായി ഭക്ഷിക്കുകയും ചെയ്തുകൊള്ളുക. എന്നാൽ ഈ വൃക്ഷത്തെ നിങ്ങൾ സമീപിക്കരുത്. (സമീപിച്ചാൽ) നിങ്ങൾ അധർമ്മികളായി ഭവിക്കും. പിന്നീട് പിശാച് അതു മുഖേന അവർ രണ്ടുപേരെയും വ്യതിചലിപ്പിച്ചു. അങ്ങനെ ഇരുവരേയും അവരുണ്ടായിരുന്ന അവസ്ഥയിൽ

നിന്നും അവൻ (പിശാച്) പുറം തള്ളി. നാം പറഞ്ഞു: "നിങ്ങൾ ഇറങ്ങിപ്പോവുക. നിങ്ങളിൽ ചിലർ ചിലർക്ക് ശത്രുക്കളാണ്. (ഗ്രഹിച്ചുകൊള്ളുക) ഭൂമിയിൽ നിങ്ങൾക്ക് ഒരു നിശ്ചിതകാലം വരെ വാസ സ്ഥലവും ജീവിത വിഭവങ്ങളുമുണ്ടായിരിക്കും."

പിന്നെ ആദം തന്റെ നാഥനിൽ നിന്നും ചില പ്രാർത്ഥനാ വചനങ്ങൾ പഠിച്ചു (അപ്രകാരം പ്രാർത്ഥിക്കുകയും ചെയ്തു). അപ്പോൾ അവൻ (അല്ലാഹു) അദ്ദേഹത്തിന്റെ നേരെ)കാരുണ്യത്തോടെ തിരിഞ്ഞു. തീർച്ചയായും അവൻ സർവ്വഥാ കാരുണ്യത്തോടെ തിരിയുന്നവനും അതിവ ദയാലുവുമാകുന്നു.

(അപ്പോൾ) നാം പറഞ്ഞു: "നിങ്ങളെല്ലാവരും അവിടെ നിന്ന് ഇറങ്ങിപ്പോകൂ. (ഓർക്കുക) പിന്നീട് എപ്പോഴെങ്കിലും നിങ്ങളുടെ അടുക്കൽ എന്നിൽ നിന്നുള്ള മാർഗ്ഗദർശനം വരികയാണെങ്കിൽ അപ്പോൾ ആര് എന്റെ മാർഗ്ഗദർശനത്തെ പിന്തുടരുന്നുവോ അവർക്ക് ഭാവിയെ പറ്റി യാതൊരു ഭയവുമുണ്ടാകുന്നതല്ല. അവർ (കഴിഞ്ഞതിനെ) പറ്റി വ്യസനിക്കുന്നതുമല്ല.

"എന്നാൽ നിഷേധിക്കുകയും നമ്മുടെ ദൃഷ്ടാന്തങ്ങളെ കളവാക്കുകയും ചെയ്യുന്നവരാരോ അവർ നരകാവകാശികളാകുന്നു. അവരവിടെ ചിരകാലം വസിക്കുന്നവരായിരിക്കും"

ഇവിടെ അല്ലാഹു ഭൂമിയിൽ ഒരു ഖലീഫയെ നിയോഗിക്കാനുള്ള സംരംഭത്തിനുള്ള രംഗമാണ് പ്രസ്താവന വിഷയം. ഖലീഫ എന്ന് പ്രവാചകന്മാർക്കും പേരുകൾ ഉണ്ട്. പ്രവാചകൻ ഭൂമിയിൽ അല്ലാഹുവിന്റെ ഖലീഫയാണ്. അപ്പോൾ ഒരു ജനതക്ക് ആദ്യമായി ഒരു പ്രവാചകനെ നിയോഗിക്കുന്നത് അവനു ഒരു ന്യായ പ്രമാണം നൽകാനും അതനുസരിച്ചു ജീവിതക്രമപ്പെടുത്താനും അവരെ സജ്ജമാക്കുന്നതിനാണ്. ഖലീഫക്ക് മറ്റൊരർത്ഥം പ്രവാചകന്മാർ മരിച്ചശേഷം അവരുടെ സമൂഹത്തെ നയിക്കുന്ന അവരുടെ ഒരു നേതൃത്വം ഉണ്ടാകണം. അതു പ്രവാചകന്മാർ തന്നെ നിശ്ചയിക്കുകയോ, അല്ലെങ്കിൽ വിശ്വാസികൾ തിരഞ്ഞെടുക്കുകയോ ചെയ്യുന്നു. തിരുമേനി (സ:അ) തങ്ങൾ ദിവംഗതനായപ്പോൾ അത്തരം ഒരു നേതൃത്വമാണുണ്ടായത്. ചിലപ്പോൾ മുമ്പുവന്ന ന്യായപ്രമാണത്തെ സേവിക്കാൻ പ്രവാചകനെ ഖലീഫമാരായി നിയോഗിക്കുന്ന സമ്പ്രദായവും ഉണ്ട്. മൂസ നബി (അ) ദിവംഗതനായപ്പോൾ പ്രവാചകന്മാരെ മൂസാ നബി (അ) കൊണ്ടുവന്ന തൗറാത്തിന്റെ സേവകന്മാരായി അയച്ച ചരിത്രം വിശുദ്ധ ഖുർആനിൽ നിന്നും മനസ്സിലാക്കാം. പതിനാലാം നൂറ്റാണ്ടിൽ അവരുടെ മസീഹായി വന്ന ഈസാ നബി (അ) യും ഇതേ ദൗത്യത്തോടെ ബനു ഇസ്രായേലിന് വേണ്ടി മാത്രം ആഗതനായ പ്രവാചകനാണ്.

ബൈബിളിന്റെ കണക്ക് പരിശോധിച്ചാൽ ആദം നബി (അ) യുടെ ദൗത്യം ലോകത്ത് വന്നിട്ട് ആറായിരം കൊല്ലം കഴിഞ്ഞു. ഏഴായിരം കൊല്ലത്തെ ആരംഭമായിരിക്കുന്നു. അങ്ങനെ നോക്കുമ്പോൾ മനുഷ്യരാശി ഈ ഭൂമിയിൽ കോടാനുകോടി കൊല്ലങ്ങൾക്ക് മുമ്പേ നിവസിച്ചിരുന്നുവെന്നു ശാസ്ത്രം വെളിപ്പെടുത്തുമ്പോൾ ആ തെളിവുകളുടെ മുമ്പിൽ ഇതു കളവായിത്തീരും. പുരാവസ്തുക്കളെ പരീക്ഷിക്കുന്ന എല്ലാ സംവിധാനങ്ങളും ഇന്ന് ശാസ്ത്രീയമായി തെളിയിച്ചു കഴിഞ്ഞതാണ്. ഇനി അപ്പോൾ ഈ കാര്യത്തെക്കുറിച്ചു ഹസ്റത്ത് അഹ്മദ് (അ) എന്തുപറയുന്നുവെന്ന് നമുക്ക് പരിശോധിക്കാം. ഹസ്റത്ത് അഹ്മദ് (അ) ഒരു പ്രസംഗത്തിൽ ഇങ്ങിനെ പ്രതിവചിച്ചു. ആദമിന്റെ ജനനത്തിന് ശേഷമാണ് ഈ പ്രപഞ്ചത്തിന്റെ ആരംഭമെന്ന ബൈബിൾ സിദ്ധാന്തത്തോട് നമുക്ക് യോജിപ്പില്ല. കാരണം ബൈബിൾ ആദം ഭൂജാതനായിട്ട് ആറോ ഏഴോ ആയിരം കൊല്ലമേ ആകുന്നുള്ളൂവെന്നാണ് മനസ്സിലാക്കിത്തരുന്നത്. അതിനു മുമ്പായി ഒന്നും ഉണ്ടായിരുന്നില്ലെന്നും ദൈവം മടിയനായി ഒരു പ്രവൃത്തിയും ഇല്ലാതെ ഇരിക്കുകയാണെന്നുമുള്ള അഭിപ്രായവും നമുക്കില്ല. മാത്രമല്ല, ഇന്ന് ലോകത്തു കാണുന്ന എല്ലാ ജനവിഭാഗവും ഒരേ ഒരു ആദമിന്റെ സന്താനപരമ്പരയാണെന്നു നാം വിശ്വസിക്കുന്നില്ല. മാത്രമല്ല, ഈ ആദം ആദ്യത്തെ മനുഷ്യനാണെന്നും നമുക്ക് വാദമില്ല. മനുഷ്യസമൂഹം അതിനുമുമ്പു ഈ ലോകത്തുണ്ടായിരുന്നു. വിശുദ്ധ ഖുർആനും അതുതന്നെയാണെന്ന് ചൂണ്ടിക്കാണിച്ചു തരുന്നത്. ഞാൻ ഭൂമിയിൽ ഒരു ഖലീഫയെ നിയോഗിക്കാൻ പോകുന്നു എന്ന പ്രസ്താവം ഭൂമിയിൽ മനുഷ്യർ ഉണ്ടെന്ന് തന്നെയാണെന്ന് മനസ്സിലാക്കിത്തരുന്നത്. ഖലീഫ എന്നതുകൊണ്ടുള്ള വിവക്ഷ ദൈവത്തിന്റെ പ്രതിനിധി എന്നാണ്. ഈ നിലക്ക് അമേരിക്കയിലെയും ആസ്ത്രേലിയായിലേയും യഥാർത്ഥ നിവാസികൾ ഈ ആദമിന്റെ പിൻതുടർച്ചാ പരമ്പരയിൽപ്പെട്ട ജനങ്ങളാണെന്ന് നമുക്ക് പറയാൻ സാദ്ധ്യമല്ല. ഒരു പക്ഷേ മുമ്പുവന്ന ഏതെങ്കിലും ആദമിന്റെ പരമ്പരയിൽപ്പെട്ടവരാകാം. (അൽഹക്കം മെയ് 30, 1908)

ആറായിരം കൊല്ലങ്ങൾക്ക് മുമ്പു അവതരിച്ച ആദം ആദ്യത്തെ മനുഷ്യനാണെന്ന വിശ്വാസം നമ്മുടെ മുമ്പിലുള്ള തെളിവുകളുടെ അടിസ്ഥാനത്തിൽ അവിശ്വസനീയമാണ്. ഈ ഭൂമി എത്രയോ, അനേകം ഘട്ടങ്ങളും, അനേകം നാഗരികതയും അതിജീവിച്ചിട്ടുണ്ട്. നാം ഇപ്പോൾ പറയുന്ന ആദം അതിലെ ഇപ്പോൾ നാം ദർശിക്കുന്ന അവസാനത്തെ കണ്ണിയാണ്. എത്രയോ രാഷ്ട്രങ്ങൾ ജനിക്കുകയും തിരോധാനം ചെയ്യുകയും ചെയ്തിട്ടുണ്ട്. എത്രയോ ആദം ഇതിനു മുമ്പു കഴിഞ്ഞു കടന്നിട്ടുണ്ട്. രു ആദം തുടങ്ങി ഒരു പരിവൃത്തി (Cycle) പൂർത്തിയാക്കാൻ 700 കൊല്ലമാണെന്ന് ഹസ്റത്ത് അഹ്മദ് (അ) നമുക്ക് പറഞ്ഞുതരുന്നു. അങ്ങനെ എത്രയോ ആദം ഈ ഭൂതലത്തിൽ കഴിഞ്ഞുകടന്നിട്ടുണ്ട്. ഈ ഒരു കാഴ്ചപ്പാട് മുസ്‌ലിം സൂഫീവര്യന്മാരിലും നമുക്ക് ദർശിക്കാൻ സാധിക്കുന്നുണ്ട്. സൂഫീവര്യന്മാരിൽ അഗ്രഗണ്യനായ മുഹിയുദ്ദീൻ ഇബ്നു അറബി (റഹ്) പറയുന്നു. "ഞാൻ കഅ്ബ പ്രദക്ഷിണം ചെയ്യുന്നതായി സ്വപ്നത്തിൽ കണ്ടു ഒരു മനുഷ്യൻ എന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. അദ്ദേഹം പൂർവ്വീകരിൽ പെട്ട ആളാണെന്നു

*അടുത്തു തന്നെ പ്രസിദ്ധീകരിക്കുന്ന 'ക്രിസ്തുമതം: യാഥാർത്ഥ്യങ്ങളിൽ നിന്നും കെട്ടുകഥയിലേക്ക്' (Christianity: A Journey from facts to Fiction) എന്ന പുസ്തകത്തിൽ നിന്ന്*

# പുനരുജ്ജീവനമോ പുനരുത്ഥാനമോ

## (REVIVAL OR RESSURECTION)

ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റ)

മരണത്തിൽ നിന്നുമുള്ള യേശുവിന്റെ പുനരുജ്ജീവനം എന്ന സങ്കല്പം നിരവധി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. അതിൽ ചിലതെല്ലാം കഴിഞ്ഞ അദ്ധ്യായത്തിൽ ചർച്ച ചെയ്തു കഴിഞ്ഞു. ഇപ്പോൾ നാം മറ്റു ചില പ്രശ്നങ്ങളിലേക്കും സങ്കീർണ്ണതകളിലേക്കും ശ്രദ്ധ തിരിക്കുകയാണ്.

ക്രൂശീകരണത്തിന് മുമ്പുള്ള യേശുവിന്റെ മനസ്സും മരണത്തിൽ നിന്നും പുനരുജ്ജീവിച്ചതിന് ശേഷമുള്ള അദ്ദേഹത്തിന്റെ മനസ്സിന്റെ പ്രകൃതിയും എങ്ങനെയുള്ളതായിരുന്നു എന്നതിനെ സംബന്ധിച്ച് നമുക്ക് എന്ത് ധാരണയായിരിക്കും ഉണ്ടാവുക? മൂന്ന് പകലും മൂന്ന് രാത്രിയും പ്രവർത്തനരഹിതമായതിന് ശേഷം അദ്ദേഹത്തിന്റെ മനസ്സ് വീണ്ടും സജീവമാകുകയായിരുന്നു. ചോദ്യമിതാണ്, മരിക്കുമ്പോൾ യേശുവിന്റെ മസിത്ഷ്ക്കത്തിന് വാസ്തവത്തിൽ എന്താണ് സംഭവിച്ചത്? മസ്തിഷ്ക്കം ഏതാനും മിനുട്ട് നേരത്തേക്ക് മരിച്ചു പോയെങ്കിൽ അത് കാലാകാലത്തേക്കും നിശ്ചേതനമാവും എന്നാണ് ചുരുങ്ങിയ പക്ഷം ക്രൈസ്തവ-അക്രൈസ്തവ വൈദ്യശാസ്ത്ര വിദഗ്ധൻമാരുടെ എല്ലാവരുടേയും പൊതുവെയുള്ള അഭിപ്രായം. രക്തചംക്രമണം നിലക്കുന്നതോടെ മസ്തിഷ്ക കോശങ്ങൾ വിഘടനത്തിന് വിധേയമാവും. യേശു ക്രൂശീകരണവേളയിൽ മരിച്ചുവെങ്കിൽ അതിന്നർത്ഥം അദ്ദേഹത്തിന്റെ ഹൃദയം പ്രവർത്തനരഹിതമാവുകയും മസ്തിഷ്ക്കത്തിലേക്ക് രക്തം വിതരണം ചെയ്യുന്ന പ്രവർത്തനം നിലക്കുകയും ഉടൻ തന്നെ മസ്തിഷ്ക്കം മരിക്കുകയും ചെയ്തുവെന്നാണ്. അദ്ദേഹത്തിന്റെ മുഴുവൻ ജൈവിക പ്രവർത്തനങ്ങളും നിലച്ചു പോയാലല്ലാതെ അദ്ദേഹത്തെ മരിച്ചവനായി പ്രഖ്യാപിക്കാൻ സാധ്യമല്ല. അങ്ങനെയാണെങ്കിൽ യേശുവിന്റെ ജീവിതത്തേയും മരണത്തേയും കുറിച്ചുള്ള നിരവധി സമസ്യകളെ നാം അഭിമുഖീകരിക്കേണ്ടിവരും.

യേശുവിന് മരണം സംഭവിച്ചാൽ അതിനർത്ഥം അദ്ദേഹത്തിന്റെ പ്രാണശരീരം അഥവാ നാം വിളിക്കുന്ന ആത്മാവ് അദ്ദേഹത്തിന്റെ സ്ഥൂല പഞ്ജരം ആകുന്ന ഭൗതിക ശരീരത്തിൽ നിന്നും എന്നെന്നേക്കുമായി വേർപ്പെട്ടു എന്നാണർത്ഥം. അപ്രകാരം തന്നെ അദ്ദേഹത്തിന്റെ പുനരുജ്ജീവനം എന്നാൽ മൂന്ന്ദിവസങ്ങൾക്കു മുമ്പ് വേർപ്പെട്ടുപോയ പ്രാണൻ അതേ ഭൗതികശരീരത്തിലേക്ക് തിരിച്ചുവരികയും ചെയ്തിരിക്കണം എന്നുമാണ്. അത്തരത്തിൽ തിരിച്ചുവന്ന പ്രാണൻ ഭൗതിക ശരീരമാകുന്ന ജീവഘടികാരത്തെ വീണ്ടും സ്പന്ദിപ്പിച്ചു തുടങ്ങുകയും വേണം. അങ്ങിനെ സംഭവിക്കുമ്പോൾ വിഘടനം ആരംഭിച്ച് മൃത പിണ്ഡമായി കഴിഞ്ഞ മസ്തിഷ്ക്ക കോശങ്ങൾക്ക് ജീവൻ വെക്കുകയും, മരിച്ചതിനുശേഷം വേഗത്തിൽ തുടങ്ങിയ രാസപ്രവർത്തനംമൂലമുള്ള ജീർണ്ണന പ്രക്രിയ നേർവിപരീത ദിശ

---

പറഞ്ഞു. താങ്കൾ മരിച്ചിട്ട് എത്ര നാളായി എന്ന് ചോദിച്ചപ്പോൾ നാല്പതിനായിരം കൊല്ലങ്ങൾക്ക് മുമ്പാണെന്നു പറഞ്ഞു. അപ്പോൾ ഞാൻ പറഞ്ഞു: 'എന്ത് ഇത് നമ്മുടെ ആദമിൽ നിന്ന് വളരെ അധികം ദൂരെ ആണല്ലോ?' അപ്പോൾ അദ്ദേഹം പറഞ്ഞു: 'താങ്കൾ ഏത് ആദമിനെപറ്റിയാണ് പറയുന്നത്. താങ്കളുടെ അടുത്തുള്ള ആദമോ അല്ല മറ്റു വല്ല ആദമിനെ പറ്റിയാണോ?' അപ്പോൾ എനിക്ക് തിരുമേനി (സ.അ) മിന്റെ ഒരു ഹദീസ് ഇതു സംബന്ധമായുള്ളത് ഓർമ്മവന്നു. അല്ലാഹു ഒരു ലക്ഷം ആദമിനെ ഇവിടെ നിയോഗിച്ചിട്ടുണ്ട്. അപ്പോൾ ഞാൻ സ്വയം പറഞ്ഞു. "ഈ മനുഷ്യൻ മുമ്പു വന്ന ഏതെങ്കിലും ആദമിന്റെ സന്തത സഹചാരിയായിരിക്കും" (ഫുത്തുഹാത്ത് പേ. 607)

അപ്പോൾ ഇതിൽ നിന്നും മനസ്സിലാകുന്നത് ഹസ്റത്ത് അഹ്മദി (അ) ന്റെ ഇതു സംബന്ധിച്ച വീക്ഷണം റസൂൽ തിരുമേനി (സ.അ) വീക്ഷണമാണെന്നാണ്. എങ്കിൽ ഇന്നത്തെ ബഹുഭൂരിപക്ഷം വരുന്ന മുസ്‌ലിം പണ്ഡിതന്മാരുടേയും അവരുടെ അനുയായികളുടേയും വിശ്വാസം വിശുദ്ധഖുർആനും തിരുനബി (സ.അ) യുടെയും മുസ്‌ലിം സു ഫീവര്യന്മാരുടെ അഭിപ്രായങ്ങൾക്കും ബുദ്ധിക്കും, ശാസ്ത്രത്തിനും എതിരായതാണെന്ന് വളരെ പ്രകടമാണ്.

(തുടരും) ■

യിൽ പ്രവർത്തിക്കാൻ ആരംഭിക്കുകയും ചെ യ്തിരിക്കണം. ഇത് അനവധി പ്രശ്നങ്ങളുമായി കെട്ടുപിണഞ്ഞു കിട ക്കു ന്നു. ഈ സമസ്യ ക്രൈസ്തവ ജൈവ ശാസ്ത്രജ്ഞർക്കെല്ലാം ഒരു വെല്ലുവിളിയായി അവശേഷിക്കുകയും ചെയ്യും. കേന്ദ്രനാഡീ വ്യവസ്ഥയിൽ സംഭവിച്ച ജീർണ്ണനത്തിന്റെ മുഴുവൻ ജൈവരാസ പ്രവർത്തനങ്ങളും നേർ വിപരീത ദിശയിൽ പ്രവർത്തിക്കുന്നത് എങ്ങനെയാണ് വിശദീകരിക്കുക? ശാസ്ത്രജ്ഞന്മാരുടെ വിദൂര ഭാവനകൾ ക്കുപോലും അപ്പുറത്താണിത്.അങ്ങനെ യാണ് സംഭവിച്ചതെങ്കിൽ തീർച്ചയായും അതൊരു അത്ഭു തം (Miracle) ആണ്. ശാസ്ത്രജ്ഞൻമാരെ പരാജയപ്പെടു ത്തുകയും ദൈവം തന്നെ സൃഷ്ടിച്ച പ്രകൃതി നിയമത്തെ പരിഹസിക്കുകയു മായിരിക്കും അത്. ഇനി അതൊരു അത്ഭുതമാണെങ്കിൽ തന്നെ പ്രശ്നം അതുകൊണ്ടൊന്നും പരിഹൃതമാവുന്ന തുമല്ല. അത്തരത്തിലൊരു പുനരുജ്ജീ വനമെന്നാൽ കേന്ദ്രനാഢീവ്യവസ്ഥയി ലെ കോശങ്ങളുടെ പുനരുജ്ജീവനം മാത്രമല്ല. അത് വാസ്തവത്തിൽ അവ യുടെയെല്ലാം പ്രവർത്തന സംയോജ നം കൂടിയാണ്. അങ്ങനെ അതേ കോ ശങ്ങൾ പുനഃസൃഷ്ടിക്കപ്പെടുകയും പഴ യതുപോലെ വീണ്ടും സജീവമാകു കയും ചെയ്താൽ പോലും അത് പഴയ ഓർമ്മകളൊന്നും അവശേഷിക്കാത്ത പുതിയ ഒരുകൂട്ടം കോശങ്ങളായിരി ക്കും. യേശുവിന്റെ, ജീവിതത്തിനാവശ്യ മായതും അദ്ദേഹത്തിന്റെ മനസ്സിന്റെ മര ണത്തോടെ മസ്തിഷ്ക്കത്തിൽ നിന്ന് തുടച്ചുമാറ്റപ്പെട്ടതുമായ ആ ഓർമ്മക ളെല്ലാം വീണ്ടും പൂർണരൂപത്തിൽ പുനർ സൃഷ്ടിക്കേണ്ടിവരും.

ജീവിതമെന്നാൽ നമുക്കറിയുന്നത് പോലെ മസ്തിഷ്ക്കത്തിലെ കോടിക്ക ണക്കിന് ന്യൂറോണുകളിൽ ഉള്ളടക്കം ചെയ്ത വിവരങ്ങൾ നൽകുന്ന ബോധം ഉൾക്കൊള്ളുന്നതാണ്. ആ വിവരങ്ങളെ ല്ലാം പഞ്ചേന്ദ്രിയങ്ങളിൽ നിന്നും ലഭി ക്കുന്ന അതീവ സങ്കീർണ്ണമായതും ക മ്പ്യൂട്ടർ ബിറ്റുകളെ പോലെ പരസ്പരം ബന്ധപ്പെട്ട വിവരങ്ങളുമാണ്. അവ ഉപ വിഭാഗങ്ങളായി വിഭജിക്കപ്പെടുകയും ചെയ്തിരിക്കുന്നു. ആ വിവരങ്ങളടങ്ങി യ ഡാറ്റകളെല്ലാം തുടച്ചുനീക്കപ്പെട്ടാ ൽ അതോടൊപ്പം ജീവിതവും സ്വയം തന്നെ തുടച്ചുനീക്കപ്പെടും. ആയതിനാ ൽ യേശുവിന്റെ മസ്തിഷ്ക്കത്തിന്റെ പു നരുജ്ജീവനമെന്നാൽ, ഒരു പുതിയ സോഫ്റ്റ്‌വെയർ ഉപയോഗിച്ചുള്ള തിക ച്ചും ഒരു പുതിയ ബ്രെയ്ൻ കമ്പ്യൂട്ടറി ന്റെ രചനയും നിർമ്മാണവും എന്നാണ്.

*(തുടരും)* ■

---

*(16 -ാം പേജിൽ നിന്ന് തുടർച്ച)*

എന്റെ ജീവിതത്തിലെ ഒരു പ്രധാ ന സംഭവമാണിതെങ്കിൽ സുൽത്താൻ ഇബ്നുസുഊദിന്റെ സ്വഭാവമേന്മയി ലേക്ക് വെളിച്ചം വീശുന്ന ഒന്നുമത്രെ.

തന്റെ നാട്ടുകാരും പുറംനാട്ടുകാ രുമായ അറബികൾ സുൽത്താന്റെ ദർബാറിൽ കടന്നുവരികയും അദ്ദേഹ ത്തൊടൊപ്പം നിലത്തിരുന്നു സങ്കോച മന്യെസംസാരിക്കുകയും ചെയ്യുന്നത് എനിക്ക് കാണാൻ സാധിച്ചു. ഒരാൾ തന്റെ ഒട്ടകത്തിന്റെ കുഞ്ഞിനെപറ്റിയാ ണെങ്കിൽ മറ്റൊരാൾ മറ്റൊരു കാര്യ മാകും പറയുന്നത്. സുൽത്താൻ സംതൃപ്തിയോടും സഹനബുദ്ധി യോടും കൂടി അവയെല്ലാം കേട്ടു മറു പടി പറയുന്നു. അദ്ദേഹത്തിന്റെ ദർബാ റിൽ ഇസ്‌ലാമിക ഭരണത്തിന്റെ ഒരു ചിത്രമാണ് ദൃശ്യമായിരുന്നത്.

വിദേശതന്ത്ര പ്രതിനിധികളുടെ ഒരു സമ്മേളനത്തിൽ സുൽത്താൻ ഒരു സാധാരണക്കാരനെപ്പോലെ പങ്കെടു ത്തിരുന്നതായി മക്കാപ്രവാസകാലത്ത് എനിക്കറിയാൻ കഴിഞ്ഞിട്ടുണ്ട്. സംഭാ ഷണമദ്ധ്യേ അദ്ദേഹം പറഞ്ഞു:"നിങ്ങ ളുടെ രാജ്യത്തുള്ളപോലെ സുഖസൗ കര്യങ്ങളൊന്നും ഇവിടെ ഇല്ല. വലിയ തെരുവുകളും ഇല്ല. അവിടെ വലിയ ജയിലറകളുണ്ട്. വലിയ വലിയ കുറ്റങ്ങ ളും ചെയ്യപ്പെടുന്നു. എന്നാൽ എന്റെ രാജ്യത്ത് അത്തരം കുറ്റങ്ങളൊന്നുമില്ല. കേസ് വിസ്താരം നീണ്ടുപോകുന്നില്ല. നിയമത്തിന് പഴുതുകളുമില്ല. ആക യാൽ, നിങ്ങളുടെ സംസ്കാരം ഇവിടെ ഇല്ലാത്തതിനാൽ എനിയ്ക്ക് യാതൊരു വ്യസനവും ഇല്ല. മറിച്ച്, എനിക്കിതിൽ വലുതായ സന്തോഷമാണ് തോന്നുന്ന ത്. എന്റെ രാജ്യം (ഇത് ദൈവത്തിന്റെ രാജ്യമാണ്) എല്ലാതരത്തിലുമുള്ള പാത കങ്ങളിൽ നിന്നും പരിശുദ്ധമായിരി ക്കുന്നു!"

ഞാൻ ദിവസവും ബൈത്തുല്ലാ യിൽ പോകും. ചിലപ്പോൾ മണിക്കൂറു കളോളും കഴിച്ചുകൂട്ടും. അവിടെ ചെന്നിരുന്നു ദൈവിക ദൃഷ്ടാന്തങ്ങളെ ക്കുറിച്ച് ഭക്തിപൂർവ്വം ഞാനോർക്കും. ചിലപ്പോൾ തിരുനബിയുടെ പാദസ്പർ ശമേറ്റു പരിപൂരിതമായിത്തീർന്ന സ്ഥാന ങ്ങളിൽ ചുറ്റിനടക്കും. ചിലപ്പോൾ 'ദാറു ന്നദ്‌വ' ചുറ്റിക്കാണും. അപ്പോൾ തിരുന ബിയ്ക്കെതിരായി മക്കത്തെ അവിശ്വാ സികൾ നടത്തിയ ഗൂഢാലോചനക ളുടെ രൂപം എന്റെ മനോതലത്തിൽ നിഴ ലിക്കും. ചുരുക്കത്തിൽ സത്യവിശ്വാ സോദ്ദീപകമായ നാളുകളായിരുന്നു അവ. ജീവിതത്തിലെ ബാക്കികാലം മുഴുവൻ ഇവിടെത്തന്നെ കഴിച്ചുകൂട്ടണ മെന്ന ആഗ്രഹം ഹൃദയത്തിൽ അപ്പോ ൾ ഉയരും. സത്യവും അതുതന്നെ. ഒരി ക്കൽ കണ്ടാൽ പിന്നെയും പിന്നെയും കാണാൻ കൊതിവരുന്ന ഒരു പുണ്യ സ്ഥാനമാണിത്.

**-പരി: എൻ.അബ്ദുറഹിം.**

---

*(25 -ാം പേജിൽ നിന്ന് തുടർച്ച)*

രിപ്പിക്കാനുള്ള അവകാശവും ഇന്ത്യൻ ഭരണഘടനയിൽ വ്യവസ്ഥ ചെയ്തി രിക്കുന്നു. ഹിന്ദുമത പക്ഷപാദികളുടെ കഠിനമായ എതിർപ്പ് അവഗണിച്ചുകൊ ണ്ടാണ് 'പ്രചരിപ്പിക്കുക' എന്ന വാക്ക് ഭരണഘടനയിൽ എഴുതിച്ചേർത്തത്. ആ എതിർപ്പ് ഇന്നും തുടരുന്നു. ഭാര തത്തിലെ മഹാന്മാരായ ഭരണഘടനാ ശില്പികൾ മനുഷ്യസ്വാതന്ത്ര്യത്തിന്റെ പേരിൽ എഴുതിച്ചേർത്ത ഈ പദം നമ്മുടെ ഭരണഘടനയെ ഉദാത്തമാക്കു കയും അന്താരാഷ്ട്ര മനുഷ്യാവകാശ പ്രഖ്യാപനത്തോട് പൂർണ്ണമായും നീതി പുലർത്തുന്ന ഒരു മാനവീയ രേഖ യാക്കി അതിനെ മാറ്റുകയും ചെയ്യുന്നു.

*(തുടരും)*

**അടുത്തലക്കത്തിൽ 'മത സ്വാത ന്ത്ര്യം: പാകി സ്താന്റെ വ്യതിയാനങ്ങൾ'** ■

# അദൃശ്യകാര്യങ്ങളിലുള്ള വിശ്വാസം

## ഖലീഫത്തുൽ മസീഹ് - IV

### അദൃശ്യമായ മേഖലയിൽ നിന്ന് ജ്ഞാനങ്ങൾ നിരന്തരം ദൃശ്യവും ഗോചരീയവുമായ മേഖലയിലേക്ക് വിനിമയം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു.

യുക്തിസഹ തീരുമാനങ്ങളെടുക്കുന്നതിന് മനുഷ്യധിഷണയുടെ അധീനതയിലുള്ള ഉപകരണങ്ങൾ ആത്മനിഷ്ഠവും, വസ്തുനിഷ്ഠവുമായ അനുഭവങ്ങൾ മാത്രമാണ്. തീരുമാനമെടുക്കുന്നയാളുടെ സത്യസന്ധത സംശയങ്ങൾക്കതീതമാണെങ്കിൽ പോലും തീരുമാനമെടുക്കാൻ ആധാരമാക്കുന്ന വസ്തുതകൾ അയാളുടെ നിയന്ത്രണപരിധിയിലുള്ളതല്ല എന്ന കാരണത്താൽ അയാളുടെ തീരുമാനങ്ങൾക്ക് തെറ്റുപറ്റാവുന്നതാണ്. തെറ്റായ വിവരങ്ങൾ, അബദ്ധ ധാരണകൾ, കൃത്രിമത്വം, മാനസികശേഷി യുടെ അപര്യാപ്തത എന്നിവ ഒരാളെടുക്കുന്ന തീരുമാനങ്ങളുടെ ഗുണനിലവാരത്തെ പ്രതികൂലമായി സ്വാധീനിക്കാവുന്നതാണ്.

വിവിധ നിരീക്ഷകൻമാരുടെ വീക്ഷണകോണുകൾ വിവിധങ്ങളായിരിക്കുമെന്നത് പോലെ തന്നെ നിരീക്ഷണങ്ങളുടെ അടിസ്ഥാന സ്വഭാവവും വ്യത്യസ്തങ്ങളായിരിക്കും. ഇത്തരം സഹജമായ വൈകല്യങ്ങളും അബദ്ധ സാദ്ധ്യതകളും ഉണ്ടായിട്ടു കൂടി മനുഷ്യന്റെ കാൽവെപ്പുകളെ നൂറ്റാണ്ടുകളിലൂടെ തമസ്സിൽ നിന്നും താരതമ്യേന വെളിച്ചത്തിലേക്ക് നയിക്കുന്നതിന് മനുഷ്യന്റെ യുക്തിവിചാരശേഷി വളരേയെറെ കാരണമായിത്തീർന്നിട്ടുണ്ടെന്നു ഒരിക്കലും നിഷേധിക്കുവാൻ സാദ്ധ്യമല്ല.

അല്ലാഹു ഇച്ഛിക്കുന്നവർക്കും അവൻ തിരഞ്ഞെടുക്കുന്നവർക്കും അദൃശ്യ മണ്ഡലത്തിൽ നിന്നൊരംശം വെളിപ്പെടുത്തിക്കൊടുക്കുന്നുവെന്ന വിശുദ്ധഖുർആന്റെ വാദത്തിന്റെ നിജസ്ഥിതി സംശയാതീതമായി തെളിയിക്കുവാൻ സാധിക്കുമോ? അദൃശ്യകാര്യങ്ങളിലുള്ള വിശ്വാസം വെറുമൊരു മിഥ്യാബോധമോ വ്യാമോഹമോ അല്ലെന്നും മറിച്ച് അത് യാഥാർത്ഥ്യാധിഷ്ഠിതമാണെന്നും സംശയാലുക്കൾക്ക് യുക്തിപൂർവ്വം സമർത്ഥിച്ചുകൊടുക്കുവാൻ സാധിക്കുമോ? ഇത്തരം ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ, വാസ്തവികവും ശാസ്ത്രീയവുമായ തെളിവുകൾ കൊണ്ട് ദൃഢപ്പെടുത്തേണ്ടതുണ്ട്. ഈ ചെറു ഗ്രന്ഥത്തിന്റെ ഉദ്ദേശ്യവും ഇതാണ്. വിജ്ഞാനങ്ങൾ കൈമാറ്റം ചെയ്യുന്നതിനുള്ള ഒരു വിശ്വസനീയ മാർഗ്ഗമാണ് വെളിപാടുകൾ എന്നതിന്റെ പ്രാമാണ്യത തെളിയിക്കുന്ന ധാരാളം തെളിവുകൾ തുടർന്നുള്ള അദ്ധ്യായങ്ങളിൽ വായനക്കാരനു കാണാവുന്നതാണ്.

അജ്ഞേയങ്ങളായ കാര്യങ്ങൾ നിരന്തരമായി ജ്ഞാനമേഖലകളിലേക്ക് മാറ്റപ്പെട്ടുകൊണ്ടിരിക്കുകയും മനുഷ്യന്റെ ചക്രവാളം നിരന്തരമായി വികസിച്ചു കൊണ്ടിരിക്കുകയുമാണ്. സൂറ അൽഹിജ്റിലെ 15-ാം സൂക്തത്തിൽ അടങ്ങിയിരിക്കുന്ന സന്ദേശം വെളിപ്പെടുത്തുന്നതും ഇതു തന്നെയാണ്. ഈ പ്രത്യക്ഷബോധ്യം വിജ്ഞാനാന്വേഷണങ്ങൾക്കുള്ള ശമിക്കാത്ത ദാഹം ഉളവാക്കത്തക്കതാണ്. അഭിമാനാർഹവും പ്രത്യാശാപൂർണവുമായ ഒരു സന്ദേശമാണിത്. അതേസമയം വിനയാന്വിതനാകുവാനുള്ള ഒരു ശാസന കൂടി ഇതിലുണ്ട്.

ഇതുവരെ മനുഷ്യൻ അറിഞ്ഞ ജ്ഞാനം തനിക്കറിഞ്ഞുകൂടാത്തതുമായി താരതമ്യപ്പെടുത്തുമ്പോൾ അനന്തതയുടെ അപാര വിസ്തീർണ്ണമായ ക്യാൻവാസിലെ ഒരു ബിന്ദുവോ, അല്ലെങ്കിൽ അതിനേക്കാളും സൂക്ഷ്മമായ അണുവോ മാത്രമാണെന്ന അവബോധം അവനിൽ ജനിപ്പിക്കുന്നു. വിനയാന്വിതനാവുക എന്ന സന്ദേശം വർദ്ധിച്ചുവരുന്ന ഈ അവബോധവുമായി ബന്ധപ്പെട്ടു കിടക്കുന്നതാണ്.

ഇന്നത്തെ നമ്മുടെ ജ്ഞാനം ആയിരം വർഷങ്ങൾക്കു മുമ്പ് ഉ ണ്ടായിരിക്കുന്നതിനേക്കാൾ കോടിക്കണക്കിന് ഇരട്ടിച്ചിട്ടുണ്ട്. ഒരായിരം വർഷങ്ങൾക്ക് ശേഷമുണ്ടാകുന്ന നമ്മുടെ ജ്ഞാന പരിമാണം ഇന്നുള്ളതിനേക്കാൾ കോടിക്കണക്കിനിരട്ടിയായിരിക്കുകയും

ചെയ്യും. എന്നാലും അല്ലാഹുവിന്റെ അദൃശ്യജ്ഞാന ഭണ്ഡാരവുമായി താരതമ്യപ്പെടുത്തുമ്പോൾ അത് തികച്ചും നിസ്സാരവുമായിരിക്കും.

കണ്ടുപിടിത്തങ്ങളുടെ പ്രയാണം ത്വരിതപ്പെടുന്തോറും പഞ്ചേന്ദ്രിയങ്ങളുടെ പരിമിതികൾ കൂടുതൽ പ്രകടമായിത്തീരുന്നു. ജീവന്റെയും ശബ്ദത്തിന്റെയും അതിവിപുല രാശികൾ നമ്മുടെ സ്വാഭാവിക ഗ്രാഹ്യതക്ക് അപ്രാപ്യമായി നിലകൊള്ളുന്നു. അവ ഗ്രഹിക്കാനുള്ള നമ്മുടെ കഴിവ് വർദ്ധിപ്പിക്കുവാൻ കഴിഞ്ഞാൽ നമുക്ക് പല പുതിയ നിറങ്ങളും പല പുതിയ ശബ്ദങ്ങളും കേൾക്കുവാൻ കഴിയുന്നതാണ്. നാം കാണുന്ന നിറങ്ങളും രൂപങ്ങളും വളരെ വ്യത്യസ്ഥങ്ങളായിട്ടാണ് മറ്റ് മൃഗങ്ങൾ കാണുന്നത്. ഭൗതികലോക കാഴ്ചയും നിറം, ഗന്ധം, രുചി എന്നിവയെക്കുറിച്ചുള്ള സംവേദനവും ജീവികളുടെ വർഗ്ഗഭേദമനുസരിച്ച് വ്യത്യസ്തങ്ങളായിരിക്കും. അങ്ങനെ ഓരോ യാഥാർത്ഥ്യവും ആപേക്ഷിക സത്യങ്ങളായി മാറുന്നു. എന്തു തന്നെയായാലും അതിവിശാലമായ ജീവിലോകത്ത് ഇതൊരിക്കലും പ്രവർത്തന സ്തംഭനം ഉണ്ടാക്കുന്നില്ല. ഗ്രാഹ്യതയിലുള്ള വ്യത്യാസങ്ങൾ ജീവിതത്തിലും ജീവൽ പ്രവർത്തനങ്ങളിലും വിഘ്നം സൃഷ്ടിക്കുന്നതിന് പകരം പ്രോത്സാഹിപ്പിക്കുകയാണ് ചെയ്യുന്നത്. കഴുകന്റെയും, തേനീച്ചയുടെയും കൂന്തളിന്റെയും (Squid)കാഴ്ച ശക്തിയിലുള്ള അന്തരങ്ങൾ അവയുടെ ജീവിതാവശ്യകതകൾക്ക് തികച്ചും അനുയോജ്യമാണ്. മനുഷ്യനുമായി താരതമ്യപ്പെടുത്തുമ്പോൾ കൂന്തളുകളും, ഷഡ്പദങ്ങളും ഓരോ വസ്തുവിനെയും വ്യത്യസ്ത രൂപങ്ങളിലാണ് ദർശിക്കുന്നത്. കാരണം ഓരോ വസ്തുവിനെയും അതിന്റെ യഥാർത്ഥ വലുപ്പത്തേക്കാൾ കൂടുതലായോ കുറവായോ കാണേണ്ടത് അവയുടെ അതിജീവനത്തിന് അത്യന്താപേക്ഷിതമാണ്. വർഗ്ഗവ്യത്യാസമനുസരിച്ച് ഗ്രഹണശേഷിയും വ്യത്യാസപ്പെടുന്നു. മനുഷ്യനേത്രം അതിന്റെ ശക്തിയിൽ മാത്രം പരിമിതമല്ല. ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങളുടെ സഹായത്തോടെ മനുഷ്യഗ്രാഹ്യത ജ്യോതിർമണ്ഡലം വളരെ വികസിതമായിരിക്കുന്നു.

ഗലീലിയോ(1600 എ.ഡി) തന്റെ ആരംഭകാലത്തുള്ള ദൂരദർശിനിയിലൂടെ പ്രപഞ്ചദർശനം നടത്തിയപ്പോൾ, തന്റെ കണ്ടുപിടിത്തത്തിൽ വളരെയേറെ സന്തുഷ്ടനായിരുന്ന അദ്ദേഹം മനുഷ്യന്റെ ദർശന ചക്രവാളം നൂറിരട്ടി വർദ്ധിപ്പിച്ചിരിക്കുന്നുവെന്ന് അഭിമാനത്തോടെ പ്രഖ്യാപിക്കുകയുണ്ടായി.

എന്നാൽ അതിവിദൂരമല്ലാത്ത ഭാവിയിൽ താൻ ദർശിച്ചതിനേക്കാൾ ഒരു ലക്ഷം ഇരട്ടി വലുപ്പത്തിൽ അല്ല നൂറ് കോടി ഇരട്ടിവലുപ്പത്തിലും വിശാലതയിലും മനുഷ്യൻ പ്രപഞ്ചത്തെ ദർശിച്ചറിയുന്ന ഒരു ദിനം ഉദയം ചെയ്യുമെന്ന് അദ്ദേഹം അറിഞ്ഞിരുന്നില്ല. തന്റെ കണ്ടുപിടിത്തവും നിർമ്മിതിയും ഭൂതകാലവുമായി താരതമ്യപ്പെടുത്തിക്കൊണ്ടു തനിക്കനുകൂലമായി ചിന്തിക്കുവാൻ അദ്ദേഹത്തിന് മാത്രമേ കഴിഞ്ഞിരുന്നുള്ളൂ. നേട്ടങ്ങളിലുള്ള മനുഷ്യന്റെ വിജയാഹ്ളാദങ്ങൾ വളരെ ക്ഷണഭംഗുരങ്ങളാണെന്നാണ് പലപ്പോഴും തെളിയിക്കപ്പെട്ടിട്ടുള്ളത്.

ജീവിതാന്ത്യത്തിൽ ഗലീലിയോ പൂർണ്ണ അന്ധനായി മാറി. ഈ ദുരന്തത്തെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ ദു:ഖം കലർന്ന വിശദീകരണം സന്തോഷങ്ങൾ ക്ഷണികമാണെന്ന വസ്തുത തെളിയിക്കുന്നു. പ്രഥമ ദൂരദർശിനിയുടെ ഉപജ്ഞാതാവ് എന്ന നിലയിൽ പ്രപഞ്ചചക്രവാളം നൂറിരട്ടി വിസ്തൃതമാക്കിയ വ്യക്തിയായ താൻ തന്റെ ശരീരപരിമിതികളുടെ തടവറകളിൽ ഒതുങ്ങിക്കഴിയേണ്ടിവന്നതിനെക്കുറിച്ച് വളരെ അടുത്ത ഒരു സുഹൃത്തിനെഴുതിയ കത്തിൽ അദ്ദേഹം വിലപിക്കുന്നുണ്ട്.

ഈ കദനഭാരം ഹൃദയത്തിന് താങ്ങാവുന്നതിനേക്കാൾ ഏറെയായിരുന്നു. അത് ജീവിതത്തെത്തന്നെ പരിപൂർണ്ണമായും അസഹനീയമാംവിധം ശോകമൂകമാക്കി. ഗലീലിയോവിന്റെ ഈ തീക്ഷ്ണ നൈരാശ്യപ്രകടനം അദൃശ്യതയുടെ മറ്റൊരു വശത്തേക്കാണ് നമ്മെ നയിക്കുന്നത്. അന്ധത ബാധിക്കുന്നതിന് മുമ്പ് ഗലീലിയോവിന് ദർശനഭാഗ്യം സിദ്ധിച്ചില്ലായിരുന്നുവെങ്കിൽ താൻ അടിവെച്ചു നടന്ന ഈ ഭൂമിക്കപ്പുറമുള്ളതെന്താണെന്ന് മനസ്സിലാക്കുവാൻ അദ്ദേഹത്തിന് കഴിയുമായിരുന്നില്ല. ഇരുളും വെളിച്ചവും തിരിച്ചറിയുവാനാകുമായിരുന്നില്ല. പ്രകാശമെന്ന യാഥാർത്ഥ്യത്തെക്കുറിച്ച് കേട്ടറിഞ്ഞത് മാത്രം വിശ്വസിക്കുവാനേ കഴിയുമായിരുന്നുള്ളൂ. അതും വളരെ അസ്പഷ്ടവും വിവരണാതീതവുമായ നിലയിൽ മാത്രം. പ്രകാശത്തെയും നിറങ്ങളെയും കുറിച്ചുള്ള തന്റെ വിശ്വാസത്തിന്റെ സത്യാവസ്ഥ നേരിട്ട് പരിശോധിച്ചറിയുവാൻ സാധിക്കുമായിരുന്നില്ല. എങ്കിലും വെറും കേട്ടുകേൾവി എന്ന കാരണത്താൽ മാത്രം അതിനെ അയഥാർത്ഥമെന്ന് പറഞ്ഞു തള്ളിക്കളയുവാൻ അദ്ദേഹത്തിനു സാധിക്കുമായിരുന്നില്ല. ഈ വിശദീകരണം ഒരു പ്രത്യേക സന്ദർഭത്തിന് മാത്രം ബാധകമായതാണ്. കാഴ്ചശക്തി കൊണ്ട് അനുഗൃഹീതരായവരുടെ നടുവിൽ പെട്ട് പോയ ഒരു അന്ധന്റെ ധർമ്മസങ്കടമാണ് നാം ഭാവനയിൽ കാണാൻ ശ്രമിക്കുന്നത്. തന്റെ വിശ്വാസം കെട്ടിപ്പടുക്കുന്നതിന് ഇവിടെ അയാൾക്ക് ഒരാശ്രയമുണ്ട്. എന്നാൽ പൂർണ്ണാന്ധന്മാരുടെ ഒരു സമൂഹത്തെ ചിത്രീകരിക്കുക. അവർക്ക് പ്രകാശത്തിന്റെ അസ്തിത്വത്തിലും ദർശനശക്തിയിലും വിശ്വസിക്കുവാൻ കഴിയുമോ? തീർച്ചയായും ഇല്ല. തങ്ങളുടെ ഇന്ദ്രിയങ്ങൾക്കതീതമായ കാര്യങ്ങളുടെ അസ്തിത്വത്തെക്കുറിച്ച് മനസ്സിലാക്കുവാനായി അന്ധന്മാരെ സഹായിക്കുവാൻ കാഴ്ചശക്തിയുള്ള ഒരാളുടെ ആവശ്യകതയുണ്ട്. ലൗകിക വിജ്ഞാനങ്ങളുടെ അന്വേഷണങ്ങൾക്കുമേൽ വെളിപാടുകൾക്കുള്ള ആധിപത്യം ഫലപ്രദമായി പ്രകടിപ്പിക്കുവാൻ കഴിയുന്നത് ഇവിടെയാണ്.

പരിമിതമായ ജ്ഞാനേന്ദ്രിയങ്ങളോട് കൂടിയ മനുഷ്യൻ, അവനെത്ര വിജ്ഞാനിയും വിവേകിയുമാണെങ്കിൽ പോലും തന്റെ ജ്ഞാനേന്ദ്രിയങ്ങളുടെ പരിധികൾ ലംഘിക്കുവാൻ അവന് സാദ്ധ്യമല്ല. അതേസമയം മനുഷ്യന് കൂടുതൽ ജ്ഞാനേന്ദ്രിയങ്ങളുണ്ടാകു

വാനുള്ള സാദ്ധ്യത തള്ളിക്കളയാവുന്നതുമല്ല. മനുഷ്യ പരിധികൾക്കപ്പുറമുള്ള യാഥാർത്ഥ്യങ്ങളെക്കുറിച്ച് അറിവ് നൽകുവാൻ ദൈവത്തിന് മാത്രമെ സാദ്ധ്യമാവുകയുള്ളൂ.

ഖുർആൻ ചിത്രീകരിക്കുവാൻ ശ്രമിക്കുന്ന പരലോക ജീവിത സ്വഭാവങ്ങൾ ഇത്തരത്തിലുള്ള അജ്ഞേയ മണ്ഡലത്തിൽപ്പെട്ടതാണ്. അതോടനുബന്ധിച്ച് മനുഷ്യന്റെ നിസ്സഹായാവസ്ഥയെ ദ്യോതിപ്പിക്കുന്ന രസകരമായൊരു ശൈലിയും ഖുർആൻ പ്രയോഗിക്കുന്നുണ്ട്. യഥാർത്ഥത്തിൽ മനുഷ്യമനസ്സിന് ദുർഗ്രഹമായ ഈ വിഷയത്തെക്കുറിച്ച് പ്രതിപാദിച്ചശേഷം "ഹേ മനുഷ്യാ, അതെന്താണെന്ന് നിനക്കെന്തറിയാം?" എന്ന കോപ പ്രകടനത്തോടെയാണ് അതിന് വിരാമമിടുന്നത്. അത്തരത്തിലുള്ള ചില ഖുർആനിക സൂക്തങ്ങൾ ചുവടെ ചേർക്കുന്നു.

"വിധി നാളെന്തെന്ന് നിനക്കെന്തറിയാം. അതേ വിധി നാളെന്തെന്ന് നിനക്കെന്തറിയാം?" (82:18,19)

സത്യമായി പുലരുന്ന ആ സംഭവം "സത്യമായി പുലരുന്ന സംഭവമെന്താണ്"? "സത്യമായി പുലരുന്ന സംഭവമെന്തെന്ന് നിനക്കെന്തറിയാം" (69:2-4)

"അവനെ ഞാനടുത്തു തന്നെ നരകത്തിൽ തള്ളി വിടും. നരകം എന്നാൽ എന്തെന്ന് നിനക്കറിയാമോ"? (74:27,28)

യഥാർത്ഥ പ്രശ്നം ദൈവത്തിന്റെ കഴിവ്കേടിലല്ല, മറിച്ച് മനുഷ്യേന്ദ്രിയങ്ങളുടെ പരിമിതിയുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. പഞ്ചേന്ദ്രിയങ്ങളിൽ ഏതെങ്കിലും ഒന്നോ രണ്ടോ ഇന്ദ്രിയങ്ങളില്ലാത്ത ഒരു വ്യക്തിക്ക് ആ ഇന്ദ്രിയങ്ങളുമായി ബന്ധപ്പെട്ട ഒന്നിന്റെയും യഥാർത്ഥ സ്വഭാവമറിയുവാൻ കഴിയുകയില്ല. ബധിരന് ശബ്ദമെന്താണെന്നും അന്ധന് കാഴ്ചയെന്താണെന്നും മനസ്സിലാക്കുവാൻ സാധ്യമല്ല. എങ്കിലും കാഴ്ചയും ശബ്ദ ശ്രവണവും സാദ്ധ്യമായവർക്ക് ഒരിക്കലും ലഭിച്ചിട്ടില്ലാത്ത ഇത്തരം ധാരണകളെക്കുറിച്ച് അത്തരക്കാരെ മനസ്സിലാക്കിക്കുവാൻ ഒരു നിഷ്ഫല ശ്രമം നടത്താവുന്നതാണ്. അതുപോലെ ഖുർആൻ പരലോക ജീവിതത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ വിവരിക്കപ്പെടുന്നതിന്റെ യഥാർത്ഥ സ്വഭാവമെന്താണെന്ന് മനസ്സിലാക്കുവാൻ സാദ്ധ്യമല്ലെന്ന് മനുഷ്യനെ അതുണർത്തുകയും ചെയ്യുകയാണ്. ഇവിടെ മനുഷ്യപരിമിതികളെയാണ് എടുത്തുകാട്ടുന്നത്. അല്ലാതെ ദൈവത്തിന്റെതല്ല. ഇവിടുത്തെ സംഗതി വളരെ വാചാലവും വ്യക്തവുമാണ്. നമ്മുടെ ലൗകിക ബോധേന്ദ്രിയങ്ങൾക്ക് പുറമെ ചില പുതിയ ഇന്ദ്രിയങ്ങൾ കൂടി മരണാനന്തര ജീവിതത്തിൽ ഉണ്ടാവേണ്ടിയിരിക്കുന്നു.

അതിനാൽ വർണ്ണങ്ങളും പ്രകാശവും എന്തായിരിക്കാമെന്ന ഏകദേശം സങ്കൽപം മാത്രമുള്ള ഒരുത്തനെപ്പോലെ, മരണാനന്തര ജീവിതമെന്ന അജ്ഞേയ യാഥാർത്ഥ്യത്തെക്കുറിച്ചുള്ള ഏറെക്കുറെ മങ്ങിയിരുണ്ട ഒരു ഭാവന മാത്രമെ ഇന്ന് നമുക്കുള്ളൂ. ഹേ മനുഷ്യാ, അതെന്താണെന്ന് നിനക്കെന്തറിയാം?

നാം ഭൂമിയിൽ ഇന്ദ്രിയങ്ങളിലൂടെ അനുഭവിച്ചറിയുന്നു. നമ്മുടെ ഇന്ദ്രിയങ്ങളുടെ സംവേദന ശക്തി കൂടുതലാവുമ്പോൾ നമ്മുടെ ഊഹങ്ങൾക്കും ധാരണകൾക്കും അതീതമായി നമ്മുടെ അനുഭവങ്ങൾ പൂർണ്ണമായി മാറ്റിമറിക്കപ്പെടുന്നു.

സ്നേഹം എന്താണെന്ന് നമുക്കറിയാമെന്ന് നാം കരുതുന്നു. യാതനകൾ നമുക്ക് പരിചിതങ്ങളാണെന്ന് നാം കരുതുന്നു. പരലോകത്തിലെ സ്നേഹമെന്തായിരിക്കും? യാതനകൾ എന്തായിരിക്കും? ഇതേക്കുറിച്ച് ഓർക്കുമ്പോൾ ഉൾക്കിടിലം കൊള്ളാത്തവരായി ആരുണ്ട്? ഖുർആൻ സ്വർഗ്ഗത്തെക്കുറിച്ചുള്ള വർണാഞ്ചിത ചിത്രം കാഴ്ചവെക്കുമ്പോഴും ഒരു കണ്ണും അത് കണ്ടിട്ടില്ലെന്നും അതുപോലുള്ളതിനെക്കുറിച്ച് ഒരു ചെവിയും ശ്രവിച്ചിട്ടില്ലെന്നും നമ്മെ അനുസ്മരിപ്പിച്ച് കൊണ്ടിരിക്കുന്നതിൽ ഒട്ടും അത്ഭുതപ്പെടാനില്ല തന്നെ. അത്പോലെ തന്നെ നരകശിക്ഷയെക്കുറിച്ച് വ്യക്തമായി പ്രതിപാദിക്കുമ്പോഴും നരകാഗ്നി എന്താണെന്ന് നിനക്കെന്തറിയാമെന്ന് ചോദിച്ചുകൊണ്ട് നമ്മെ താക്കീത് ചെയ്യുകയും ചെയ്യുന്നു. അദൃശ്യതയുടെ അർത്ഥവും തേടി കൂടുതൽ ആഴത്തിൽ ചികഞ്ഞിറങ്ങുമ്പോഴും കിനാവിൽ പോലും കാണാനാവാത്ത സാധ്യതകളുടെ വിശാലവീഥികൾ നമ്മുടെ ദർശന ചക്രവാളത്തിൽ പ്രത്യക്ഷമാവുന്നത് കാണാം. എന്നാൽ നിഗൂഢ യാഥാർത്ഥ്യങ്ങളുടെ പര്യടനയുക്തമല്ലാത്ത വീഥികൾക്കപ്പുറമുള്ളതിനെക്കുറിച്ച് മനസ്സിലാക്കുവാൻ നമുക്ക് എന്നും ദൈവിക വെളിപാടുകളുടെ ആവശ്യകതയുണ്ട്. നമ്മുടെ അന്വേഷണങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നത് മനുഷ്യന്റെ സംവേദനക്ഷമതയുടെ പരിമിതികൾ മാത്രമല്ല. നമ്മുടെ സംവേദനേന്ദ്രിയ പരിധികൾക്കകത്തുള്ള നിഗൂഢതകൾ തന്നെ നാം മനസ്സിലാക്കിയിരിക്കുന്നതിനേക്കാൾ എത്രയോ മടങ്ങ് കൂടുതലാണ്. അദൃശ്യതയിലുള്ള വിശ്വാസം ഏത് തരത്തിലുള്ളതായാലും അത് തീർച്ചയായും ഒന്നുമില്ലായ്മയിലുള്ള വിശ്വാസമല്ല തന്നെ. ഒന്നുമല്ലായ്മയിൽ വിശ്വസിക്കുക എന്നത് അദൃശ്യകാര്യങ്ങളിലുള്ള വിശ്വാസ തിരസ്കാരമാണ്. ഈ സൂക്തങ്ങളിലടങ്ങിയിരിക്കുന്ന പ്രതിഭ വിശ്വാസികളുടെ സഞ്ചാരപഥങ്ങളെ ബോധദീപ്തമാക്കുകയും കണ്ടുപിടിത്തങ്ങൾക്ക് വേണ്ടിയുള്ള നിരന്തര പ്രയാണരീതിയിലേക്ക് നയിക്കുകയും ചെയ്യുന്നു. അവരെ സംബന്ധിച്ചിടത്തോളം ഒന്നും നിരർത്ഥകവും നിശ്ശൂന്യവുമല്ല. വിജ്ഞാനത്തിന്റെ സീമാതീത ഭണ്ഡാരങ്ങൾ കണ്ടെത്തുവാൻ തിരശ്ശീലയുയർത്തപ്പെടേണ്ട താമസം മാത്രമേയുള്ളൂ.

നാം കരസ്ഥമാക്കിയ ഈ അൽപജ്ഞാനത്തിൽ നാമെത്രതന്നെ അഹങ്കരിച്ചാലും മാനം തൊട്ടു നിൽക്കുന്ന മലനിരകൾക്കരുവിലെ മൺകൂനപോലെ അത്രയും നിസ്സാരമാണവ. ഭൂമിയിലെ പർവ്വത നിരകൾ, അനന്തവും അവിരാമവുമല്ലെന്ന് നമുക്കറിയാം. എന്നാൽ നമ്മുടെ ചർച്ചയിലിരിക്കുന്ന ഈ വിജ്ഞാനപർവ്വത നിരകൾ ആദിയും അന്ത്യവുമില്ലാതെ അനന്തതയുടെ അപാരതയിൽ വ്യാപിച്ചു കിടക്കുകയാണ്. ■

കുറിപ്പുകൾ

മുസാഫിർ

# സദ്ദാം: പരാജിതനായ പോരാളി

സഹസ്രാബ്ദങ്ങളുടെ സംസ്കാരങ്ങൾ സ്വാംശീകരിച്ചിട്ടും ലക്ഷത്തിൽപരം പ്രവാചകന്മാർ അവതരിച്ചിട്ടും കൈയ്യൂക്കാണ് ശരി (Might is Right) എന്ന കാട്ടുനിയമമാണ് സമകാലീന ലോകനീതി. ലോകം അത് നിശ്ശബ്ദം അംഗീകരിക്കുന്നു. ഈ ആഗോളവനത്തിലെ മൃഗരാജൻ അമേരിക്കയും! ചെന്നായയുടെ ന്യായം പറഞ്ഞ് ദുർബ്ബല രാഷ്ട്രങ്ങളെ അധീനപ്പെടുത്താനും അവിടുത്തെ സമ്പത്ത് കൊള്ളയടിക്കാൻ അവിടെ താമസിക്കുന്നവരെ കൂട്ടക്കൊല നടത്തിയും അവരുടെ ദേശത്ത് നിന്ന് അവരെ ആട്ടിപ്പായിച്ചും അവർ തിന്മയുടെ ഒരു ആഗോള സാമ്രാജ്യം തീർത്തിരിക്കുകയാണ്. ആ അമേരിക്കക്കെതിരെ ഒരു ഉശിരൻ പ്രതീകമായിരുന്നു സദ്ദാം ഹുസൈൻ. മുസ്‌ലിം ലോകത്തിന്റെ സഹജമായ ജിഹാദി സ്വപ്നങ്ങൾക്ക് ജീവൻ നൽകുമെന്ന് പ്രതീക്ഷിച്ച ഹീറോ! പക്ഷേ ഒരു യാചകനെപോലെ പാറിപ്പറഞ്ഞ തലമുടിയും നീണ്ടതാടിയുമായി അമേരിക്കൻ സൈനികന്റെ കൈയ്യുടെ ചലനങ്ങൾക്കനുസരിച്ച് തല വശങ്ങളിലേക്ക് ചരിച്ചുകൊടുക്കുകയും വായ തുറക്കുകയും ചെയ്യുന്നത് കണ്ടപ്പോൾ കണ്ണുകൾക്ക് അവിശ്വസനീയമായി തോന്നി. കുമാരനാശാൻ പാടിയതുപോലെ

ഹാ സുഖങ്ങൾ വെറും
ജാലം ആരറിവൂ നിയതിതൻ
ത്രാസുപൊങ്ങുന്നതും താനേ
താണു പോവതും!

........................................

ഹാ! മതി മോഹത്താൽ ചെയ്ത
സാഹസമൊന്നതിനിന്നി –
പ്പൂ മൃദുമേനിയാൾ
പെടും പാടുകണ്ടില്ലേ!

നാമവും രൂപവുമറ്റ
നിർദ്ദയമാം നിയമമേ
ഭീമമല്ലോ നിന്റെ ദണ്ഡ
പരിപാടികൾ (കരുണ)

സദ്ദാം ഹുസൈനെ മയക്കുമരുന്ന് നൽകിയോ ഒളിഞ്ഞിരുന്ന അറയിലേക്ക് മയക്ക് വാതകം കടത്തിവിട്ടോ ജീവച്ഛവമാക്കിയതിന് ശേഷമാണ് കീഴടക്കിയതെന്ന് വ്യക്തം. സദ്ദാമിനെ ബന്ധുക്കൾ ഒറ്റുകൊടുത്തതാണെന്നും കുർദ് സൈനികർ പിടിച്ചതാണെന്നും വാർത്തയുണ്ട്. ഏതായാലും അമേരിക്ക പറയുന്നത് വിശ്വസിക്കാൻ ഇനി കാര്യബോധമുള്ളവരെ കിട്ടുമെന്ന് തോന്നുന്നില്ല. സദ്ദാമിന്റെ ദയനീയമായ കീഴടങ്ങൽ അറബ് ലോകത്തിന് വിശ്വസിക്കാനായില്ല. കീഴടങ്ങുന്നതിനേക്കാൾ നല്ലത് സദ്ദാമിനു ആത്മഹത്യ ചെയ്യലായിരുന്നു എന്നുവരെ ചില അറബ് പത്രങ്ങൾ അഭിപ്രായപ്പെടുകയുണ്ടായി. ഈ കീഴങ്ങൽ മറ്റൊരു മഹാ സത്യം വിളിച്ചോതുന്നു. അതായത് ജിഹാദിന്റെ നിഷ്ഫലത! അമേരിക്കൻ നേതൃത്വത്തിൽ മുസ്‌ലിം ലോകത്തിനെതിരെ ഇറങ്ങി പുറപ്പെട്ടു കഴിഞ്ഞ ഈ ദജ്ജാലി ശക്തിക്കെതിരെ സായുധ ജിഹാദ് നിഷ്ഫലമാണെന്ന് ആയിരത്തി നാനൂറ് വർഷങ്ങൾക്കു മുമ്പ് റസൂൽ തിരുമേനി (സ) പറഞ്ഞത് എത്ര വാസ്തവം.

പട്ടാള ശൗര്യനാട്യത്തിലും, ആഢംബരങ്ങളിലും മാത്രം ശ്രദ്ധാലുക്കളായ അറബ് ഭരണാധികാരികളിൽ സാധാരണ കാണുന്ന സാഹസികനായ ഒരു ഭരണാധികാരി മാത്രമായിരുന്നു സദ്ദാം. 1990 ൽ സദ്ദാം കുവൈത്ത് അധിനിവേശം നടത്തിയപ്പോഴാണ് അമേരിക്കൻ നിയന്ത്രണത്തിലുള്ള മാധ്യമങ്ങൾ ഊതി വീർപ്പിച്ച് സദ്ദാമിനെ അമേരിക്കയുടെ അതിഭീകരനായ പ്രതിയോഗിയാക്കി മാറ്റിയത്. സദ്ദാമിന്റെ റിപ്പബ്ലിക്കൻ ഗാർഡിനെ പറ്റി, ബഅസ് പാർട്ടിയുടെ സംഘടനാ ശേഷിയെ പറ്റി, അണുബോംബ് നിർ മ്മാണപരിപാടിയെപ്പറ്റി, രാസ ജൈവായുധ ശേഖരത്തെപറ്റി, സൈനിക ശക്തിയെപ്പറ്റി അതിന്റെയെല്ലാം അധിപനായ സദ്ദാം അജയ്യനാണെന്നായിരുന്നു തൊണ്ണൂറുകളിലെ പ്രചാരണം. മുസ്‌ലിം മനസ്സ് ആഗ്രഹിക്കുന്ന പരിവേഷങ്ങളും ചമയങ്ങളുമുള്ള പോരാളി നേതാവായി സദ്ദാം മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ടപ്പോൾ മുസ്‌ലിം ലോകം അദ്ദേഹത്തെ വീര പുരുഷനായി അംഗീകരിക്കുകയായിരുന്നു. വാസ്തവത്തിൽ അമേരിക്കൻ താല്പര്യമായിരുന്നു അത്. മറ്റ് അറബ് ഭരണാധികാരികളെ സദ്ദാം ഭീതിയിൽ തളച്ചിടാനും, അത്തരം ഭീകരനായ സദ്ദാമിനെ ഒതുക്കാൻ അമേരിക്ക ഓടി വന്നതിന് ന്യായീകരണമുണ്ടാക്കാനും വേണ്ടിയായിരുന്നു ഈ പ്രചാരണ തന്ത്രം.

അമേരിക്കൻ മാധ്യമങ്ങൾ പടച്ചുവിട്ട ഈ വീരകഥകൾ വിശ്വസിച്ച് മുസ്‌ലിം മനസ്സിൽ ഒരജയ്യനായ പോരാളിയായി സദ്ദാം വളരുകയായിരുന്നു. വാസ്തവത്തിൽ സദ്ദാം അമേരിക്ക സൃഷ്ടിച്ച ഒരു കടലാസ് പോരാളിയായിരുന്നു. അമേരിക്കൻ മാധ്യമങ്ങൾ പ്രചരിപ്പിച്ചത് പോലെ സദ്ദാമിന്റെ കൈയിൽ മാരകായുധങ്ങളും യുദ്ധക്കോപ്പുകളുമുണ്ടായിരുന്നെങ്കിൽ അമേരിക്കൻ ചാരക്കണ്ണുകൾ അത് കാണുകയും അവർ ആ പ്രദേശത്ത് കാലുകുത്താൻ ധൈര്യപ്പെടാതെ അകന്നുമാറുകയും ചെയ്യുമായി

രുന്നു.

1979 ൽ ഇറാഖ് ഭരണാധികാരിയായിരുന്ന ഹസ്നുൽ ബക്കറിനെ അമേരിക്കൻ സഹായത്തോടെ പുറത്താക്കിക്കൊണ്ടാണ് സദ്ദാം ഇറാഖ് ഭരണാധികാരിയായത്. തൊട്ടടുത്തുള്ള ഖുമൈനിയുടെ ശിയാ വിപ്ലവ ഭരണകൂടത്തെ അമേരിക്കക്ക് വേണ്ടി 1980 ൽ സദ്ദാം ആക്രമിച്ചു. എട്ടുവർഷം നീണ്ടുനിന്ന യുദ്ധത്തിൽ ഏതാണ്ടു പത്തുലക്ഷം പേർ കൊല്ലപ്പെട്ടു. അങ്ങനെ പ്രക്ഷുബ്ധവും രക്തപങ്കിലവുമായിരുന്നു സദ്ദാമിന്റെ ഭരണകാലം. രണ്ട് പതിറ്റാണ്ടു കാലമായി മാധ്യമങ്ങളിൽ നിറഞ്ഞു നിന്ന സദ്ദാമിന്റെ അവസാനം ഏതായാലും ദാരുണമായി. അമേരിക്കൻ അനീതിക്കും അക്രമത്തിനുമെതിരെ നട്ടെല്ല് വളക്കാതെ നാവ് കൊണ്ടെങ്കിലും പോരടിച്ച ധീരൻ എന്ന നിലക്ക് ലോകത്തിലെ വലിയ ഒരു ജനവിഭാഗത്തിന്റെ സഹതാപവും അനുഭാവവും വീരാരാധനയും സദ്ദാമിന്റെ നേർക്കുണ്ടായിരുന്നു.

1990 ൽ സദ്ദാം കുവൈത്ത് കീഴടക്കിയത് തന്നെ അമേരിക്കയുടെ പ്രേരണകൊണ്ടായിരുന്നു. അന്നത്തെ ഇറാഖിലെ അമേരിക്കൻ അംബാസഡർ ഏപ്രിൽ ഗ്ലാസ്വീ 1990 ജൂലൈ 25 ന് നടത്തിയ കൂടിക്കാഴ്ചയിൽ കുവൈത്തിനെ ആക്രമിക്കാൻ സദ്ദാമിനെ പരോക്ഷമായി പ്രേരിപ്പിക്കുകയും അമേരിക്ക നിഷ്പക്ഷ മൗനം പാലിക്കുമെന്നുറപ്പു കൊടുക്കുകയുമാണുണ്ടായത്. ഇറാഖിലെ എണ്ണ സമ്പത്ത് കൊള്ളയടിക്കാനും ഒരു മുസ്ലിം രാജ്യത്തിന്റെ ഭാവിയെ കശക്കിയെറിയാനുമുള്ള അമേരിക്കയുടേയും ഇസ്രായേലിന്റെയും ഗൂഢാലോചനയും കെണിയുമായിരുന്നു അതെന്ന് അവരുമായി ചങ്ങാത്തത്തിലായിരുന്ന സദ്ദാം അറിഞ്ഞിരുന്നില്ല. പിന്നീട് അമേരിക്കയുമായി പൊരുതി നിൽക്കാതെ ഏകപക്ഷീയമായി കുവൈത്തിൽ നിന്ന് സദ്ദാം പിൻമാറിയെങ്കിലും അമേരിക്ക ഇറാഖിനെ ആക്രമിക്കുകയാണുണ്ടായത്. 1991 ജനുവരി 17ന് ആരംഭിച്ച ആക്രമണം 43 ദിവസം നീണ്ടുനിന്നു. ചരിത്ര പ്രസിദ്ധമായ ബാഗ്ദാദ് നഗരം ഒരു തീച്ചൂളപോലെ കത്തി ജ്വലിച്ചു. ബോംബിടാൻ 1,06,000 വ്യോമ ദൗത്യങ്ങളായിരുന്നു അമേരിക്കൻ നേതൃത്വത്തിലുള്ള സഖ്യസേന നടത്തിയത്. ഒരു ലക്ഷത്തിമുപ്പതിനായിരം സിവിലിയന്മാരും ഒരു ലക്ഷത്തി ഇരുപതിനായിരം പട്ടാളക്കാരും മരണമടഞ്ഞു. ഇറാഖിൽ വ്യാപകമായി ആണവ പ്രസരണമുള്ള വെടിയുണ്ടകൾ നിക്ഷേപിച്ചു. ഇറാഖിൽ ജനിച്ചുവീഴുന്ന ഭാവിതലമുറ ജനിതക വൈകല്യങ്ങളോടെ ഒടുങ്ങിപ്പോകണമെന്നായിരുന്നു ഉദ്ദേശ്യം. എല്ലാറ്റിനുമുപരി മരുന്നും ഭക്ഷണവുമടക്കം 11 വർഷത്തെ സമ്പൂർണ്ണ ഉപരോധവും. പതിനഞ്ച് ലക്ഷം കുഞ്ഞുങ്ങളാണ് ഉപരോധ സമയത്ത് മരിച്ചത്. ചെകുത്താൻ പോലും ഭയപ്പെട്ടു പോകുന്ന ഈ ക്രൂരത നടത്തിയിട്ടും സുസ്മേരവദനനയായി നമുക്കു മുമ്പിൽ പ്രത്യക്ഷപ്പെടുന്ന ബുഷിന്റെ ധാർമ്മികതയുടെ ഉറവിടം ഏതാണെന്ന് നമ്മെ അത്ഭുതപ്പെടുത്തുന്നു.

കൂട്ടനശീകരണായുധങ്ങളും, രാസ ജൈവായുധശേഖരങ്ങളും ആണവായുധ നിർമ്മാണ സംരംഭങ്ങളും സദ്ദാം ഹുസൈന്റെ കൈവശം ഉണ്ടെന്ന് ലോകം മുഴുവനും കള്ള പ്രചാരണം നടത്തിയാണ് ഇറാഖിനെ അമേരിക്ക അവസാനമായി ആക്രമിച്ചു കീഴടക്കിയത്. ആ ആരോപണങ്ങളെല്ലാം ശുദ്ധ കളവാണെന്ന് ലോകം മുഴുവനും അറിഞ്ഞു. കൊടും ഭീകരനെന്ന് പറഞ്ഞ സദ്ദാം ഹുസൈനും പിടിയിലായി. അദ്ദേഹം വിചാരണയും കാത്തു കഴിയുകയാണ്. ഇറാഖിന്റെയും ലോകത്തിന്റെയും സമാധാനത്തിനും രക്ഷക്കും വേണ്ടിയുള്ള അമേരിക്കയുടെ ദൗത്യം അതോടെ പൂർത്തിയായി. എങ്കിൽ അവർ കഴിയുന്നതും വേഗം ഇറാഖ് വിടുകയല്ലേ വേണ്ടത്? പക്ഷേ, പഴയ ആരോപണങ്ങളെല്ലാം തങ്ങളാണോ ഉന്നയിച്ചത് എന്ന് സംശയിപ്പിക്കുമാറ് അമേരിക്ക ഇപ്പോൾ അതിനെക്കുറിച്ചൊന്നും പറയാതെ ഇറാഖിലെ എണ്ണ മോഷണത്തിൽ മുഴുകിയിരിക്കുകയാണ്. അതായിരുന്നല്ലോ അവരുടെ പരമ ദൗത്യം.

സദ്ദാമിനെതിരെ തികച്ചും കളവ് പ്രചരിപ്പിച്ച അമേരിക്കൻ മേൽകൈയുള്ള ഇപ്പോഴത്തെ ഇറാഖ് ഭരണകൂടത്തിന്റെ കീഴിൽ വിചാരണ എത്രമാത്രം നീതിപൂർവ്വകമായിരിക്കും? കുവൈത്ത് ആക്രമണത്തിനു മുമ്പ് ബഅസ് പാർട്ടി ഭരണത്തിനു കീഴിൽ കുർദ്ദുകളെയും ശിയാക്കളേയും കമ്യൂണിസ്റ്റുകളേയും കൊന്നൊടുക്കിയതിനും ഇറാനെ ആക്രമിച്ചതിനും ഇറാഖിന്റെ കൂട്ടുപ്രതി അമേരിക്കയാണ്. സദ്ദാം ഹുസൈനെതിരെ വിരൽ ചൂണ്ടുന്നതിന് മുമ്പ് ബുഷ് ഒരു കാര്യം ഓർക്കണം. 1990 ലെ ഇറാഖിന്റെ കുവൈത്ത് അധിനിവേശത്തെത്തുടർന്ന് അമേരിക്ക ഇറാഖിനെതിരെ നടത്തിയ യുദ്ധ കുറ്റകൃത്യങ്ങളെക്കുറിച്ചന്വേഷിക്കാൻ പനാമക്കാരനായ ഒൽഗ മെൽജിയുടെ നേതൃത്വത്തിൽ യു. എൻ. ഒരന്വേഷണ കമ്മീഷനെ നിയമിച്ചിരുന്നു. 1991 മെയ് മാസം മുതൽ തെളിവെടുപ്പാരംഭിച്ച ആ അന്വേഷണ കമ്മീഷൻ ഇന്നത്തെ ബുഷിന്റെ വന്ദ്യപിതാവ് സീനിയർ ബുഷ് ചെയ്ത കുറ്റകൃത്യങ്ങൾ സംശയാതീതമായി തെളിയിച്ചിട്ടുണ്ട്. സദ്ദാമിനെ വിചാരണ ചെയ്യണമെന്നും വധശിക്ഷ നൽകണമെന്നും പറയുന്ന അമേരിക്കൻ പ്രസിഡണ്ട് ബുഷ് അതിനേക്കാൾ എത്രയോ ഇരട്ടി കുറ്റം ചെയ്ത തന്റെ പിതാവിന് നൽകേണ്ട ശിക്ഷയും താൻ അനുഭവിക്കേണ്ട ശിക്ഷയും കൂടി പറയാൻ ബാദ്ധ്യസ്ഥനാണ്. ഏതായാലും ആ ശിക്ഷയെ പറ്റി ബുഷ് ഓർത്തില്ലെങ്കിലും ദൈവം മറക്കില്ലെന്നോർക്കുക. ■

## യുദ്ധനീതി

യുദ്ധം ചെയ്യപ്പെടുന്നവർക്ക് (തിരിച്ചും യുദ്ധം ചെയ്യാൻ) അനുമതി നൽകപ്പെട്ടിരിക്കുന്നു. എന്തെന്നാൽ അവർ അക്രമിക്കപ്പെട്ടിരിക്കുകയാണ്. തീർച്ചയായും അല്ലാഹു അവരെ സഹായിക്കാൻ കഴിവുള്ളവനാകുന്നു.

**(വി. ഖുർആൻ 22:40)**

കുറിപ്പുകൾ
മുസാഫിർ

# ഫ്രാൻസിലെ തലമറക്കൽ വിവാദവും സെക്കുലറിസവും

ലോകഫാഷന്റെ പറുദീസ എന്നറിയപ്പെടുന്ന ഫ്രാൻസ്, ഗവൺമെന്റ് സ്കൂളുകളിലും ഓഫീസുകളിലും വിദ്യാർത്ഥിനികളും, സ്ത്രീകളും തലമറക്കുന്ന ശിരോവസ്ത്രം ഉപയോഗിക്കാൻ പാടില്ല എന്ന നിയമം കൊണ്ടുവന്നിരിക്കുന്നു. ദീർഘകാലത്തെ കൂടിയാലോചനകൾക്കും ചർച്ചകൾക്കും ശേഷം ഫ്രഞ്ച് പ്രസിഡണ്ട് തന്നെയാണ് ഇക്കാര്യം പ്രഖ്യാപിച്ചത്. മതവും രാഷ്ട്രവും തമ്മിൽ മുടിനാരിഴ ബന്ധം പോലും പാടില്ല എന്ന് ശഠിക്കുന്ന ഫ്രഞ്ച് റിപ്പബ്ളിക്ക് സെക്കുലറിസത്തിന്റെ പേരിലാണ് വിവാദാത്മകമായ ഈ കർശന നിലപാട് സ്വീകരിച്ചിട്ടുള്ളത്.

1989-ലാണ് തലമറക്കൽ വിവാദം ആരംഭിക്കുന്നത്. ഫ്രാൻസിലെ ക്രെയിൽ എന്ന പട്ടണത്തിലെ ഗബ്രിയേൽ ഹാവേസ് എന്ന സ്ക്കൂളിലെ മുസ്ലിം പെൺകുട്ടികൾ തലമറച്ച് വരുന്നതിന്റെ പേരിലായിരുന്നു സ്കൂ ളിൽ നിന്നും പുറത്താക്കിയത്. ഈ പുറത്താക്കലിന് പിന്നിൽ ജൂതകരങ്ങൾ പ്രവർത്തിച്ചി ട്ടുണ്ട് എന്നതും അവഗണിച്ചുകൂടാ. സംഭവം ഇങ്ങനെയാണ്. സ്കൂളിലെ യഹൂദി വിദ്യാർത്ഥികൾ സ്ഥിരമായി ശനിയാഴ്ച ദിവസം ക്ലാസ്സിൽ അവധിയെടുക്കും. അതുപോലെ സെപ്തംബറിൽ സ്ക്കൂൾ തുറക്കുമ്പോൾ മതപരമായ ആഘോഷങ്ങൾ കാരണം പത്ത് ദിവസം വൈകിയാണ് യഹൂദ വിദ്യാർത്ഥികൾ എത്താറുള്ളത്. വിശ്വാസപരമായ കാരണങ്ങളാൽ ഇതൊരിക്കലും അനുവദിക്കില്ല എന്ന് സ്ക്കൂൾ അധികൃതർ തീരുമാനിച്ചു. പക്ഷേ യഹൂദ വിദ്യാർത്ഥികളുടെ രക്ഷിതാക്കന്മാരും സ്ക്കൂളിലെ ചില പ്രൊഫസർമാരും മുസ്ലിം പെൺകുട്ടികൾ ധരിക്കുന്ന ശിരോവസ്ത്രത്തിന്റെ (ഹെഡ് സ്കാഫ്) കാര്യം ഇതിൽ ഉൾപ്പെടുത്തുകയായിരുന്നു. യഹൂദികളുടെ മതപരമായ ഒരു ആചാരം നിഷേധിക്കുകയാണെങ്കിൽ മുസ്ലിം പെൺകുട്ടികളുടെ മതപരമായ ആചാരം എന്ന നിലക്ക് ശിരോവസ്ത്രം ധരിക്കാനും അനുവദിക്കരുത് എന്ന് അവർ ആവശ്യപ്പെട്ടു. മാത്രമല്ല അത് അടിമത്തത്തിന്റേയും, പുരുഷ വിധേയത്വത്തിന്റേയും ചിഹ്നമാണെന്നും പ്രൊഫസർമാർ ന്യായം പറഞ്ഞു. അങ്ങനെയാണ് തീരുമാനം നിലവിൽ വന്നത്. സ്കാഫ് ധരിച്ചെത്തിയ മുസ്ലിം വിദ്യാർത്ഥിനികൾ സ്ക്കൂളിൽ നിന്നും പുറത്തായത് മുതൽക്കാണ് വിവാദങ്ങൾ ആരംഭിക്കുന്നത്. ലോകത്ത് എവിടെയുമുള്ള മുസ്ലിം നേതൃത്വം എല്ലാ പ്രശ്നങ്ങളോടും ജിഹാദി സ്പിരിറ്റോടെ വൈകാരികമായി മാത്രം പ്രതികരിച്ചു ശീലിച്ചവരാണ്. പക്വതയുടെയും, മധ്യവർത്തിത്വത്തിന്റേയും, യുക്തിബോധത്തിന്റെയും ശബ്ദം ഒരു മുസ്ലിം പണ്ഡിതന്റെ നാവിൽ നിന്നും അറിയാതെ പോലും വീഴാറില്ല. ഇത്തരം പ്രശ്നങ്ങളിൽ ബുദ്ധിപൂർവ്വം സംവാദങ്ങളും ചർച്ചകളും സംഘടിപ്പിക്കുന്നതിന് പകരം തെരുവുകളിൽ തക്ബീർ മുഴക്കി പ്രകടനം നടത്തുകയാണു മുസ്ലിംകളുടെ പതിവ്. ഇസ്ലാമിനെ അപകീർത്തിപ്പെടുത്താനാഗ്രഹിക്കുന്നവർക്ക് ജിഹാദീ ബാധയുള്ള മുസ്ലിംകളുടെ ഈ പൊതുജന മന:ശാസ്ത്രം നന്നായറിയാം. അതുകൊണ്ട് കൂടിയാണ് മുസ്ലിംകളെ എതിർക്കാനാഗ്രഹിക്കുന്നവർ ഇത്തരം വൈകാരിക പ്രശ്നങ്ങളിൽ കൈവെക്കുന്നത്. ഫ്രാൻസിലായാലും മുസ്ലിംകൾ ഈ അപസ്മാരബാധയിൽ നിന്നും മുക്തരല്ല.

ഫ്രാൻസിൽ വടക്കൻ ആഫ്രിക്കയിൽ നിന്നും കുടിയേറിപ്പാർത്ത 50ലക്ഷം മുസ്ലിംകളുണ്ട്. ഇത് ഔദ്യോഗിക കണക്കാണ്. 70 ലക്ഷമുണ്ടെന്നാണ് അനൗദ്യോഗിക കണക്ക്. യൂറോപ്പിലെ ക്രൈസ്തവ രാജ്യങ്ങളിൽ വെച്ച് ഏറ്റവും വലിയ മുസ്ലിം ജനസംഖ്യയുള്ള രാജ്യമാണ് ഫ്രാൻസ്. പാശ്ചാത്യ ക്രൈസ്തവ രാജ്യങ്ങളിൽ പൊതുവേ മുസ്ലിംകളോട് കാണിക്കുന്ന അസഹിഷ്ണുതയും പക്ഷഭേദങ്ങളും ആക്രമണങ്ങളും നാൾക്കുനാൾ കൂടിവരുന്നത് ഈ കാലഘട്ടത്തിന്റെ പ്രത്യേകതയാണ്. മധ്യകാലഘട്ടത്തിൽ ക്രൈസ്തവ യൂറോപ്യൻ നാടുകളിലും റഷ്യയിലും ജൂതന്മാർക്കെതിരായിരുന്നു ഇത്തരം വിഭാഗീയ നിയമ നിർമ്മാണങ്ങളും ആക്രമണങ്ങളും ഉണ്ടായിരുന്നത്. ഇത്രയും വലിയ ഒരു മുസ്ലിം ജനസഞ്ചയത്തെ ഉൾക്കൊള്ളുന്ന ഫ്രാൻസ് ഇത്തരം നിയമനിർമ്മാണങ്ങൾ നടത്തിക്കൊണ്ട് അവരെ ഫ്രഞ്ച് മുഖ്യധാരയിൽ നിന്ന് അകറ്റി പ്രാന്തവൽക്കരിക്കാനുള്ള ഒരു ശ്രമമാണോ ഇതെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. സെക്കുലറിസത്തിന്റെ ബലവത്തായ അടിത്തറയുള്ള ഫ്രാൻസിൽ പോലും ഈ അസഹിഷ്ണുതയും വെറുപ്പും കടന്നുവരുന്നു എന്നാണ് ഇത് തെളിയിക്കുന്നത്. 1789ലെ ഫ്രഞ്ചു വിപ്ലവത്തിന് ശേഷം തികച്ചും മത നിർമുക്തമായ സെക്കുലറിസം എന്ന രാഷ്ട്രീയ ദർശനം സ്വീകരിച്ച ഫ്രാൻസ് സെക്കുലറിസത്തിന്റെ പേരിലാണ് തലമറക്കുന്നതിനെതിരെ നിയമം പാസ്സാക്കുന്നതെന്നാണ്

വിശദീകരണം.

സെക്കുലറിസത്തിന് ഒരു പുനരാഖ്യാനം നൽകേണ്ട സന്ദർഭമാണിതെന്ന് തോന്നുന്നു. യൂറോപ്പിൽ സെക്കുലറിസം വികസിച്ചത് അന്ധ നീതി നടപ്പാക്കിയ ക്രിസ്തീയ മതരാഷ്ട്രങ്ങളുമായി ഏറ്റുമുട്ടിക്കൊണ്ടാണ്. അതുകൊണ്ട് മതവിരുദ്ധതയുടെ പശ്ചാത്തലം സെക്കുലറിസം എന്ന ആശയത്തിനുണ്ട്.

സെക്കുലറിസം, സോഷ്യലിസം, ജനാധിപത്യം മുതലായ അമൂർത്തമായ ആശയങ്ങൾ നിരന്തരം വികസിക്കുകയും പുതിയ അർത്ഥങ്ങൾ തേടുകയും സ്വയം പുഷ്ടിപ്പെട്ടുകൊണ്ടിരിക്കുന്നതുമായ സാമൂഹിക തത്വങ്ങളാണ്. ഒരു കാലഘട്ടത്തോടും പ്രത്യയശാസ്ത്രത്തോടും അതിനെ ബന്ധിച്ചു നിർത്തുന്നത് ശരിയല്ല. അവക്ക് നിയതാർത്ഥം കല്പിച്ച് ഡോഗ്മകളെ പോലെ ആദർശവത് കരിക്കുന്നത് മൗലിക വാദപരമാണ്. സെക്കുലറിസത്തിന് സാധാരണയായി മതേതരത്വം, മതനിരപേക്ഷത, ഭൗതികവാദം, നിരീശ്വര വാദം എന്നൊക്കെ അർത്ഥം കല്പിക്കാറുണ്ട്. ഇതൊന്നും സെക്കുലറിസത്തിന്റെ അർത്ഥങ്ങളല്ല. പദനിരുക്തിയുടേയോ പദനിഷ്പത്തിയുടേയോ അടിസ്ഥാനത്തിൽ സാമൂഹ്യ സംജ്ഞകൾക്ക് അർത്ഥം കല്പിക്കുന്നത് ശാസ്ത്രീയവുമല്ല. ഈ നൽകപ്പെട്ട അർത്ഥങ്ങളൊന്നും തന്നെ മതത്തെ സംബന്ധിച്ചേടത്തോളം ഹിതകരമല്ല. വാസ്തവത്തിൽ മതത്തെ ഇകഴ്ത്തുന്നതാണവ. സെക്കുലർ പ്രക്രിയയിൽ ഏറ്റവും സജീവമായി ഭാഗഭാക്കാകേണ്ട മതങ്ങൾ ഇത്തരം അർത്ഥ കല്പനയിലൂടെ അകന്നുകഴിയേണ്ടിവരുന്നു. ശുഷ്കവും കാലഹരണപ്പെട്ടതുമായ ചില ഇടത്പക്ഷ നിർവ്വചനങ്ങളാണവ. ഇത്തരം നിർവ്വചനങ്ങളും സങ്കല്പനങ്ങളും കൊണ്ട് ഒരുപാട് കാലമായി സെക്കുലറിസത്തെ മതങ്ങൾ സംശയത്തോടെ നോക്കുന്നു. എല്ലാ മതവിഭാഗങ്ങളേയും, മതമില്ലാത്തവരേയും, മതങ്ങളിൽ തന്നെയുള്ള അവാന്തരവിഭാഗങ്ങളേയും നീതിയുടെ തത്വത്തിൽ ഒരുമിച്ച് രാഷ്ട്ര നിർമ്മാണ പ്രക്രിയയിൽ പങ്കെടുപ്പിക്കുക എന്നതാണ് സെക്കുലറിസം കൊണ്ട് അർത്ഥമാക്കുന്നത്. സെക്കുലറിസം ഇപ്പോൾ ഒരു രാഷ്ട്രീയ സിദ്ധാന്തം മാത്രമല്ല, അതൊരു ജീവിതവീക്ഷണം കൂടിയാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ നാലാം ഖലീഫയും പ്രഗത്ഭ ചിന്തകനുമായ ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റ) ഒരു ചോദ്യോത്തരവേളയിൽ സെക്കുലറിസത്തിന് കേവലനീതി (Absolute Justice) എന്ന് അർത്ഥം നൽകിയത് ഈ അവസരത്തിൽ സ്മരണീയമാണ്. മതേതരത്വം, മതനിരപേക്ഷത എന്നീ അർത്ഥങ്ങൾക്ക് പകരം 'കേവലനീതി' എന്ന് സെക്കുലറിസത്തിന് അർത്ഥം നൽകിയാൽ എല്ലാ ജീവിതപ്രത്യയ ശാസ്ത്രങ്ങൾക്കും തങ്ങളുടെ സ്വന്തം ആദർശമായി അതിനെ കൈയേൽക്കാം. ഇതിന്റെ അടിസ്ഥാനത്തിൽ സെക്കുലറിസത്തിന്റെ ഭരണപരമായ ഏകദേശ അർത്ഥം 'കേവലനീതിയിലധിഷ്ഠിതവും നിർമ്മാണാത്മകവുമായ നിഷ്പക്ഷത' എന്ന് പറയാമെന്ന് തോന്നുന്നു.

ഏതായാലും സെക്കുലറിസത്തിന് ഇപ്പോൾ നൽകുന്ന അർത്ഥം മതനിരപേക്ഷത, മതേതരത്വം എന്നൊക്കെയാണല്ലോ. അങ്ങിനെയാണെങ്കിൽ ഏറ്റവും പ്രധാനമായ ഒരു കാര്യം ഒരു രാഷ്ട്രത്തിന്റെ (State) ഭരണകൂടത്തെ (Government) മാത്രമാണ് സെക്കുലറൈസ് ചെയ്യേണ്ടത്, ജനതയെ അല്ല. രാഷ്ട്രം എന്നത് ജനത, ഭരണകൂടം, ദേശം, പരമാധികാരം എന്നീ ഘടകങ്ങൾ ചേർന്നതാണ്. ഭരണകൂടത്തിന് മതപരമായോ മറ്റു വിഭാഗീയമായോ യാതൊരു പക്ഷപാതിത്വങ്ങളും വൈകാരികഭാവങ്ങളും പാടില്ല. മറിച്ച് ജനതക്ക് ഇതെല്ലാമാവാം.. വിവിധ മതത്തിൽ വിശ്വസിക്കുകയും അത് ആചരിക്കുകയും ചെയ്യുന്ന പൗരന്മാരുടെ അവകാശത്തിന് മതവിമുക്തമായ ഭരണകൂടം നീതിയുടെ അടിസ്ഥാനത്തിൽ സംരക്ഷണം നൽകണം. ചുരുക്കത്തിൽ മതനിരപേക്ഷത എന്ന അർത്ഥത്തിൽ ഭരണകൂടത്തെയാണ് സെക്കുലറൈസ് ചെയ്യേണ്ടത്, ജനതയെ അല്ല. ജനതയെ മതേതരമാക്കാൻ അഥവാ സെക്കുലറൈസ് ചെയ്യാൻ കമ്മ്യൂണിസ്റ്റ് ഭരണകൂടങ്ങൾ ശ്രമിച്ചതിന്റെ തിരിച്ചടിയാണ് അവരുടെ പരാജയങ്ങളുടെ മുഖ്യകാരണങ്ങളിലൊന്ന്.

തലമറക്കൽ പ്രശ്നത്തിലേക്ക് തന്നെ നമുക്ക് മടങ്ങിവരാം. ഉടുതുണി അഴിച്ചൂരി ആസ്വാദങ്ങളുടെ ഫാഷൻ ലോകത്ത് ലാസ്യനൃത്തം ചവിട്ടുന്ന ഫ്രഞ്ചുകാരുടെ ഫാഷൻ വസ്ത്രങ്ങളുടെ വിസ്തീർണ്ണം മുസ്‌ലിം പെൺകുട്ടിയുടെ ശിരോവ്സത്രത്തേക്കാൾ കുറവാണ്. അതുകൊണ്ടായിരിക്കാം അവർ ശിരോവസ്ത്രത്തെ അനാവശ്യമായ വസ്ത്രധൂർത്തായിക്കാണുന്നത്. മുസ്‌ലിം വിശ്വാസ ജീവിതത്തിന്റെ ഒഴിച്ചുകൂടാനാവാത്ത ഒരു വസ്ത്രധാരണ രീതി എന്ന നിലക്ക് ഗവൺമെന്റ് അതിൽ കൈകടത്തുന്നത് ശരിയല്ല. അന്യരുടെ ജീവനോ, സ്വത്തിനോ അഭിമാനത്തിനോ സ്വൈര്യജീവിതത്തിനോ, അദ്ധ്യയനത്തിനോ ഒരുപോറലുമേൽപ്പിക്കാത്ത മുസ്‌ലിം വിദ്യാർത്ഥിനികളുടെ ശിരോവസ്ത്രം നിരോധിക്കുന്നതിൽ യാതൊരു യുക്തിയുമില്ല. യൂണിഫോം എന്നത് മനുഷ്യന്റെ ബാഹ്യമാത്രമായ ഒരു ഐകരൂപമാണ്. പ്രകൃതിയിലും സമൂഹത്തിലുമില്ലാത്ത ഈ ഐകരൂപം എന്തിന് സ്കൂളുകളിൽ കുട്ടികളുടെ മേൽ അടിച്ചേൽപ്പിക്കണം എന്ന കാര്യം തന്നെ വിവാദാത്മകമാണ്. യൂണിഫോം ധരിച്ച് സ്കൂൾ പഠനം നടത്തുന്ന വിദ്യാർത്ഥികൾ എന്തെങ്കിലും മൂല്യങ്ങൾ നേടുന്നുവെങ്കിൽ വസ്ത്രവൈവിധ്യങ്ങളുള്ള സമൂഹത്തിലേക്ക് വീണ്ടും എത്തിച്ചേരുമ്പോൾ അതുകൊണ്ട് എന്തു പ്രയോജനം? യൂണിഫോമിന് അതിന്റേതായ നാമമാത്ര ഗുണങ്ങളുണ്ട് എന്നത് ശരിതന്നെ. അമിതമായ പ്രദർശനാത്മകതയിൽ നിന്നും അത് കുട്ടികളെ നിർബന്ധപൂർവ്വം തടയുന്നു. കൃത്രിമമായ ഒരു സമത്വബോധം സൃഷ്ടിക്കുകയും ചെയ്യുന്നു. ഇന്ത്യയെപോലെയുള്ള ദരിദ്രരാജ്യങ്ങളിൽ സാധാരണ വസ്ത്രത്തിനു പുറമെ യൂണിഫോം എന്ന സ്കൂൾ വസ്ത്രം വാങ്ങുന്നത് പാവങ്ങൾക്ക് ഒരാർഭാട വസ്തുവാണെന്നും നാം ഓർക്കണം. ചുരുക്ക

*(ശേഷം 40 -ാം പേജിൽ)*

കുറിപ്പുകൾ

മുസാഫിർ

# ഇറാനിലെ ഭൂകമ്പം

ഇറാനിൽ ഡിസംബർ 28നുണ്ടായ ഭൂകമ്പത്തിൽ 50,000 ആളുകളാണ് മരിച്ചത്. റിക്റ്റർ സ്കെയിൽ 6.3 രേഖപ്പെടുത്തിയ ഭൂകമ്പത്തിൽ ചരിത്രപ്രസിദ്ധമായ സിൽക്ക് റൂട്ടിനരികെയുള്ള ചിരപുരാതനായ ബാം നഗരമാണ് അടിമേൽ മറിഞ്ഞുപോയത്. ഇറാന് സംഭവിച്ച ഈ ദുരന്തത്തിൽ ദു:ഖം രേഖപ്പെടുത്തുകയും ഹതഭാഗ്യരായ ബാം ജനതക്ക് എത്രയും വേഗത്തിൽ സമാശ്വാസമുണ്ടാവട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഭൂകമ്പങ്ങൾ ശാസ്ത്രത്തിന് ഇന്നും പിടികിട്ടാത്ത ഒരു സമസ്യയാണ്. നാം എവിടെയാണെങ്കിലും സ്വന്തം കാൽപാദങ്ങൾക്ക് കീഴെ ഉറച്ചതാണെന്ന് കരുതുന്ന ഭൂമി എപ്പോൾ വേണമെങ്കിലും കമ്പിതമാവാം! അപ്രവചനീയമാണ് ഭൂകമ്പങ്ങൾ!

ഭൂമിശാസ്ത്രപരമായി മൂന്ന് വലിയ ഭുപാളികളുടെ (Plate) സംഗമ സ്ഥാനത്താണ് ഇറാൻ നിൽക്കുന്നത്. ഈ ഭുപാളികളുടെ സമ്മർദ്ദഫലമായി ഇറാൻ ഒരു അപഭ്രംശ മേഖല (Faulting Zone) ആണെന്ന് ഭൂശാസ്ത്രജ്ഞർ മുമ്പേ പറഞ്ഞതാണ്. ആവർത്തിച്ച് ഇറാനിൽ ഭൂകമ്പങ്ങളുണ്ടാവാനുള്ള കാരണം ഇതാണെന്ന് ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. 1971 ൽ 25,000 പേർ, 1990 ൽ 50,000 പേർ, കഴിഞ്ഞ വർഷം 250 പേർ ഭൂകമ്പങ്ങളിൽ കൊല്ലപ്പെട്ടിട്ടുണ്ട്. ഭൂകമ്പങ്ങൾ ഒരിക്കലും ആളെ കൊല്ലാറില്ല. മനുഷ്യൻ നിർമ്മിക്കുന്ന കെട്ടിടങ്ങളാണ് ഭൂകമ്പത്തിൽ മനുഷ്യന്റെ അന്തകനായി മാറുന്നത്. വേണ്ടവിധത്തിൽ പഠനം നടത്താതെയും പരിസ്ഥിതിക്കു അനുയോജ്യമല്ലാത്തതുമായി കെട്ടിടം നിർമ്മിക്കുന്നതാണ് ഇതിന് മുഖ്യകാരണം. ബാം നഗരത്തിലെ നാടൻ ഇഷ്ടികയും ചളിയും ഉപയോഗിച്ചു പണിത വീടുകളാണ് അധികവും കശക്കിയെറിയപ്പെട്ടത്. പാരമ്പര്യമായി ഒരുനില കെട്ടിടങ്ങളിൽ വസിച്ചിരുന്ന ബാം ജനത നഗരവത്കരണത്തെ തുടർന്നു തട്ടുകളുള്ള കെട്ടിടങ്ങളിലേക്ക് താമസം മാറ്റിയതാണ് മരണസംഖ്യ ഇത്ര കൂടാൻ കാരണം. പിന്നോക്ക പ്രദേശമായ നഗരത്തിലെ കെട്ടിടങ്ങൾ ഗുണമേന്മയിൽ വളരെ നിലവാരം കുറഞ്ഞതുമായിരുന്നു. കെട്ടിട നിർമ്മാണത്തിൽ കാണിച്ച ഈ അനവധാതനയാണ് മരണസംഖ്യ അരലക്ഷത്തോളമായി ഉയർത്തിയത്. മാത്രമല്ല ബാം പട്ടണത്തിലുണ്ടായിരുന്ന രണ്ട് ആശുപത്രികളും ഭൂകമ്പത്തിൽ തകർന്നുപോയിരുന്നു. റിക്റ്റർ സ്കെ യിൽ 6. 5 രേഖപ്പെടുത്തിയ ഒരു വൻ ഭൂകമ്പം കഴിഞ്ഞ യാഴ്ച അമേരിക്കയിലെ കാലിഫോർണിയയിൽ സംഭവിക്കുകയുണ്ടായി. ലോസ് ആഞ്ചലസ് മുതൽ സാൻ ഫ്രാൻസിസ്കോ വരെയുള്ള കടൽത്തീരം ഭൂകമ്പത്തിൽ കുലുങ്ങി. പക്ഷേ മരിച്ചത് മൂന്നു പേർ മാത്രം. അമേരിക്കൻ ജനതയുടെ കെട്ടിട നിർമ്മാണത്തിലെ മികവായിരുന്നു അതിന് കാരണം. 2001 ൽ ഗുജറാത്തിലെ ലത്തൂരിലെ ഭൂകമ്പത്തിൽ മരിച്ചവരുടെ എണ്ണം 30,000 ത്തോളമായി ഉയർന്നതും ഈ പിന്നോക്കാവസ്ഥ കൊണ്ടുതന്നെ. ഭൂമിശാസ്ത്രപരമായി അപഭ്രംശ മേഖലയിൽ താമസിക്കുന്ന പിന്നോക്കക്കാരും പാവപ്പെട്ടവരുമായ ജനങ്ങൾക്ക് ഇത്തരം ദുരന്തങ്ങളെ അതിജീവിക്കാനും ഇത്തരം സംഭീതാവസ്ഥകളെ തരണം ചെയ്യാനും പരിശീലനം നൽകുകയും കെട്ടിട നിർമ്മാണങ്ങളിൽ ഭൂകമ്പങ്ങളെ അതിജീവിക്കാനുള്ള ക്രമീകരണങ്ങൾ കർശനമായി നടപ്പാക്കുകയും വേണം.

ശാസ്ത്രം ഇത്രയധികം പുരോഗമിച്ചിട്ടും ഭൂകമ്പങ്ങളെ പറ്റി പ്രവചിക്കാൻ ഇപ്പോഴും ഭൂമിശാസ്ത്രത്തിനു കഴിഞ്ഞിട്ടില്ല. ചുഴലിക്കാറ്റും, കൊടുങ്കാറ്റും പേമാരിയും ഏറെക്കുറേ പ്രവചനീയമാണ്. കാരണം അവ രൂപപ്പെടുന്ന ഘടകങ്ങൾ നിരീക്ഷണ യോഗ്യവും അളക്കാൻ സാധിക്കുന്നതുമാണ്. എന്നാൽ അജ്ഞാത രഹസ്യങ്ങളുടെ കലവറയായ ഭൂഗർഭമേഖല മനുഷ്യന് ഇന്നും ഏറെക്കുറെ അപ്രാപ്യമാണ്. അതുകൊണ്ടാണ് ഭൂകമ്പം പ്രവചനത്തിന് വഴങ്ങുന്നതല്ലെന്ന് ജിയോളജിസ്റ്റുകൾ ആണയിടുന്നത്. ഭാവിയിൽ ഈ അവസ്ഥമാറി ഭൂകമ്പങ്ങളെ കൃത്യമായി പ്രവചിക്കാൻ ഒരു പക്ഷേ ശാസ്ത്രത്തിനു കഴിഞ്ഞേക്കാം.

ഒരു പാട് നിഗൂഢ രഹസ്യങ്ങൾ പേറുന്നതെങ്കിലും ഭൂമി മനുഷ്യന് അധീനപ്പെട്ടിരിക്കുന്നു എന്നാണ് ഖുർആൻ പറയുന്നത്. "ആകാശ ഭൂമികളുടെ രഹസ്യങ്ങൾ അല്ലാഹുവിനുള്ളതാണ്." (11:124) ആ രഹസ്യ വിവരങ്ങളും അതിലെ വസ്തുക്കളും മനുഷ്യവംശത്തിന് അവരുടെ ബുദ്ധിപരമായ വളർച്ചക്കനുസരിച്ച് ക്രമേണ ലഭ്യമാകുമെന്നും അല്ലാ ഹു ഖുർആനിൽ പറയുന്നു. 'ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അല്ലാഹു നിങ്ങൾക്ക് അധീനപ്പെടുത്തിക്കൊണ്ടിരിക്കുന്നതും അവന്റെ പ്രത്യക്ഷവും പ്രച്ഛന്നവുമായ അനുഗ്രഹങ്ങൾ നിങ്ങൾക്ക് പൂർത്തിയാക്കി തന്നിരിക്കുന്നതും നിങ്ങൾ കണ്ടില്ലേ" (31:21) ഭാവിയിൽ ഭൂകമ്പങ്ങളുണ്ടാകുമ്പോൾ സംഭീതനാവുന്ന മനുഷ്യൻ കൂടുതൽ പഠനങ്ങൾ നടത്തി അതിലൂടെ ഭൂമിയെ സംബന്ധിച്ച് വിവരങ്ങൾ സ്വായത്തമാക്കുമെന്നും ഖുർആൻ സൂചിപ്പിക്കുന്നു. 'ഭൂമിശക്തിയാ

യി പ്രകമ്പനം ചെയ്യപ്പെടുകയും ഭൂമി അതിന്റെ ഭാരങ്ങൾ പുറന്തള്ളുകയും അതിനെന്തു സംഭവിച്ചുവെന്ന് മനുഷ്യൻ ചോദിക്കുകയും ചെയ്യുമ്പോൾ അന്നാളിൽ അത് അതിന്റെ (ഗോപ്യമായ) വൃത്താന്തങ്ങൾ വിവരിക്കുന്നതാണ്" (99:1-5)

ഭൂമിയുടെ ചില ഭാഗങ്ങളിൽ സംഭരിക്കപ്പെടുന്ന ഊർജ്ജം, അഥവാ മർദ്ദം പെട്ടെന്നു മോചിതമാവുമ്പോഴാണ് ഭൂചലനം അനുഭവപ്പെടുന്നത്. നാം കുളത്തിൽ കല്ലെറിയുമ്പോൾ നാലു വശത്തേക്കും ഓളങ്ങൾ നീങ്ങുന്നത് പോലെ ഉൽഭവ കേന്ദ്രത്തിൽ നിന്നും (Hypo centre) ഊർജ്ജ തരംഗങ്ങൾ ഉണ്ടാവുന്നു. ഭൗമോപരിതലത്തിലെ ആഘാത കേന്ദ്രത്തിൽ (Epic centre) അവ ചലനമായി നമുക്കനുഭവപ്പെടുന്നു. ഭൂകമ്പങ്ങളുടെ ഉൽഭവകേന്ദ്രം ഉപരിതലം മുതൽ 720 കിലോമീറ്റർ വരെ ആഴത്തിലുള്ള ഭൂമേഖലയിൽ നിന്നാണ്. പല കാരണങ്ങൾ കൊണ്ടും ഭൂകമ്പങ്ങളുണ്ടാവാം. അവ മൂന്നായി തരം തിരിച്ചിരിക്കുന്നു. ഭൂവൽക്കത്തിലെ പാളികളുടെ ചലനം മൂലമുള്ളവ (Tactonic) അഗ്നി പർവ്വത സ്ഫോടനത്തിൽ നിന്നുണ്ടാവുന്നവ (Volcanic) ഭൂമിയുടെ അഗാധത്തിൽ നിന്നുണ്ടാവുന്നവ (Putonic) എന്നിങ്ങനെയാണ്. ഇതിൽ ഭൂപാളികളുടെ ചലനം മൂലമുള്ള ഭൂകമ്പങ്ങളാണ് അധികവും സംഭവിക്കുന്നത്. പ്ലെയിറ്റ്ടാക്റ്റോണിക് (Plate tactonic) എന്ന പ്രതിഭാസം മൂലമാണ് ഇത് സംഭവിക്കുന്നത്. ഭൂമിയുടെ പുറംതോട് തുടർച്ചയായ ഒരു പ്രതലമല്ലെന്നും പ്രത്യുത 10 വലിയ പ്ലേറ്റുകളാലും 20 ചെറിയ പ്ലേറ്റുകളാലും അവ നിർമ്മിതമാണെന്നും അത് ജലത്തിനു മീതെ പൊങ്ങിക്കിടക്കുന്ന മരക്കഷ്ണങ്ങൾ പോലെ പരസ്പരം അകലുകയും അടുക്കുകയും ചെയ്യുന്നു എന്നുമാണ് പ്ലെയിറ്റ് ടാക്റ്റോണിക്സ് സിദ്ധാന്തത്തിന്റെ കാതൽ. മലകളും പർവ്വതങ്ങളും രൂപപ്പെടാനും ഭൂകമ്പങ്ങളുണ്ടാവാനും മൂലകാരണം ഈ ചലനങ്ങൾ തന്നെ. അത്ഭുതകരമെന്ന് പറയട്ടെ വി. ഖുർആനിൽ അധുനാതനമായ പ്ലെയിറ്റ് ടാക്റ്റോണിക്കിനെക്കുറിച്ച് വളരെ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. 'ഭൂമിയിൽ അടുത്തടുത്ത് കിടക്കുന്ന പല ഖണ്ഡങ്ങളുമുണ്ട്.' (13:5) 'പർവ്വതങ്ങൾ ഉറച്ചു നിൽക്കുന്നതായി നീ ധരിക്കുന്നു. എന്നാൽ അത് മേഘങ്ങൾ ചലിക്കുന്നതുപോലെ ചലിക്കുന്നു. എല്ലാ വസ്തുക്കളും സൃഷ്ടിച്ച് ബലപ്പെടുത്തിയിരിക്കുന്ന അല്ലാഹുവിന്റെ പ്രവർത്തനമാണിത്'. (27:89)

നമ്മുടെ ഇന്ത്യ ഉപഭൂഖണ്ഡം തന്നെ ഇങ്ങനെ വർഷം തോറും നാലു മുതൽ അഞ്ച് സെ. മീ വരെ വടക്കുഭാഗത്തേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഭൂമധ്യരേഖക്ക് താഴെയായിരുന്ന ഇന്ത്യ ഒരു കാലത്ത് ഗോണ്ടാ വാനാ (Gon-dwana) എന്നറിയപ്പെടുന്ന ഒരു വൻകരയുടെ ഭാഗമായിരുന്നു. ഭൂമദ്ധ്യരേഖക്ക് താഴത്ത് നിന്നും ഇന്ത്യ കോടിക്കണക്കിന് വർഷങ്ങൾ കൊണ്ട് 3000 കി. മീറ്റർ സഞ്ചരിച്ചാണ് ഇന്നത്തെ സ്ഥലത്തെത്തിയത് എന്ന് ശാസ്ത്രം പറയുമ്പോൾ നാം അമ്പരക്കുന്നില്ലേ? ഇങ്ങിനെ ഭൂഖണ്ഡങ്ങൾ അകന്ന് മാറിയതിന്റെ തെളിവാണ് ലോകഭൂപടം. ഭൂപടത്തിൽ ഭൂഖണ്ഡങ്ങളുടെ ആകൃതി ഒന്നിച്ചു നിന്ന ഖണ്ഡങ്ങൾ വേർപ്പെട്ടത് പോലെയാണ്. പ്ലെയിറ്റ് ടാക്റ്റോണിക് തത്ത്വമനുസരിച്ചുള്ള ഭൂഖണ്ഡങ്ങളുടെ മില്ലിമീറ്റർ ചലനം വരെ ഇന്ന് ഉപഗ്രഹം മുഖേന കൃത്യതയോടെ കണ്ടെത്താൻ കഴിയുന്ന ഗ്ലോബൽ പൊസിഷനിങ്ങ് സിസ്റ്റം (Global positioning system) ഇന്ന് നിലവിലുണ്ട്. വടക്കോട്ട് ഏഷ്യൻ പ്ലെയിറ്റിലേക്ക് ഇന്ത്യ ഇപ്പോഴും തിക്കിക്കയറുന്നത് കൊണ്ടാണ് ഹിമാലയ പർവ്വതം ഉണ്ടായത്. ഭൂപാളികളുടെ ഈ ചലനം മൂലം ഹിമാലയൻ പ്രാന്തങ്ങൾ ഇടക്കിടെ ഭൂചലനങ്ങൾ അനുഭവപ്പെടുന്ന ഭ്രംശ മേഖലയാണ്.

വലിയ അണക്കെട്ടുകൾ നിർമ്മിക്കുന്നത് ഭൂകമ്പങ്ങൾക്ക് കാരണമാകുമെന്നു പറയപ്പെടുന്നു. ഇങ്ങിനെ മനുഷ്യന്റെ നിർമ്മാണങ്ങൾ മൂലമുണ്ടാകുന്ന ഭൂകമ്പങ്ങളെ പ്രേരിത ഭൂകമ്പങ്ങൾ (Induced earthquakes) എന്ന് പറയുന്നു. വൻ അണക്കെട്ടുകൾ പണിയുമ്പോൾ ഇപ്പോൾ സൂക്ഷ്മമായും വിശദമായും ഭൂപഠനങ്ങൾ നടത്താറുണ്ട്. ഭൂകമ്പങ്ങൾ ഉണ്ടാവുന്നതിന് മുമ്പായി ചില പക്ഷി മൃഗാദികൾ മുന്നറിയിപ്പുകൾ നൽകുന്നതായി പറയപ്പെടുന്നു. ഭൂകമ്പങ്ങൾക്ക് മുന്നോടിയായി ഭൗമോപരിതലത്തുണ്ടാവുന്ന നേരിയ കമ്പനങ്ങളും ഭൗമാന്തർഭാഗത്തുനിന്നും ഭൗമാന്തരീക്ഷത്തിലേക്ക് വമിക്കുന്ന വാതകങ്ങളുടെ സാന്നിധ്യവും മനുഷ്യനേക്കാൾ ഇന്ദ്രിയ സംവേദനക്ഷമതയുള്ള അത്തരം ജീവികൾ ഗ്രഹിക്കുന്നത് കൊണ്ടാവാം അസാധാരണമായ അവയുടെ പെരുമാറ്റമുണ്ടാകുന്നത്. ഭൂകമ്പത്തിന്റ പഠനങ്ങളിൽ വളരെ യേറെ മുന്നോട്ടുപോയ ചൈന ജന്തുക്കളുടെ ഇത്തരം പെരുമാറ്റങ്ങളും ഭൂകമ്പവുമായി ബന്ധപ്പെടുത്തി ശാസ്ത്രീയമായി പഠിക്കുന്നുണ്ട്. ചൈനയിലെ പഴമക്കാർ ഇത്തരം മൃഗങ്ങളുടെ വിചിത്ര പെരുമാറ്റം നോക്കി ഭൂകമ്പം പ്രവചിക്കാറുണ്ടായിരുന്നു എന്ന് പറയപ്പെടുന്നു. അതുപോലെ ജലാശയങ്ങളിലുണ്ടാകുന്ന തിരയിളക്കങ്ങളും വെള്ളത്തിന്റെ വിതാനം പൊങ്ങുകയും താഴുകയും ചെയ്യുന്നതും ഭൂചലനങ്ങളുടെ ഫലമാണെന്നും പറയപ്പെടുന്നു. രണ്ട് വർഷങ്ങൾക്ക് മുമ്പ് കേരളത്തിലുണ്ടായ ഭൂചലനങ്ങൾക്ക് മുമ്പും പിൻപും ഇത്തരം പ്രതിഭാസങ്ങൾ വ്യാപകമായി ഉണ്ടായതായി പത്രങ്ങളിൽ വാർത്ത വന്നിരുന്നു.

ഭൂകമ്പങ്ങളുടെ നിഗൂഢതകൾ ഇന്നും ചെറിയ ശതമാനം പോലും അനാവരണം ചെയ്യപ്പെട്ടിട്ടില്ല. മനുഷ്യനെ ചകിതനാക്കുന്ന ഇത്തരം ഭൗമപ്രതിഭാസങ്ങൾ അവന് ഒരുപാട് ജ്ഞാനങ്ങൾ നൽകുന്നു. പോരടിച്ച് നില്ക്കുന്ന ശത്രുരാജ്യങ്ങളെപ്പോലും ഒന്നിപ്പിച്ച് ആഗോളസഹകരണം സാധ്യമാക്കുകയും, മനുഷ്യനിർമ്മാണങ്ങളുടെ നിസ്സാരതയേയും നിസ്സഹായതയേയും സംബന്ധിച്ച് മനുഷ്യന് ബോദ്ധ്യം വരുത്തുകയും ചെയ്യുന്നു.

അവസാന കാലത്തെ ഒരു ദിവ്യാത്മാവിന്റെ അടയാളമായി ഭൂകമ്പങ്ങൾ ഭീകരമായി ആവർത്തിച്ചു സംഭവിക്കുകയും

*(ശേഷം 42 -ാം പേജിൽ)*

# അഹ്മദിയ്യാ മുസ്ലിം വാർഷിക സമ്മേളനം സമാപിച്ചു

**ഖാദിയാൻ (പഞ്ചാബ്)** : അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ 112-ാമത് വാർഷിക സമ്മേളനം 2003 ഡിസംബർ 26, 27, 28 തീയതികളിൽ ദാറുൽ അമാനിൽ (ഖാദിയാൻ) വെച്ച് നടക്കുകയുണ്ടായി.

ശാന്തിയുടെ മതമായ ഇസ്ലാം ഒരിക്കലും വിദ്വേഷം പരത്തുന്നില്ല. മറിച്ച് മനുഷ്യ സമൂഹത്തിന് വേണ്ടി സേവന തല്പരതയും ത്യാഗ മനോഭാവവും അതിന്റെ അനുയായികളിൽ പകരുകയാണ് ചെയ്യുന്നതെന്ന് ഖലീഫത്തുൽ മസീഹ് അഞ്ചാമൻ ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് പ്രസ്താവിച്ചു. വർണ്ണം, വംശം, ദേശം എന്നീ വിഭാഗിയതകൾക്കതീതമായി നിസ്വാർത്ഥമായ മനുഷ്യസേവനമാണ് സഹാനുഭൂതിയുമാണ് ഇസ്ലാമിന്റെ സന്ദേശമെന്ന് അദ്ദേഹം ഉണർത്തി. മനുഷ്യന്റെ ആത്മീയവും ധാർമ്മികവുമായ ശിക്ഷണത്തിന്റെ നാനാവശങ്ങളെ സംബന്ധിച്ചും പരാമർശിച്ച ഖലീഫത്തുൽ മസീഹ് ജീവിത പരിശുദ്ധി ആർജിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുകയുണ്ടായി. ഖാദിയാനിലെ വാർഷിക മ്മേളനത്തിൽ അവസാന ദിവസം മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു ഖലീഫത്തുൽ മസീഹ്. ലണ്ടനിലെ മഹ്മൂദ് ഹാളിൽ നിന്നും ഖലീഫത്തുൽ മസീഹിന്റെ പ്രസംഗം സാറ്റലൈറ്റ് വഴി അഹ്മദിയ്യാ ചാനലായ മുസ്ലിം

---

*(37 -ാം പേജിൽ നിന്ന് തുടർച്ച)*

ത്തിൽ സ്കൂൾ യൂണിഫോം എന്നത് യാതൊരു മാറ്റത്തിനും വിധേയമല്ലാത്തതോ മാറ്റിയാൽ ആകാശം ഇടിഞ്ഞു വീഴുന്ന സംഗതിയോ ഒന്നുമല്ല. മറിച്ച് അത് നിർബന്ധപൂർവ്വം ഒരു ജനതയയുടെ മേൽ അടിച്ചേൽപ്പിച്ച് അവരുടെ മതവികാരത്തെ വ്രണപ്പെടുത്തുകയും അവരെ വേദനിപ്പിക്കുകയും ചെയ്യുന്നതാണ് മനുഷ്യത്വരഹിതം. ധർമ്മനിഷ്ഠയുള്ളതും വൈകാരികവുമായ മതത്തിന് സ്കൂൾ വിദ്യാഭ്യാസ നിയമങ്ങൾ വളർന്നു വികസിക്കാൻ അവസരം നൽകിയാൽ അത് അവർ നന്ദിപൂർവ്വം സ്മരിക്കുകയും അവരുടെ ഭരണകൂടത്തെ ആത്മാർത്ഥമായി സ്നേഹിക്കാൻ ഇടവരുത്തുകയും ചെയ്യുന്നു. മുസ്ലിംകളെ മുഖ്യധാരയിൽ നിന്നും അകറ്റിക്കളയുന്ന ഫ്രഞ്ച് സർക്കാറിന്റെ നടപടി നിർഭാഗ്യകരവും സെക്കുലറിസത്തിന്റെ ഉന്നതതത്ത്വങ്ങൾക്ക് നിരക്കാത്തതുമാണ്.

സാന്ദർഭികമായി മറ്റൊരു കാര്യം കൂടി ഇവിടെ ഓർക്കുകയാണ്. കുറച്ച് നാളുകൾക്ക് മുമ്പ് കേരളത്തിൽ ഒരു നിലവിളക്ക് വിവാദം കത്തിപ്പടരുകയുണ്ടായി. കേരളത്തിലെ മുസ്ലിം ലീഗ് മന്ത്രിയായിരുന്ന കുഞ്ഞാലിക്കുട്ടിയും ഗാനഗന്ധർവ്വൻ യേശുദാസും തമ്മിലായിരുന്നു വിവാദം. നിലവിളക്ക് കൊളുത്തി ഒരു ചടങ്ങ് ഉദ്ഘാടനം ചെയ്യുന്നതിന്റെ പേരിലായിരുന്നു അത്. തന്റെ വിശ്വാസത്തിന് എതിരായതിനാൽ നിലവിളക്ക് കൊളുത്തില്ല എന്ന് മന്ത്രി. കൊളുത്താതിരുന്നാൽ മതസൗഹാർദ്ദം തകരുമെന്ന് ഗാനഗന്ധർവ്വനും. നിലവിളക്ക് കൊളുത്തിയത് കൊണ്ട് മാത്രം കുഞ്ഞാലിക്കുട്ടി സാഹിബിന്റെ ഈമാൻ(വിശ്വാസം) ഇടിഞ്ഞു പൊളിഞ്ഞു വീഴുമെന്ന് ഈ ലേഖകനഭിപ്രായമില്ല. കുഞ്ഞാലിക്കുട്ടിയുടെ സുന്നി വിഭാഗം പരിപാലിക്കുന്ന പുരാതനമായ പല പള്ളികളിലും ഇപ്പോഴും നിലവിളക്ക് കൊളുത്താറുണ്ട്. അതൊരു സാംസ്ക്കാരിക മുദ്ര എന്ന നിലക്ക് നോക്കി കാണുകയാണ് നിരവധി ഉദ്ഘാടനങ്ങൾ നടത്തേണ്ടിവരുന്ന ഇന്ത്യയിലെ മുസ്ലിംമന്ത്രിമാർക്ക് ഉചിതം. അല്ലാതെ വിശ്വാസപരമായി വസ്‌വാസ് ഉണ്ടാകേണ്ട പ്രശ്നം ഇതിലില്ല. അത് ഹിന്ദു മത വിശ്വാസത്തിന്റെ ഭാഗമായിക്കണ്ട് പരിശുദ്ധമായ മതജീവിതം നയിക്കാൻ ആഗ്രഹമുള്ള വ്യക്തി എന്ന നിലക്ക് കുഞ്ഞാലിക്കുട്ടി സാഹിബിന് അതിൽ നിന്ന് വിട്ടുനിൽക്കാനും അവകാശമുണ്ട്. അങ്ങനെ അദ്ദേഹം ആഗ്രഹം പ്രകടിപ്പിച്ചാൽ അതിന് അദ്ദേഹത്തെ ഹൃദയ വിശാലതയോടെ അനുവദിക്കുകയാണ് വേണ്ടത്. ഗാനഗന്ധർവ്വൻ ഇതിന്റെ പേരിൽ ചൂടായത് ശരിയായില്ല.അല്ലെങ്കിൽ മതസൗഹാർദ്ദം വളരില്ല എന്നും തകർന്നുപോകുമെന്നുമുള്ള അദ്ദേഹത്തിന്റെ ഭീതിയും അസ്ഥാനത്താണ്. വിയോജിപ്പുകൾ പ്രത്യേകിച്ചും മത പരിവേഷമുള്ള, വിയോജിപ്പുകൾ സൗമ്യപൂർവ്വം അംഗീകരിച്ചുകൊണ്ട് സൗഹൃദം പാലിക്കലാണ് യഥാർത്ഥ മതസൗഹാർദ്ദവും സഹിഷ്ണുതയും. സെക്കുലറിസത്തിന്റെ മാനവ നീതി അതാണ്. പ്രകടനങ്ങളിലും ചടങ്ങുകളിലും മാത്രമുള്ള സൗഹാർദ്ദം നേര ത്തേ പറഞ്ഞത് പോലെ സ്ക്കൂൾ യൂണിഫോമിലെ ബഹിർഭാഗസ്ഥമായ ഐക്യം പോലെയുള്ള ഒരു സൗഹൃദം മാത്രമായിരിക്കും. -സെക്കുലറിസം എന്നത് വിയോജിപ്പുകളെയും വൈവിധ്യങ്ങളെയും നീതിയുടെ ചരടിൽ രമ്യമനോഹരമായി കോർത്തിണക്കുന്ന കലയാണ്. ക്ഷോഭങ്ങളും സ്പർദ്ധയുമുണ്ടാക്കലല്ല. ■

അഹ്മദിയാ ടെലിവിഷനിലൂടെ ഖാദിയാനിലെ വാർഷിക സമ്മേളനത്തിനു വേണ്ടി സംപ്രേക്ഷണം ചെയ്യുകയായിരുന്നു. ലോകമെങ്ങുമുള്ള അഹ്മദിയ്യാ സഹോദരന്മാർക്കുവേണ്ടി പ്രഭാഷണം പത്തുലോകഭാഷകളിൽ തൽസമയ തർജ്ജമയും ഉണ്ടായിരുന്നു.

സമ്മേളനത്തിൽ ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുമായി അമ്പതിനായിരത്തോളം പേർ പങ്കെടുത്തു. 26-ാം തീയതി രാവിലെ പത്തുമണിക്ക് മഹ്ദി മസീഹിന്റെ പൗത്രൻ ഹസ്റത്ത് സാഹിബ് സാദാ മിർസാ വസിം അഹ്മദ് (അഹ്മദിയ്യാ ജമാഅത്തിന്റെ ഭാരത മേലദ്ധ്യക്ഷൻ) ആണ് സമ്മേളനത്തിന്റെ ഉദ്ഘാടന കർമ്മം നിർവഹിച്ചത്. മൂന്നു ദിവസത്തെ സമ്മേളനത്തിൽ 6 സെഷനുകളിലായി വിവിധ വിഷയങ്ങളെ അധികരിച്ച് ഇന്ത്യയിലേയും വിദേശത്തേയും അഹ്മദി പണ്ഡിതന്മാർ പ്രഭാഷണങ്ങൾ നടത്തി. ദൈവാസ്തിക്യം, റസൂൽ തിരുമേനിയുടെ ചരിത്രം, വാഗ്ദത്ത മസീഹിന്റെ ചരിത്രം, ഖിലാഫത്ത്, ഇസ്ലാമിലെ ജിഹാദിന്റെ യാഥാർ ത്ഥ്യം, അനാചാരങ്ങളും അന്ധവിശ്വാസങ്ങളും മതാചാര്യരന്മാരോടുള്ള ആദരം, ഇസ്ലാമും ലോകസമാധാനവും എന്നീ വിഷയങ്ങളെ സംബന്ധിച്ചായിരുന്നു പ്രഭാഷണങ്ങൾ.

സ്ത്രീയുടെ സ്ഥാനത്തെ ഉയർത്തിപിടിക്കുകയും സ്ത്രീപുരുഷന്മാർക്കിടയിൽ തുല്യനീതി നടപ്പാക്കുകയും ചെയ്ത മതമാണ് ഇസ്ലാം. വിഭാഗീയതയും വിവേചനവും ഇസ്ലാമിൽ ഇല്ല. പകരം സ്ത്രീയെ അവളുടെ പ്രകൃതിക്കനുയോജ്യമായ വിധം ആദരണീയമായ സ്ഥാനവും അവകാശങ്ങളുമാണ് ഇസ്ലാം നൽകുന്നത്. ഇതിന് ഏറ്റവും വലിയ ഉദാഹരണം റസൂൽ തിരുമേനി (സ) യുടെ സ്ത്രീ സമൂഹത്തോടുള്ള പെരുമാറ്റം തന്നെയാണെന്ന് ഉദ്ഘാടന പ്രസംഗത്തിൽ ഹസ്റത്ത് മിർസാ വസീം അഹ്മദ് സാഹിബ് പറഞ്ഞു.

1891 ൽ വാഗ്ദത്ത മസീഹിന്റെ കാലത്ത് ആരംഭിച്ച ഈ സമ്മേളനത്തിന്റെ നൂറ്റിപന്ത്രണ്ടാമത് വാർഷികമാണ് ഈ വർഷം നടന്നത്. 75 പേർ പങ്കെടുത്തുകൊണ്ട് തുടങ്ങിയ ഈ സമ്മേളനം അവിഭക്ത ഭാരതത്തിൽ രണ്ടേമുക്കാൽ ലക്ഷം ആളുകൾ പങ്കെടുത്ത വൻ സമ്മേളനമായി മാറിയെങ്കിലും വിഭജനത്തിനുശേഷം വീണ്ടും അംഗസംഖ്യ കുറയുകയുണ്ടായി. ഈ വർഷത്തെ സമ്മേളനത്തിൽ അമ്പതിനായിരത്തോളം പേർ പങ്കെടുത്തു. വിഭജനത്തിനുശേഷം ഏറ്റവും കൂടുതൽ ആളുകൾ പങ്കെടുത്ത സമ്മേളനമായിരുന്നു ഇത്. സമ്മേളനത്തിൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്ന് അഹ്മദികൾ പങ്കെടുത്തു. സൗദി അറേബ്യ, പാക്കിസ്ഥാൻ, യു. എ. ഇ., ബ്രിട്ടൻ, അമേരിക്ക, കാനഡ, ശ്രീലങ്ക, സിംഗപ്പൂർ, മലേഷ്യ, ബംഗ്ലാദേശ്, നേപ്പാൾ, തിബത്ത്, ഗ്രീസ്, സ്പെയിൻ, ബ്രിട്ടീഷ് ഗയാന, ഘാന, ഫിജി, ഹോളണ്ട്, താൻസാനിയ, മൗറീഷ്യസ്, കൊറിയ, ബൾഗേറിയ തുടങ്ങി വിവിധ രാജ്യങ്ങളിൽ നിന്ന് പ്രതിനിധികൾ എത്തിയിരുന്നു. ഇന്തോ പാക്കിസ്ഥാൻ ബന്ധങ്ങളിൽ ഉണ്ടായ സൗഹൃദത്തിന്റെ സൂചനയെന്നോണം പാക്കിസ്ഥാനിൽ നിന്നും ഇത്തവണ 350 പേർ സമ്മേളനത്തിൽ പങ്കെടുക്കുകയുണ്ടായി. വാഗാ അതിർത്തിയിലൂടെ റോഡുമാർഗ്ഗം വാഹനങ്ങളിലാണ് അവർ വന്നത് എന്നതും പ്രത്യേകം ശ്രദ്ധേയമാണ്. കേരളത്തിൽ നിന്ന് 723 പ്രതിനിധികൾ പങ്കെടുത്തു. മൗലവി മുഹമ്മദ് ഉമർ സാഹിബ്, മൗലവി മുഹമദ് ഇസ്മായിൽ സാഹിബ് എന്നിവർ കേരളത്തിൽ നിന്നുള്ള പ്രാസംഗികരായിരുന്നു.

### സന്ദേശങ്ങൾ

ആഗോള അഹ്മദിയ്യാ വാർഷികാ സമ്മേളനത്തിനു സർവ്വ വിധ ഭാവുകങ്ങളും അർപ്പിച്ച് കൊണ്ടും അഹ്മദിയ്യാ ജമാഅത്ത് ലോക സമാധാനത്തിനും മതസഹിഷ്ണുതക്കും വേണ്ടി ചെയ്യുന്ന ആഗോള പ്രവർത്തനങ്ങളെ പ്രകീർത്തിച്ചുകൊണ്ടും ബഹുമാനപ്പെട്ട ഇന്ത്യൻ യൂനിയൻ പ്രസിഡണ്ട് അബ്ദുൽ കലാം സാഹിബ്, ഉപ പ്രധാനമന്ത്രി ബഹു: എൽ. കെ. അദ്വാനി എന്നിവർ സമ്മേളനത്തിൽ ആശംസകളർപ്പിക്കുകയുണ്ടായി. ബഹു. കേരള മുഖ്യമന്ത്രി എ.കെ. ആന്റണി സമ്മേളനത്തിന്റെ വിജയത്തിന് സർവ്വ വിധ മംഗളങ്ങളും പുതുവത്സരാശംസകളും നേർന്നുകൊണ്ട് ആശംസകളർപ്പിച്ചു. മദ്ധ്യപ്രദേശ്, കർണ്ണാടക, ഉത്തരാഞ്ചൽ, യു. പി. എന്നീ സ്റ്റേറ്റുകളിലെ ഗവർണ്ണമാരും, മഹാരാഷ്ട്ര, ഹരിയാനാ, ഉത്തരാഞ്ചൽ, ഹിമാചൽ പ്രദേശ്, പഞ്ചാബ് മുഖ്യമന്ത്രിമാരും ഇതര കേന്ദ്ര സംസ്ഥാ ന മന്ത്രിമാരും അയച്ച ആശംസാ സന്ദേശങ്ങൾ വായിക്കപ്പെട്ടു.

ഈ സമ്മേളനം അഹ്മദിയ്യാ ജമാഅത്തിനെ സംബന്ധിച്ചേടത്തോളം ഒരു മഹാസംഭവമായിരുന്നു. കേൾപ്പോരും കേൾവിയുമില്ലാതിരുന്ന ഖാദിയാൻ കുഗ്രാമത്തെക്കുറിച്ച് ഹസ്റത്ത് അഹ്മദ് (അ) തന്റെ ഒരു കവിതാ ശകലത്തിൽ പറയുന്നു. ' ഞാൻ വളരെ സാധുവും നിരാംലബനും പേരും കീർത്തിയും മില്ലാത്തവനും ആയിരുന്നു. ഖാദിയാൻ എന്ന സ്ഥലം എവിടെയാണെന്നു കൂടി ആരുമറിഞ്ഞിരുന്നില്ല. എന്നാൽ ഇന്നു ഖാദിയാൻ മതലോകത്ത് ലോകത്തിന്റെ നാനാകോണുകളിലും പ്രസിദ്ധിയാ ർജ്ജിച്ച ഒരു പുണ്യ സ്ഥലമായി മാറിയിരിക്കുന്നു. ലോകത്തിന്റെ വിവിധ നാടുകളിൽ നിന്നും വന്ന കറുത്തവരും വെളുത്തവരും ആയ അഹ്മദി സഹോദരന്മാർ അന്യോന്യം ആലിംഗനം ചെയ്തു തങ്ങളുടെ ആത്മാർത്ഥമായ ആത്മീയബന്ധത്തെ പ്രകടിപ്പിക്കുന്ന ദൃശ്യങ്ങൾ കണ്ണിനും ഹൃദയത്തിനും ആത്മീയാനന്ദം പകരുന്നവയായിരുന്നു. ഖാദിയാനിലെ ഹിന്ദു സിക്ക് നിവാസികൾ അഹ്മദികളുടെ സന്തോഷ പ്രകടനങ്ങളിൽ പരിപൂർണ്ണമായും പങ്കുചേർന്നുകൊണ്ട് അലങ്കരിച്ചിരുന്നു. ഹിന്ദുസി ക്കു ബസാറുകളും അവരുടെ തെരുവുകളും ദീപങ്ങൾ കൊണ്ട് അലങ്കരിച്ചിരുന്നു.

ആത്മീയവും ഭൗതികവുമായ പ്രകാശ പ്രഭയാൽ ഹർഷോന്മാദത്തിൽ നിറഞ്ഞു നിന്ന ഖാദിയാനിലെ മൂന്നു ദിനരാത്രങ്ങൾ ആത്മീയമായ നവോന്മേഷം പകർന്നുകൊണ്ട് അവസാനിക്കുകയുണ്ടായി. **എം. യു.** ■

# അഹ്മദിയ്യാ സംസ്ഥാന സമ്മേളനം വമ്പിച്ച വിജയമാക്കുക – അമീർ സാഹിബ്

**കോഴിക്കോട്:** ഫെബ്രുവരി 7,8 തീയതികളിൽ മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണയിൽ വെച്ച് (ഇമാം മഹ്ദി നഗർ) നടക്കുന്ന അഹ്മദിയ്യാ മുസ്‌ലിം സംസ്ഥാന സമ്മേളനം വമ്പിച്ച വിജയമാക്കിമാറ്റാൻ എല്ലാ അഹ്മദീ സഹോദരന്മാരോടും അമീർ എ. പി. കുഞ്ഞാമു സാഹിബ് ഒരു പ്രസ്താവനയിൽ അഭ്യർത്ഥിച്ചു. സമ്മേളനം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഭാരത മേലധ്യക്ഷനും വാഗ്ദത്ത മസീഹിന്റെ പൗത്രനുമായ ഹസ്റത്ത് മിർസാ വസിം അഹ്മദ് സാഹിബ് ഉദ്ഘാടനം ചെയ്യും.

ഇസ്‌ലാമിന്റെ യഥാർത്ഥ സത്യം അറിഞ്ഞ മുസ്‌ലിംകൾ അഹ്മദിയ്യാ ജമാഅത്തിലേക്ക് കേരളത്തിലും കൂട്ടമായി വന്നുകൊണ്ടിരിക്കുകയാണെന്നും, ഉലമാക്കന്മാരുടെ കള്ള പ്രചാരണങ്ങളുടേയും തെറ്റിദ്ധരിപ്പിക്കലിന്റേയും ഭയപ്പെടുത്തലിന്റേയും കാലം കഴിഞ്ഞുവെന്നും അമീർ സാഹിബ് പറഞ്ഞു.

ചരിത്രത്തിലിന്നേവരെ ഉണ്ടായിട്ടില്ലാത്ത വിധത്തിൽ അധ:പതനത്തിൽ പെട്ടുപോയ മുസ്‌ലിം സമുദായത്തെ ദുരിതങ്ങളും ദുരന്തങ്ങളും വേട്ടയാടുകയാണ്. മുസ്‌ലിംകളുടെ ആത്മീയവും സാമൂഹ്യവുമായ രക്ഷക്ക് വേണ്ടി റസൂൽ തിരുമേനി (സ) വാഗ്ദാനം ചെയ്ത ഇമാം മഹ്ദിയെ ഈ കാലഘട്ടത്തിലെങ്കിലും മുസ്‌ലിംകൾ തിരിച്ചറിയണമെന്ന് അമീർ സാഹിബ് അഭ്യർത്ഥിച്ചു. അഹ്മദിയ്യാ ജമാഅത്തിനോട് അന്ധമായ വിരോധവും തെറ്റിദ്ധാരണയും പുലർത്തി അകന്നു നിൽക്കുന്ന അനഹ്മദി മുസ്‌ലിം സഹോദരന്മാർ അടുത്തു വന്ന് ജമാഅത്തിന്റെ വാദമുഖങ്ങൾ മനസ്സിലാക്കാനുള്ള സന്ദർഭമാണ് സംസ്ഥാന സമ്മേളനം. അതിന്നായി എല്ലാ സഹോദരന്മാരെയും സമ്മേളനത്തിലേക്ക് ഹാർദ്ദമായി സ്വാഗതം ചെയ്യുന്നുവെന്ന് അമീർ പ്രസ്താവിച്ചു.

സമ്മേളനത്തിൽ പങ്കെടുക്കാൻ കേരളത്തിലെത്തുന്ന ഹസ്റത്ത് മിർസാ വസിം അഹ്മദ് സാഹിബ് പഴങ്ങാടിയിലെ മസ്ജിദ് ത്വാഹിർ ഉദ്ഘാടനം ചെയ്യുന്നതാണ്. കൂടാതെ കാക്കനാട്, മട്ടന്നൂർ, മർക്കര എന്നിവിടങ്ങളിൽ നിർമ്മിച്ച പള്ളികളുടെയും ഉദ്ഘാടനം ഹസ് റത്ത് സാഹിബ് നിർവ്വഹിക്കും. എറണാകുളത്ത് നിർമ്മിക്കുന്ന പള്ളിയുടെ തറക്കല്ലിടൽ കർമ്മവും തുടർന്ന് അദ്ദേഹം നടത്തുന്നതാണ്.

രണ്ട് ദിവസങ്ങളിൽ നടക്കുന്ന സംസ്ഥാന സമ്മേളനത്തിൽ ഉദ്ഘാടന സമ്മേളനത്തിനുശേഷം മതമൈത്രി സമ്മേളനം, മത-വൈജ്ഞാനിക സമ്മേളനം, പൊതുസമ്മേളനം എന്നീ വിഭാഗങ്ങളിലായി അഹ്മദീ പണ്ഡിതന്മാർ വിവിധ വിഷയങ്ങളെക്കുറിച്ച് സംസാരിക്കുമെന്നും പ്രസ്താവനയിൽ അറിയിച്ചു. ■

## സമ്മാനം ലഭിച്ചു

**കോഴിക്കോട്:** കോഴിക്കോട് കോർപ്പറേഷൻ നടത്തിയ കേരളോത്സവത്തിൽ മലയാള ഗാനാലാപനത്തിന് ഒന്നാം സ്ഥാനവും ഉറുദു ഗാനാലാപത്തിന് മൂന്നാം സ്ഥാനവും കോഴിക്കോട്



ജമാഅത്ത് അംഗം ജനാബ് ശാഹിദ് അഹ്മദ് സാഹിബിന് ലഭിച്ചു. അഹ്മദിയ്യാ ഗാനങ്ങളായിരുന്നു ആലപിച്ചത്. മജ്‌ലിസ് ഖുദാമുൽ അഹ്മദിയ്യാ സംസ്ഥാന ഇജ്തിമയോടനുബന്ധിച്ച് നടത്തിയ കലോത്സവത്തിൽ വ്യക്തിഗത ചാമ്പ്യനായ ശാഹിദ് സാഹിബ് മർഹും മൗലാനാ അബ്ദുള്ള സാഹിബ് എച്ച്. എ (റ) യുടെ പൗത്രനും കോഴിക്കോട് ജമാഅത്തംഗം അബ്ദുൽ കരീം സാഹിബിന്റെ പുത്രനുമാണ്. ■

(39 -ാം പേജിൽ നിന്ന് തുടർച്ച)

അതിന്റെ ആവർത്തനം കൂടിവരുമെന്നും പ്രവചനമുണ്ട്. മനുഷ്യന്റെ നിസ്സഹായതയും ഭൗമിക ജീവിതത്തിന്റെ ക്ഷണഭംഗുരതയും മറ്റെന്തിനേക്കാളും ഓർമ്മിപ്പിക്കുന്ന ഭൂകമ്പങ്ങൾ ദൈവം അവസാനകാലത്ത് അയക്കുന്ന ഒരു ദിവ്യാത്മാവിന്റെ അടയാളങ്ങളായി പറയപ്പെട്ടിട്ടുണ്ട്. നിരന്തരമായി ഉണ്ടാവുന്ന ഇത്തരം ഭൂകമ്പങ്ങൾ ആ മഹനീയ സത്യത്തെപ്പറ്റി നമ്മെ കുലുക്കി ഉണർത്തുക കൂടിയാണ് ചെയ്യുന്നത്. ■